**JEEVA MOZHIKAL** RNI/KERBIL/-2003/21404
**February 2009** www.jeevamozhikal.org
Regn No: KL/KTM/608/2009-11
WPP No: KL/CR/KTM/WPP-42/2009-11
Licensed to post without Prepayment

# ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ

"സ്വർഗ്ഗത്തിനു സൗഖ്യമാക്കുവാൻ
കഴിയാത്ത ഒരു വേദനയും ഭൂമിക്കില്ല"

പ്രശസ്ത ഐറീഷ് കവി 'തോമസ് മൂർ' തന്റെ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ എഴുതിയ വരികൾ.

തോമസ് മൂറിന്റെ മൂത്തമകൾ പെട്ടെന്ന് മരിച്ചു. ഏറെ താമസിയാതെ രണ്ടാമത്തെ മകളും രോഗശയ്യയിലായി. കവിയെ കണ്ണീരിലാഴ്ത്തിക്കൊണ്ട് ചില ദിവസങ്ങൾക്കു ശേഷം അവളും അന്ത്യശ്വാസം വലിച്ചു. തോമസ്മൂർ പൊട്ടിക്കരഞ്ഞു 'ബസ്സി ഇതെനിക്കു സഹിക്കാൻ കഴിയുന്നില്ല" എന്നു പറഞ്ഞ് അദ്ദേഹം ഭാര്യയുടെ തോളിലേക്ക് തല ചായിച്ചു.

പക്ഷേ അദ്ദേഹത്തിന്റെ ഉരുകുന്ന ഹൃദയം ദൈവത്തിലേക്കു തിരിഞ്ഞപ്പോൾ 'സകല ബുദ്ധിയേയും കവിയുന്ന ദിവ്യസമാധാന'ത്തിന്റെ കവിഞ്ഞൊഴുക്ക് അനുഭവപ്പെട്ടു. മനോഹരമായ ഒരു കവിത ദുഃഖിക്കുന്ന ആ ഹൃദയത്തിൽ നിന്നു പുറത്തു വന്നു. പിന്നീട് അനേക ഹൃദയങ്ങൾക്ക് ആശ്വാസം പകർന്നിട്ടുള്ള ആ കവിതയിലെ വരികൾ ഇങ്ങനെയാണ്:

"ആശ്വാസമില്ലാത്തവരേ, നിങ്ങളുടെ മനസ്സു വേദനപ്പെട്ടു വെന്തു നീറുന്ന ഏതു സാഹചര്യമായാലും വരിക. കൃപയുടെ ഇരിപ്പിടത്തിനു മുമ്പിൽ ഭക്തിപൂർവം മുട്ടു കുത്തുക. വ്യണിതമായ നിങ്ങളുടെ ഹൃദയം തിരുമുമ്പിൽ സമർപ്പിക്കുക. നിങ്ങളുടെ ദുഃഖങ്ങൾ തിരുമുമ്പിൽ പറയുക. ദൈവത്തിനു തീർക്കാൻ കഴിയാത്ത ഒരു ദുഃഖവും ലോകത്തിനില്ല."

*'ദുഃഖിതർ അനുഗൃഹീതർ; എന്തുകൊണ്ടെന്നാൽ അവർ ദുഃഖിതരെ ആശ്വസിപ്പിക്കും'*

## ജീവമൊഴി റീഡേഴ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ അർദ്ധദിന സമ്മേളനം

| | | |
|---|---|---|
| സ്ഥലം | : | **Y.M.C.A** ഹാൾ, കൊല്ലം ടൗൺ |
| സമയം | : | ഫെബ്രുവരി 23 തിങ്കൾ<br>രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ. |
| ചിന്താവിഷയം | : | 'ക്രിസ്തീയജീവിതത്തിൽ ഒരു ചുവടു മുന്നോട്ട്' |

**ജീവമൊഴി വായനക്കാരും വരിക്കാരും സത്യാന്വേഷികളുമായ ഏവർക്കും സ്വാഗതം.**

ക്രിസ്തീയ ജീവിതത്തിൽ പുതിയൊരു ചുവടുവയ്പിനു നിങ്ങൾ ആഗ്രഹിക്കുന്നുവോ? പ്രാർത്ഥനാപൂർവം നിങ്ങളുടെ സ്നേഹിതരേയും കൂട്ടിവരിക, ഈ സമ്മേളനം നിങ്ങൾക്കു വേണ്ടിയുള്ളതാണ്

Printed, Published and owned by T. IPe. Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam, Tel: 2569847. Editor-Geoji. T. Samuel.

# ജീവമൊഴികൾ

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

വാല്യം 7 – ലക്കം 2 ഫെബ്രുവരി 2009 Rs. 7.00



**'ഞങ്ങളുടെ കണ്ണുകൾ ദൈവത്തിലേക്ക്'**
–സാക് പുന്നൻ

**സമൃദ്ധിയുടെ സുവിശേഷം: ഒരു വിയോജനക്കുറിപ്പ്**
–ജോൺ പൈപ്പർ

**അപവാദിയെ ജയിക്കുക**
–ജെസിപെൻ ലൂയിസ്

**കുരിശും കഠാരയും**
–ഡേവിഡ് വിൽക്കേഴ്സൺ

# ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ
നിന്റെ പക്കലുണ്ടല്ലോ *(യോഹ 6: 68)*

വാല്യം 7 ഫെബ്രുവരി 2009 ലക്കം 2


## എഡിറ്റോറിയൽ ബോർഡ്

**ജോജി ടി. സാമുവൽ** (കോട്ടയം)
**ജോസ് മാത്യു** (തിരുവനന്തപുരം)
**മാത്യു ജോർജ്** (തിരുവല്ല)
**ബോബി ചെറിയാൻ** (റാന്നി)
**സാജു ജോസഫ്** (ആലപ്പുഴ)

**മാനേജർ**

**ജേക്കബ് മാത്യു** (കായംകുളം)
ഫോൺ: 0479-2472643 (Res.)


**'മാസിക കിട്ടിയില്ല' തുടങ്ങിയ സർക്കുലേഷൻ സംബന്ധമായ പരാതികൾക്കു താഴെ ചേർക്കുന്ന നമ്പറുകളിൽ ഏതുസമയത്തും ബന്ധപ്പെടാവുന്നതാണ്:**
0469-2606720, 9847397369 (**mobile**)

## വാർഷികവരിസംഖ്യ

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി. അയയ്ക്കേണ്ട വിലാസം :


**ജീവമൊഴികൾ**
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള-686 016, ഫോൺ: 0481-2392753,
e-mail : jeevamozhikal@gmail.com
www.jeevamozhikal.org


**മൂന്നുവർഷം വരെയുള്ള വരിസംഖ്യ ഒന്നിച്ചടയ്ക്കാവുന്നതാണ്.**


## വിദേശപ്രതിനിധികൾ

**യു. എസ്. എ**
ബിനോയി ജയിംസ്
ഫോൺ : 512990-2808 (R)
512826-5028 (O)
E-mail: benoyjames@hotmail.com

**ദുബായ്**
ഫ്രാൻസിസ് ജോൺ (റജി)
E-mail: **francis.reji@gmail.com**


# മൊഴി മുത്ത്



## ഒരടി മാത്രം

കരുണാർദ്രമായ പ്രകാശമേ,
എന്നെ വലയം ചെയ്യുന്ന
ഇരുട്ടിലൂടെ എന്നെ നയിക്കേണമേ
രാത്രി ഇരുൾ നിറഞ്ഞതാണ്
ഞാനാകട്ടെ ഭവനത്തിൽ
നിന്നകലെയും എന്നെ നയിച്ചാലും
എന്റെ പാദങ്ങളെ
കാത്തുകൊള്ളേണമേ
അവിടുത്തെ ദിവ്യപരിപാലനത്തിന്റെ കരങ്ങൾ എന്നെ കാക്കുമാറാകേണമേ
മുൻപിലുള്ള ദൃശ്യം മുഴുവൻ
കാണിക്കണമെന്നു ഞാനപേക്ഷിക്കുന്നില്ല
-ഒരടി മാത്രം.

-ജോൺ ഹെൻട്രി ന്യൂമാൻ

# The Wonders of the Human Body-II

*"I will praise you, for I am fearfully and wonderfully made. Marvelous are your works. And that my soul knows very well"*
(Psalms. 139:14)


## HEARING

It is nothing short astounding how the inner ear receives words in the form of sound waves, converts them to nerve impulses, and transmit those impulses to brain. The auditory cortex processes the information and sends it to the brain's left hemisphere, which is the language department. Yet people seldom appreciate their hearing until they lose it.

Think of the marvelous filtering mechanism that allows a mother to sleep through her husband's raucous snoring, yet awakens her in a flash when she hears her baby cry in another room! One night a new father awoke to answer the phone. Getting out of bed, he tripped on a toy and crashed to the floor. His wife slept soundly. As he lay there, there was a slight cough from the baby's room. The mother awoke instantly and raced to the baby. On returning she saw her husband on the floor and asked , "what on earth are you doing down there?"

Ears are also required to maintain equilibrium. When the inner ear is out of sorts, the world around us spins dizzily. They call it *vertigo*

## യെഹൂദയിലെ സിംഹം




*നിന്നോട് എതിർക്കുന്ന ശത്രുക്കളെ യഹോവ നിന്റെ മുമ്പിൽ തോല്ക്കുവാൻ ഇടയാക്കും. അവർ ഒരു വഴിയായി നിന്റെ നേരേ വരും;ഏഴുവഴിയായി നിന്റെ മുമ്പിൽ നിന്ന് ഓടിപ്പോകും.* (ആവർത്തനം 28:7)

**എഡിറ്റോറിയൽ**

# ദൈവത്തിന്റെ കണ്ണുകൾ



*"യഹോവയുടെ കണ്ണ് തങ്കൽ ഏകാഗ്രചിത്തരായിരിക്കുന്നവർക്കു വേണ്ടി തന്നെത്താൻ ബലവാനെന്നു് കാണിക്കേണ്ടതിന് ഭൂമിയിലെല്ലാടവും ഊടാടിക്കൊണ്ടിരിക്കുന്നു"(2 ദിന.16:9)*

'കാടു കണ്ടു എന്നാൽ മരം കണ്ടില്ല' എന്ന് പറയാറുണ്ട്. എന്താണർത്ഥം?

മരങ്ങളുടെ കൂട്ടമാണ് കാട്. എന്നാൽ കാട് കണ്ടു പോകുന്ന പലരും ആ കാട്ടിലുള്ള മരങ്ങൾ പത്യേകം ശ്രദ്ധിച്ചെന്നു വരികയില്ല. അങ്ങനെയുള്ളവരോട് 'കാടു കണ്ടോ?' എന്നു ചോദിച്ചാൽ 'കണ്ടു'; എന്നാൽ 'മരം കണ്ടോ?' എന്നു ചോദിച്ചാൽ സംശയമായി. അങ്ങനെ ഒരു മരവും ശ്രദ്ധിച്ചില്ലല്ലോ; മനസ്സിൽ പതിഞ്ഞില്ലല്ലോ. ഇല്ല അവർ മരം കണ്ടില്ല.

എന്നാൽ മരം കാണാതെ കാടു കണ്ടു പോകുന്ന മനുഷ്യരെപ്പോലെയല്ല ദൈവം. അവിടന്ന് ലോകത്തെ മുഴുവനായി കാണുമ്പോൾ തന്നെ അതിൽ ചിലത് പ്രത്യേകമായി കാണുന്നവനാണ്

അവ എന്താണ്? മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വചനം അനുസരിച്ച്, തന്നിൽ ഏകാഗ്രചിത്തരായിരിക്കുന്നവരെയാണ് അവിടുന്നു പ്രത്യേകമായി കാണുന്നതെന്നു നാം പറയും.എന്നാൽ അതു ശരിയാണോ? ആ വചനം ഒന്നുകൂടി വായിച്ചു നോക്കൂ. ദൈവത്തിന്റെ കണ്ണ് ഏകാഗ്രചിത്തന്മാരെ കാണേണ്ടതി നല്ല ഭൂമിയിലെല്ലാടവും ഊടാടിക്കൊണ്ടിരിക്കുന്നത്. ഏകാഗ്രചിത്തന്മാരെ നേരത്തെ തന്നെ അവിടുത്തേക്കറിയാം (തനിക്കുള്ളവരെ താൻ അറിയുന്നു എന്ന വചനം ശ്രദ്ധിക്കുക 2തിമൊ.2:19)

എന്നാൽ ഏകാഗ്രചിത്തന്മാരായിരിക്കുന്നവർക്കു വേണ്ടി താൻ ബലവാനെന്നു കാണിക്കുന്നതിനായാണ് അവിടുത്തെ കണ്ണ് ഭൂമിയിലെല്ലാടവും സഞ്ചരിക്കുന്നത്! ആ കണ്ണുകളുടെ സഞ്ചാരം ദൈവഭക്തനെ സംബന്ധിച്ചിടത്തോളം എപ്പോഴും സന്തോഷപ്രദമാണ് (സങ്കീ.32:8). അത് മരണത്തിൽ നിന്ന് രക്ഷിക്കുന്നു (സങ്കീ.33:18,19), പരിപാലിക്കുന്നു (ആവ.11:11,12). ഭക്തന്റെ പ്രവൃത്തി കണ്ട് സന്തോഷിക്കുന്നു(സെഖ.4:10)......ചുരുക്കത്തിൽ ദൈവത്തിന്റെ ദൃഷ്ടികൾക്കു കീഴിൽ ആയിരിക്കുവാൻ കഴിയുന്നത് എത്ര ഭാഗ്യകരം! (സാത്താന്റെ ദൃഷ്ടികൾ ഒരുവന്റെ മേൽ പതിച്ചാലുള്ള അനുഭവവുമായി-ഇയ്യോ.1:8- താരതമ്യം ചെയ്യുമ്പോഴാണ് ദൈവദൃഷ്ടികളുടെ സാന്ത്വനസ്വഭാവം നമുക്ക് കൂടുതൽ വ്യക്തമാകുക)

ഈ നിലയിലെല്ലാമുള്ള ദൈവത്തിന്റെ കണ്ണുകൾ താൻ ബലവാനെന്നു കാണിക്കാനുള്ള നിരന്തരമായ അന്വേഷണത്തിലാണ്!. ആർക്കുവേണ്ടിയാണ് അവിടുന്ന് ബലവാനെന്നു കാണിക്കാൻ ബദ്ധപ്പെടുന്നത്? തന്നിൽതന്നെ ഏകാഗ്രഹൃദയത്തോടെ ആശ്രയിക്കുന്നവർക്ക്, മുഴുഹൃദയവും ദൈവത്തിനായി അർപ്പിച്ചവർക്ക്. അചഞ്ചലമായ വിശ്വാസത്തോടെ വിശ്വസ്തരായി നിൽക്കുന്നവർക്ക്. ദൈവത്തിനായി നല്ലൊരു തുടക്കം കുറിക്കാൻ കഴിയുന്നത് ഒരു കാര്യം. മരണപര്യന്തം വിശ്വസ്തരായി നിൽക്കാൻ കഴിയുന്നത് മറ്റൊരു കാര്യം. മഹായുദ്ധങ്ങളുടെയും രക്തച്ചൊരിച്ചിലുകളുടെയും പടയോട്ടങ്ങളുടെയും ചരിത്രം പറയുന്ന രാജാക്കന്മാർ, ദിനവൃത്താന്തം എന്നീ പഴയനിയമഗ്രന്ഥങ്ങളിൽ നിന്ന് ഇതിന് ഒട്ടേറെ സജീവ ഉദാഹരണങ്ങൾ നമുക്ക് കണ്ടെടുക്കുവാൻ കഴിയും. അവിടെ പരാമർശിച്ചിരിക്കുന്ന ഒരു രാജാവിന്റെ-ആസാ എന്നാണദ്ദേഹത്തിന്റെ പേര്- ജീവിതത്തിലെ നിർണ്ണായകമായ ഒരു നിമിഷത്തിൽ ദൈവം തന്റെ പ്രവാചകനിലൂടെ അദ്ദേഹത്തിനു നൽകുന്ന ഉദ്ബോധനമാണ് ഏകാഗ്രചിത്തതെക്കുറിച്ചുള്ളത്.(2ദിന.16:9)

നല്ല ഒരു തുടക്കമായിരുന്നു ആസായുടേത്. യഹൂദാരാജാവായി ആസാ അധികാരമേറ്റു എന്നു പറഞ്ഞ ശേഷം, ദൈവവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിങ്ങനെ: "ആസാ ദൈവമായ കർത്താവിന്റെ ദൃഷ്ടിയിൽ നീതിയും നന്മയും പ്രവർത്തിച്ചു. അവൻ അന്യദേവന്മാരുടെ ബലിപീഠങ്ങളും പൂജാഗിരികളും നീക്കം ചെയ്തു.സ്തംഭങ്ങൾ ഇടിച്ചു തകർത്തു. അശേരാപ്രതിഷ്ഠകൾ വെട്ടി വീഴ്ത്തി. യൂദാനിവാസികളോട് തങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവിനെ അന്വേഷിക്കുവാനും അവിടുത്തെ നിയമങ്ങളും പ്രമാണങ്ങളും അനുസരിക്കുവാനും കല്പിച്ചു"(2ദിന.14:1,2,3).

ദൈവികനിയമങ്ങളും പ്രമാണങ്ങളും അനുസരിക്കുവാൻ മറ്റുള്ളവരോടു കല്പിക്കുക മാത്രമല്ല സ്വന്തജീവിതത്തിലും ഒരു നിലപാടെടുത്തവനായിരുന്നു അദ്ദേഹം. "ആസാരാജാവു തന്റെ അമ്മയായ മയഖയേയും അവൾ അശേരയ്ക്ക് ഒരു മ്ളേച്ഛവിഗ്രഹം ഉണ്ടാക്കിയിരുന്നതു കൊണ്ട് രാജ്ഞിസ്ഥാനത്തു നിന്നു നീക്കിക്കളഞ്ഞു. അവളുടെ മ്ളേച്ഛവിഗ്രഹം ആസാ വെട്ടിത്തകർത്തു കിദ്രോൻ തോട്ടിങ്കൽ വെച്ചു ചുട്ടുകളഞ്ഞു."(15:16) എത്ര മൗലികമായ നിലപാട്!

പിന്നെയും പല നല്ല കാര്യങ്ങൾ ആസായെക്കുറിച്ചു പറയാനുണ്ടായിരുന്നു. എത്യോപ്യനായ സേരാ, പത്തു ലക്ഷം പടയാളികളും മുന്നൂറു രഥങ്ങളുമായി ആക്രമിക്കാൻ വന്നപ്പോൾ സ്വന്ത ശക്തിയിൽ ആശ്രയിക്കാതെ ദൈവത്തിൽ ശരണപ്പെട്ടത് (14:9-11), ദൈവം എപ്പോഴും ബലഹീനന്റെ പക്ഷത്താണെന്ന ദൈവികസ്വഭാവം അറിഞ്ഞുള്ള അവന്റെ ആ സന്ദർഭത്തിലെ പ്രാർത്ഥന (14:11), ദൈവഭൃത്യന്മാരെ ആദരിക്കുന്ന മനോഭാവം (15:1,8), ദൈവാരാധനയ്ക്കു നൽകുന്ന നേതൃത്വം(15:9,8), പൂർണ്ണഹൃദയത്തിനു നൽകുന്ന ഊന്നൽ (15:12-15) ....എന്നിങ്ങനെ എത്രയെത്ര പ്രശംസനീയമായ കാര്യങ്ങൾ!

എന്നാൽ നാളുകൾ കഴിഞ്ഞപ്പോൾ ഈ നിലപാടിൽ തുടരാൻ ആസായ്ക്കു കഴിയാതെ പോയതാണ് തുടർന്നു നാം കാണുന്നത്. യിസ്രായേൽ രാജാവിന്റെ ആക്രമണമുണ്ടായപ്പോൾ അവനു പഴയതു പോലെ ദൈവത്തിങ്കലേക്കു നോക്കുവാൻ കഴിഞ്ഞില്ല. പഴയ കാര്യങ്ങൾ മറന്ന്(16:8) അവൻ മനുഷ്യനിലാശ്രയിക്കുന്നു (16:1,2). പ്രവാചകൻ തെറ്റു ചൂണ്ടിക്കാട്ടിയപ്പോൾ അനുതപിക്കുന്നതിനു പകരം ദീർഘദർശിയെ കാരാഗൃഹത്തിലടയ്ക്കുന്നു (16:10) ഒടുവിൽ ഹൃദയം കഠിനപ്പെട്ട് ദൈവത്തിൽ ആശ്രയിക്കാതെ അവൻ പിന്മാറ്റത്തിൽ തുടർന്നുകൊണ്ട് ദയനീയമായ അന്ത്യത്തിലേക്ക് കൂപ്പു കുത്തുകയാണ്. (16:11-13) എത്ര പരിതാപകരം!

ആസായുടെ ജീവിതം നമുക്ക് തരുന്ന മുന്നറിയിപ്പും താക്കീതും ഒട്ടേറെയാണ്: കഴിഞ്ഞകാലത്തെ ദൈവമുൻപാകെയുള്ള വിശ്വസ്തതയുടെ ചെലവിൽ ഭാവിജീവിതം കെട്ടിപ്പടുക്കാമെന്നു കരുതരുത്. ഇന്നലത്തെ ഏകാഗ്രഹൃദയം തന്നെ ഇന്നും നാളെയും ദൈവം പ്രതീക്ഷിക്കുന്നു. അങ്ങനെയുള്ളവർക്കായി തന്നെത്താൻ ബലവാനെന്ന് കാണിക്കാൻ അവിടുന്ന് ആഗ്രഹിക്കുന്നു. അതുകൊണ്ട് "പാപത്തിന്റെ ചതിയാൽ കഠിനപ്പെടാതിരിക്കേണ്ടതിന് 'ഇന്ന്' എന്നു പറയുന്നിടത്തോളം നാൾതോറും പ്രബോധിപ്പിക്കാം. ആദ്യ വിശ്വാസം അവസാനത്തോളം മുറുകെപ്പിടിക്കാം"(എബ്രാ.3:13,14).

# ‘ഞങ്ങളുടെ കണ്ണുകൾ ദൈവത്തിലേക്ക്’

സാക് പുന്നൻ



ദൈവത്തിന്റെ വചനത്തെ ഖണ്ഡിക്കുന്ന തെളിവുകളും അനുഭവങ്ങളും ഒരു മഹാ പർവ്വതമെന്നവണ്ണം നമ്മുടെ വിശ്വാസത്തിന്റെ മുമ്പിൽ തല യുയർത്തി നിൽക്കാം. ഈ സാഹചര്യത്തിൽ പർവ്വതം മാറിപ്പോയേ തീരൂ.

**ന**മുക്കു പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും, അധികാരങ്ങളോടും, ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ” (എഫെ.6:12)

ആത്മാവിൽ ഉണർന്നിരിക്കുന്ന ഒരുവന്, ദുഷ്ടാത്മാക്കളുമായുള്ള പോരാട്ടം നല്ലവണ്ണം പരിചിതമായിരിക്കും. ആത്മാവിൽ നിർജ്ജീവനായ ഒരുവനാകട്ടെ ഈ പോരാട്ടം അറിയുകയെന്നത് അസാദ്ധ്യമാണ്. രണാങ്കണത്തിൽ പട്ടുകിടക്കുന്ന യോദ്ധാക്കൾക്ക് സമാനമാണവർ. ശത്രു അവരെ അവഗണിക്കുന്നു. ജഡരക്തങ്ങളോടുള്ള പോരാട്ടത്തിൽ പിണക്കത്തിലും, കലഹത്തിലുമിരിക്കുന്നവരെയും സാത്താൻ ലക്ഷ്യമാക്കുന്നില്ല. എന്നാൽ ദൈവത്തിനായി എരിവുള്ളവരും ‘അവങ്കൽ ഏകാഗ്രചിത്തരുമായ’ യോദ്ധാക്കൾക്കു നേരേയാണ്, ശത്രു ദൃഷ്ടി വച്ചിരിക്കുന്നത്. അവർ മാത്രമേ സാത്താനു ഭീഷണി ആയിരിക്കുന്നുള്ളു.

സാത്താനെതിരെയുള്ള ഈ യുദ്ധത്തിന്റെ ഒരു ചിത്രം നമുക്ക് രണ്ടു ദിനവൃത്താന്തത്തിന്റെ ഇരുപതാം അദ്ധ്യായത്തിൽ കാണാം. യഹോശാഫാത്ത് രാജാവിനു നേരെ വന്ന ബഹുപുരുഷാ

രത്തെപ്പറ്റി നാം അവിടെ വായിക്കുന്നു. ശത്രുക്കളാൽ വലയം ചെയ്യപ്പെട്ടപ്പോൾ, എത്രയും യുക്തമായത് അവൻ ചെയ്തു. പ്രാർത്ഥനയോടും ഉപവാസത്തോടും, ദൈവത്തെ അന്വേഷിക്കേണ്ടതിനായി യഹൂദാഗൃഹത്തെയൊക്കെയും അവൻ കൂട്ടിവരുത്തി, അവൻ ഇവ്വണ്ണം പ്രാർത്ഥിച്ചു. "ഞങ്ങളുടെ ദൈവമേ, നീ അവരെ ന്യായം വിധിക്കയില്ലയോ? ഞങ്ങളുടെ നേരെ വരുന്ന ഈ വലിയ സമൂഹത്തോടെതിർപ്പാൻ ഞങ്ങൾക്കു ശക്തിയില്ല. എന്തു ചെയ്യേണ്ടു എന്നറിയുന്നതുമില്ല.. എങ്കിലും ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്ക് തിരിഞ്ഞിരിക്കുന്നു"(20:12). ഫലവത്തായ എല്ലാ പ്രാർത്ഥനയുടെയും രഹസ്യം ഇതാണ്- നമ്മുടെ ഒന്നുമില്ലായ്മയും, ഭോഷത്തവും അംഗീകരിച്ചുകൊണ്ട് ദൈവം തന്നെ നമ്മുടെ യുദ്ധങ്ങളെ ചെയ്യേണ്ടതിന് അവനെ മുറ്റും ആശ്രയിക്ക എന്നതു തന്നെ.

**അശക്തരായ ദൈവത്തിന്റെ വൃതന്മാർ :**

യേശു തന്റെ വൃതന്മാരെ ചിത്രീകരിച്ചത്, അതിശക്തനായ ഒരു ശത്രുവിനോടു പോരാടേണ്ടതായ, ദരിദ്രയും നിസ്സഹായയുമായ ഒരു വിധവയോടാണ് (ലൂക്കോ.18:1-7). നമ്മുടെ ശക്തിയില്ലായ്മയെ ഇവ്വണ്ണം നാമും അംഗീകരിക്കുമ്പോൾ മാത്രമേ കർത്താവിൽത്തന്നെ നമ്മുടെ ആശ്രയം ഉറപ്പിക്കുവാൻ നമുക്ക് കഴിയുകയുള്ളു. അപ്പോൾ മാത്രമേ നമുക്ക് വിശ്വസിക്കാനും കഴിയുകയുള്ളു.

ജീവിതത്തിൽ നിരന്തരം തോൽവിയടയുന്നവർ, തങ്ങളിൽതന്നെ ശക്തന്മാരായിരിക്കുന്നവരാണ്. അവർ എല്ലാവരെക്കുറിച്ചും എല്ലാറ്റിനെക്കുറിച്ചും ശക്തമായ അഭിപ്രായങ്ങളുള്ളവരാണ്. അവർ മറ്റുള്ളവരെ വിധിക്കുന്നതിൽ മുമ്പന്മാരും മൂർച്ചയുള്ള വാക്കുകൾ ഉള്ളവരും ആകുന്നു. അങ്ങനെയുള്ളവരെ ദൈവം അവരുടെ സ്വന്ത വഴിയിൽ ജീവിക്കാൻ അനുവദിക്കുന്നു. ഒരിക്കലും അവർ ജയാളികളായിത്തീരുന്നില്ല.

ചോദ്യം ചെയ്യുന്നവരും തർക്കിക്കുന്നവരും ഒരിക്കലും അശക്തരല്ല. അവർ ബലവാന്മാർ തന്നെയാണ്- അതിനാൽ ശത്രുവിന് അവരെ വേഗത്തിൽ വീഴിക്കുവാനും കഴിയുന്നു. ഏദനിൽ ഹവ്വയോട് ശത്രു ജയിച്ചത് ഈ വിധമായിരുന്നു. നിങ്ങളുടെ ഭർത്താവിനോടോ, ഭാര്യയോടോ മറ്റാരോടെങ്കിലുമോ ഒരിക്കലും വാഗ്വാദത്തിലേർപ്പെടാതിരിക്കുക.-നിങ്ങൾ ജയിക്കയില്ലെന്ന് നിശ്ചയമായും ഞാൻ പറയുന്നു. ജയിക്കുന്നത് എപ്പോഴും പിശാച് തന്നെയായിരിക്കും.

മറ്റുള്ളവരോട് പക പോക്കുന്നവരും ബലവാന്മാർ തന്നെയാണ്. അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ അവർ പ്രാപ്തിയുള്ളവരാണ്. ബലഹീനയായ വിധവയാകട്ടെ, ന്യായാധിപനോട് തന്റെ കാര്യം നിരന്തരം ഉണർത്തിച്ചുകൊണ്ടിരിക്കുന്നവളാണ്. മറ്റൊന്നും ചെയ്യാൻ അവൾ പ്രാപ്തിയില്ലാത്തവളാണ്. ബലവാന്മാർക്ക് തങ്ങളുടെ കാര്യം ഉണർത്തിച്ചുകൊണ്ടിരിക്കേണ്ട ആവശ്യം തന്നെയില്ല.

തങ്ങളുടെ ബാങ്കുനിക്ഷേപം വലുതായിരിക്കുന്നതുകൊണ്ടും, എല്ലാ മാസവും ഒന്നാം തീയതി തന്നെ കൃത്യമായി തങ്ങളുടെ ശമ്പളം നൽകാൻ പ്രാപ്തരായ തൊഴിലുടമകൾ തങ്ങൾക്കുള്ളതു കൊണ്ടും അനേകരും ബലവാന്മാരാണ്. അവരുടെ ആശ്രയം ദൈവത്തിലല്ല, മനുഷ്യരിലാണ്. അവരുടെ ആശ്രയം മനുഷ്യവിഭവശേഷിയിലാണ്. അതിനാൽ ഊഷരതയുടെയും , നിഷ്ഫലതയുടെയും ശാപം പേറുന്നവരാണവർ. 'മനുഷ്യനിലാശ്രയിച്ച് ജഡത്തെ തന്റെ ഭുജം ആക്കുന്നവൻ, ശപിക്കപ്പെട്ടവൻ. അവൻ മരുഭൂമിയിലെ ചൂരച്ചെടി പോലെയാകും'(യിര.17:5). നമ്മുടെ





എല്ലാ വിഭവശേഷിയും എല്ലാ പ്രാപ്തിയും അവസാനിക്കുന്നിടത്ത്, ദൈവം തന്റെ ബലത്തോടെ നമ്മെ സഹായിക്കാൻ വരുന്നു. ലാസർ മരിക്കുവോളവും യേശു കാത്തിരുന്നു- അവന്റെ ശക്തി മുഴുവൻ ചോർന്നു പോകുവോളവും. ഇതേവിധം തീർത്തുമൊരു നിസ്സഹായതയിലേക്ക് നാം എത്തിച്ചേരുവോളം ദൈവം ഉയരത്തിൽ നിന്നു നമുക്കായി കാത്തിരിക്കുന്നു.

'എന്തു ചെയ്യേണ്ടു എന്നറിയുന്നില്ല' യെഹോശാഫാത്ത് നിലവിളിച്ചു. ഇത് നല്ലയൊരു പ്രാർത്ഥന തന്നെയാണ്- പരിജ്ഞാനത്തിന്റെ കുറവ് ആരൊക്കെ ഏറ്റുപറയുന്നുവോ അവർക്കൊക്കെ ദൈവം അത് നൽകും എന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു.വിശ്വാസത്തോടെ ചോദിക്കണമെന്നു മാത്രം. (യാക്കോ.1: 5,6). യഹോശാഫാത്ത് ചെയ്തത് ഇതു തന്നെയാണ്. തന്റെ ബലഹീനതയും , പരിജ്ഞാനമില്ലായ്മയും കേവലം ഏറ്റുപറയുകയല്ല ചെയ്തത്; ദൈവത്തിൽ പരിപൂർണ്ണമായി എല്ലാം ഭരമേൽപിച്ചവനായിട്ടാണ് തന്റെ പ്രാർത്ഥന അവസാനിപ്പിക്കുന്നത്. ''ഞങ്ങളുടെ ദൃഷ്ടി നിന്നിൽ വച്ചിരിക്കുന്നു'', അവർ പ്രാർത്ഥിച്ചു. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ, ''ഞങ്ങൾക്കുവേണ്ടി നീ തന്നെ പ്രവർത്തിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു" -ദൈവം ചെയ്തത് കൃത്യമായും അതു തന്നെയാണ്.

**വിവിധ തരത്തിലുള്ള വിശ്വാസികൾ**

മൂന്ന് തരത്തിലുള്ള വിശ്വാസികൾ ലോകത്തിലുണ്ട് :

1) സ്വയാശ്രയക്കാരായ വിശ്വാസികൾ: വളരെ കുറച്ചുമാത്രം അല്ലെങ്കിൽ ഒട്ടും തന്നെ പ്രാർത്ഥിക്കാത്ത വിശ്വാസികളെന്ന സ്വഭാവം കൊണ്ടാണ് ഇവരെ തിരിച്ചറിയാൻ സാധിക്കുന്നത്. ഉപവസിച്ച് പ്രാർത്ഥിക്കുകയെന്നത്

ചോദ്യം ചെയ്യുന്നവരും തർക്കിക്കുന്നവരും ഒരിക്കലും അശക്തരല്ല. അവർ ബലവാന്മാർ തന്നെയാണ്- അതിനാൽ ശത്രുവിന് അവരെ വേഗത്തിൽ വീഴിക്കുവാനും കഴിയുന്നു. ഏദനിൽ ഹവ്വയോട് ശത്രു ജയിച്ചത് ഈ വിധമായിരുന്നു. നിങ്ങളുടെ ഭർത്താവിനോടോ, ഭാര്യയോടോ മറ്റാരോടെങ്കിലുമോ ഒരിക്കലും വാഗ്വാദത്തിലേർപ്പെടാതിരിക്കുക.-നിങ്ങൾ ജയിക്കയില്ലെന്ന് നിശ്ചയമായും ഞാൻ പറയുന്നു. ജയിക്കുന്നത് എപ്പോഴും പിശാച് തന്നെയായിരിക്കും.

അവർക്ക് ഒട്ടുംതന്നെ പരിചയമില്ലാത്ത കാര്യമാണ്. വളരെ വാക്കുകൾ കൊണ്ട് പ്രസ്താവിക്കുന്നില്ല എങ്കിലും, അവരുടെ പ്രാർത്ഥനാരാഹിത്യം കൊണ്ട് നൽകുന്ന സാക്ഷ്യം, ഏതു വിധ സാഹചര്യത്തേയും കൈകാര്യം ചെയ്യുവാനുള്ള മിടുക്ക് അവർക്കുണ്ട് എന്നുള്ളതാണ്. ഇങ്ങനെയുള്ള വിശ്വാസികൾക്ക് നിത്യമൂല്യമുള്ളതൊന്നും ദൈവത്തിനായി ചെയ്യുവാൻ കഴിയുകയില്ല.

2) സ്വയാശ്രയക്കാർ അല്ല എങ്കിലും ദൈവാശ്രയമില്ലാത്തവർ : തങ്ങൾ ജ്ഞാനമോ ശക്തിയോ ഇല്ലാത്തവരെന്നു സാക്ഷിക്കുന്നവരാണവർ. അതേ സമയം ദൈവം തങ്ങൾക്കായി പ്രവർത്തിക്കുമെന്ന് വിശ്വസിക്കുവാൻ കഴിയാത്തവരുമാണവർ. ഇങ്ങനെയുള്ളവരും പൊതുവെ പ്രാർത്ഥനയ്ക്ക് വിമുഖതയുള്ളവരാണ്. അഥവാ പ്രാർത്ഥിക്കുന്നവരെങ്കിൽത്തന്നെ വിശ്വാസമൊട്ടുമേയില്ലാത്തവരാണവർ. ഇങ്ങനെയുള്ളവർക്കും നിത്യമായ ഒരു പ്രവൃത്തി ദൈവത്തിനായി ചെയ്യുക സാധ്യമല്ല.

3) തങ്ങളിൽ തന്നെ ഒട്ടും ആശ്ര

യിക്കാതെ ദൈവത്തിൽ തന്നെമുഴുവൻ ആശ്രയവും വച്ചിരിക്കുന്നവർ : തങ്ങളുടെ അപര്യാപ്തതയെക്കുറിച്ച് തീർത്തും ബോധവാന്മാരായിരിക്കുകയും , എന്നാൽ അതിമഹത്തായ ഒരു പ്രവൃത്തി തങ്ങളിലും തങ്ങളിൽ കൂടിയുംദൈവത്തിനു ചെയ്യുവാൻ കഴിയുമെന്ന് വിശ്വസിച്ചുറച്ചിരിക്കുന്നവരാണവർ. ഇപ്രകാരമുള്ള വിശ്വാസികളാണ് സാക്ഷാൽ ആത്മീയർ. നിലനില്ക്കുന്ന ഒരു പ്രവൃത്തി ദൈവത്തിനായി ചെയ്യുവാൻ അവർക്ക് കഴിയും.

ഒന്നാമത്തെ കൂട്ടരെപ്പോലെ തന്നെ രണ്ടാമത്തെ കൂട്ടരും ദൈവത്തിന് പ്രയോജനമില്ലാത്തവരാണെന്ന് ഓർക്കുന്നത് നല്ലതാണ്. രണ്ടാമത്തെ കൂട്ടർ കൂടുതൽ നുറുങ്ങപ്പെട്ടവരായി തോന്നാം, എന്നാൽ അതു സത്യമല്ല -ക്രിസ്തുവിന്റെ യഥാർത്ഥ താഴ്മയും, അവിശ്വാസവും ഒത്തുചേർന്നു പോകുക അസാദ്ധ്യമാണെന്നതിനാൽ തന്നെ. നാം എത്ര തകർന്നവരായി അനുഭവപ്പെട്ടാലും, വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുക സാദ്ധ്യമല്ല. നമ്മുടെ അപര്യാപ്തത നാം അംഗീകരിക്കുന്നുവെന്നതിനാൽ നമ്മുടെ പ്രശ്നം പരിഹരിക്കപ്പെടുന്നില്ല. നാം ദൈവത്തിൽ നമ്മുടെ മുഴുആശ്രയവും വച്ചിരിക്കേണ്ടതാണ്.

നാം പ്രാപ്തിയില്ലാത്തവരും ഒന്നിനും കൊള്ളാത്തവരും, ഉപയോഗശൂന്യരും , മണ്ടന്മാരുമെന്ന് സദാ ഏറ്റു പറഞ്ഞുകൊണ്ടിരിക്കുന്നതു താഴ്മയല്ല, അവിശ്വാസമാണ്! നാം അങ്ങനെ ഏറ്റു പറഞ്ഞുകൊണ്ടിരിക്കുന്നിടത്തോളം കാലം നാം ഉപയോഗശൂന്യരായിരിക്കുകയും ചെയ്യും. വിവേചനമില്ലാത്ത ക്രിസ്ത്യാനികൾ ഇതിനെ താഴ്മയെന്നു കരുതിപ്പോരുകയും ചെയ്യും.

എന്നാൽ യേശു പറഞ്ഞത് തന്നിൽ നിന്നും താഴ്മ പഠിക്കുവാനാണ്.(മത്തായി.11:29). താൻ ഉപയോഗശൂന്യനും യാതൊന്നിനും കൊള്ളാത്തവനും എന്ന് യേശു എവിടെയാണ് സാക്ഷിച്ചിട്ടുള്ളത്?

യഥാർത്ഥ വിനയമെന്നത്, ദൈവം എല്ലാറ്റിലുമെല്ലാമായിരിക്കേണ്ടതിന് ഒരുവൻ തന്റെ ഏതുമില്ലായ്മയുടെ സ്ഥാനത്തുനിന്നും ദൈവത്തെ കണ്ടത്തിക്കൊണ്ടിരിക്കുകയെന്നതാണ്. യേശു ഒരു മനുഷ്യൻ എന്നനിലയിൽ എടുത്ത സ്ഥാനം ഇതാണ്. ഈ സ്ഥാനത്തു നിന്നു കൊണ്ട് നാമും ദൈവത്തെ അറിയുന്നതിലൂടെ അതിശക്തമായ ഒരു പ്രവൃത്തി നമ്മിലും നമ്മിൽ കൂടിയും ദൈവത്തിനു ചെയ്യുവാൻ കഴിയും. പിശാച് നമ്മുടെ കാൽക്കീഴിൽ ചതയ്ക്കപ്പെടുവാൻ ഇടയാവുകയും ചെയ്യും.

ദൈവം യഹോശാഫാത്തിന്റെ പ്രാർത്ഥനയ്ക്കു നൽകിയ മറുപടി "ഭയപ്പെടരുത്......യുദ്ധം നിങ്ങളുടേതല്ല, ദൈവത്തിന്റേതത്രെ. ഈ പടയിൽ പൊരുതുവാൻ നിങ്ങൾക്കാവശ്യമില്ല; നിങ്ങൾ സ്ഥിരമായി നിന്ന് ദൈവം നിങ്ങൾക്ക് വരുത്തുന്ന രക്ഷ കണ്ടുകൊൾവീൻ." (20:15,17)

ഇപ്രകാരമുള്ള വാക്കുകൾ ദൈവത്തിൽ നിന്നു കേൾക്കുവാൻ ആർക്കാണ് കഴിയുന്നത്? വിശ്വാസത്തോടെ പ്രാർത്ഥിക്കുകയും വിശ്വാസത്തിന്റെ വാക്കുകൾ പ്രസ്താവിക്കുകയും ചെയ്യുന്നവർക്കു തന്നെ. ദൈവത്തിന്റെ വിടുതലിന്റെ കരം അവർക്ക് തുടർമാനം ദർശിച്ചു കൊണ്ടിരിക്കാൻ കഴിയും.

കഠിനനിലം ഉഴുത് ഇളക്കിയാൽ മാത്രം പോരാ- തകർച്ചയും അനുതാപവും മാത്രം പോരാ, വിളവെടുപ്പിൽ ഒരു നല്ല വിളവ് ലഭിക്കുമാറ്, ഉഴുത നിലത്തിൽ നാം വിത്തു പാകുകയും ചെയ്യേണ്ടതാണ്- വിശ്വാസത്തിന്റെ വചനങ്ങൾ പാകേണ്ടതാണ്. വിതയ്ക്കാതെ നിലം ഉഴുതു കൊണ്ടു മാത്രമിരിക്കുന്നവർ ഒന്നും കൊയ്യുകയില്ല. ഒരിക്കലും നിലമുഴുതാതെ നാം ഇരുന്നാലും, മറിച്ച് എന്നും ഉഴുതു കൊണ്ടു മാത്രമിരു





ന്നാലും പിശാചിന്റെ ലക്ഷ്യം നിവർത്തിക്കപ്പെടും!! നമ്മുടെ കാൽക്കീഴിൽ ദൈവം പിശാചിനെ ചതച്ചു കളയും എന്നു നമുക്കേറ്റു പറയാം. കോപത്തിനും ദൂഷണത്തിനും നമ്മുടെ നാവിന്മേൽ ഇനി അധികാരമില്ല. ഇങ്ങനെയായാൽ പിശാചിന്റെ ഇടം നമ്മുടെ കാൽപ്പാദത്തിനു കീഴിലാണ്- എപ്പോഴും.

**വിശുദ്ധാലങ്കാരത്തോടെ ദൈവത്തെ സ്തുതിക്കുക.**

ദൈവത്തിന്റെ രക്ഷയുടെ വാഗ്ദാനത്തിങ്കൽ യഹോശാഫാത്ത് ദൈവത്തെ നമസ്കരിച്ചു. പിറ്റേന്നാൾ യെഹൂദായുടെ പടക്കൂട്ടത്തിനു മുമ്പിൽ, "വിശുദ്ധാലങ്കാരത്തോടെ ദൈവത്തെ സ്തുതിക്കേണ്ടതിന്", സംഗീതക്കാരെയും നിയമിച്ചു. അവർ പാടുകയും സ്തുതിക്കുകയും ചെയ്തപ്പോൾ ദൈവം അവരുടെ ശത്രുക്കളെ തോൽപിച്ചു. (20: 21,22)

ദൈവത്തിലുള്ള നമ്മുടെ വിശ്വാസത്തെ വെളിപ്പെടുത്തുന്ന സ്തുതിയുടെ ആത്മാവാണ്, ശത്രുവിനെ തോൽപിക്കുമാറാക്കുന്നത്. സ്തുതിയുടെ ആത്മാവും വിശുദ്ധിയും ഒരുമിച്ചു പോകേണ്ടതാണ്. ദുഃഖകരമെന്ന് പറയട്ടെ, ക്രിസ്തീയഗോളത്തിൽ ഇവ രണ്ടും വിഭിന്നമായാണ് പോയിക്കാണാറുള്ളത്. അശുദ്ധിയിൽ ജീവിച്ചു കൊണ്ട് വളരെ വികാരഭരിതരായി അത്യുച്ചത്തിൽ ഒരു കൂട്ടർ ദൈവത്തെ മഹത്വപ്പെടുത്തുന്നു. അന്യഭാഷകളിൽ തങ്ങളുടെ കൂടിവരവുകളിൽ ദൈവത്തെ സ്തുതിച്ച ശേഷം വീട്ടിൽ ചെന്ന് മാതൃഭാഷകളിൽ ഭാര്യമാരോട് കയർത്തു സംസാരിക്കുന്നു. ഇതു മഹാവഞ്ചനയാണ്. ഈ വികാരഭാവങ്ങളും ശബ്ദകോലാഹലങ്ങളും സ്വർഗ്ഗീയ അനുഭൂതിയായി വിവേചനമില്ലാത്തവർക്ക് അനുഭവപ്പെടാം. എന്നാൽ അന്യഭാഷകളിൽ പാടിയാലും അത്യുച്ചത്തിൽ ദൈവത്തെ മഹത്വപ്പെടുത്തിയാലും , "ജഡസ്വഭാവമുള്ളവർക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയില്ല." (റോമ.8 :8) എന്നുള്ളതു നിശ്ചയം തന്നെ. മറുവശത്ത് ദൈവഭക്തിയിൽ ജീവിക്കുവാൻ തീവ്രമായി ആഗ്രഹിക്കുകയും ദൈവത്തിന്റെ വെളിച്ചത്തിൽ തങ്ങളെത്തന്നെ വിധിച്ച് ജീവിക്കുകയും എന്നാൽ ഒരിക്കലും സ്തുതിയുടെ ആത്മാവില്ലാത്തവരുമായ മറ്റൊരു കൂട്ടരെ കാണുവാൻ കഴിയും. നാൾ തോറും അന്യോന്യം പ്രബോധിപ്പിക്കുന്നതിൽ മാത്രം വിശ്വസിക്കുന്നവരായും , അതു ചെയ്കയിൽതന്നെ മ്ളാനവദനരും ചിന്താമഗ്നരുമായി അവർ കാണപ്പെടുന്നു.

> **യഥാർത്ഥ വിനയമെന്നത്, ദൈവം എല്ലാറ്റിലുമെല്ലാമായിരിക്കേണ്ടതിന് ഒരുവൻ തന്റെ ഏതുമില്ലായ്മയുടെ സ്ഥാനത്തുനിന്നും ദൈവത്തെ കണ്ടത്തിക്കൊണ്ടിരിക്കുകയെന്നതാണ്. യേശു ഒരു മനുഷ്യൻ എന്നനിലയിൽ എടുത്ത സ്ഥാനം ഇതാണ്. ഈ സ്ഥാനത്തു നിന്നു കൊണ്ട് നാമും ദൈവത്തെ അറിയുന്നതിലൂടെ അതിശക്തമായ ഒരു പ്രവൃത്തി നമ്മിലും നമ്മിൽ കൂടിയും ദൈവത്തിനു ചെയ്യുവാൻ കഴിയും. പിശാച് നമ്മുടെ കാൽക്കീഴിൽ ചതയ്ക്കപ്പെടുവാൻ ഇടയാവുകയും ചെയ്യും.**

സഭാമദ്ധ്യേ യേശു ചെയ്യുന്ന രണ്ടു കാര്യങ്ങളെപ്പറ്റി നാം വായിക്കുന്നു (എബ്രാ.2 :12)

1. പിതാവിന്റെ നാമത്തെ കീർത്തിക്കും

2. പിതാവിന്റെ സ്തുതിയെ പാടും

പിതാവിൽ നിന്നുള്ള ദൂതുവാഹി മാത്രമല്ല യേശു. സഭാമദ്ധ്യത്തിലെ സ്തുതിയുടെയും സംഗീതത്തിന്റെയും

നായകൻ കൂടിയാണ് യേശു. നാം ഈ കാര്യത്തിലും യേശുവിനെ അനുഗമിക്കേണ്ടതാണ്. ദൈവവചനം ശുശ്രൂഷിപ്പാൻ നാം എഴുന്നേറ്റു നിൽക്കുമ്പോൾ, നമ്മുടെ സ്വന്തം നാമമല്ല, പിതാവിന്റെ നാമമാണ് മഹത്വപ്പെടേണ്ടത്. നമുക്കെത്ര സമർത്ഥമായി പ്രസംഗിക്കാൻ കഴിയുമെന്നോ, തലേആഴ്ചയിൽ നാം എത്ര വിശ്വസ്തജീവിതം ജീവിച്ചുവെന്നോ, അറിയിക്കുവാനല്ല നാം എഴുന്നേറ്റു നിൽക്കുന്നത്. നമ്മുടെ കയ്യിൽ കിട്ടിയ 'തക്കതായ' വചനം ഉപയോഗിച്ചു ചിലർക്കു പ്രഹരം ഏൽപിക്കുവാനുമല്ല, നാം എഴുന്നേറ്റു നിൽക്കേണ്ടത്. ഇത്തരം പ്രസംഗങ്ങൾ എല്ലാം ഭൗതികവും , ജഡികവും ,പൈശാചികവും ദൈവത്തിന്റെ നാമത്തിന് അപമാനകരവും ആണ്. പ്രവചനത്തിന്റെ ആത്മാവ് യേശുവിന്റെ സാക്ഷ്യമാണ് (വെളി.19:10)

നമ്മുടെ ശബ്ദം ഉയർത്തി പിതാവിനെ മഹത്വപ്പെടുത്തുന്നതിലും നാം യേശുവിനെ മാതൃകയാക്കേണ്ടതാണ്. നാം പ്രാർത്ഥിച്ചാൽ മാത്രം പോരാ സ്തുതിക്കുന്നവരും ആയിരിക്കണം. സൗഖ്യത്തിനായി പ്രാർത്ഥിച്ച കുഷ്ഠരോഗികൾ പത്തു പേരായിരുന്നുവെങ്കിലും ഒരാൾ മാത്രമേ സ്തുതിച്ചുള്ളു. സഭയിലും ഈ അനുപാതം വ്യത്യസ്തമല്ല.

"ഒരു ശത്രു പോലും രക്ഷപെട്ടു പോയില്ല" (20:24) എന്നതാണ് യഹോശാഫാത്തിന്റെ യുദ്ധതന്ത്രത്തിന്റെ ഫലം. വിശ്വാസത്തോടും സ്തുതികളോടും നമ്മുടെ യുദ്ധങ്ങളെ നേരിട്ടാൽ, നമ്മുടെ 'ഒരു പ്രശ്നം' പോലും പരിഹരിക്കപ്പെടാതിരിക്കയില്ല. 2ദിനവൃത്താന്തം ഇരുപതാമദ്ധ്യായം ആരംഭിക്കുന്നത് 'ബഹുപുരുഷാരമായ ശത്രുക്കളോടു' കൂടിയാണ്, എന്നാൽ യുദ്ധാനന്തരം ഒരു ശത്രു പോലും ശേഷിച്ചിരുന്നില്ല. യുദ്ധത്തിന്റെ കൊള്ളയാൽ യഹൂദാ വളരെ ധനവാനായിത്തീർന്നു (20:25). ആത്മീയമായി സമ്പന്നരായിത്തീരുന്നതും ഇവ്വണ്ണംതന്നെയാണ്. അതിനു ശേഷം നാം വായിക്കുന്നത്, "ഇങ്ങനെ അവന്റെ ദൈവം ചുറ്റും വിശ്രമം നൽകിയതുകൊണ്ട്, യഹോശാഫാത്തിന്റെ രാജ്യം സ്വസ്ഥമായിരുന്നു" (2ദിന.20:30). സകലവിധ ശത്രുക്കളുടെ മേലും ആധിപത്യം പ്രാപിച്ച് ഇവ്വണ്ണമുള്ള ഒരു സ്വസ്ഥത, ഇന്ന്, ദൈവജനത്തിന്റെയും അവകാശമാണ്.

**വിശ്വാസത്തിൽ നിന്നുള്ള സ്തുതി സ്തോത്രങ്ങൾ**

'ഇതിലും ദോഷമായിസംഭവിക്കാമായിരുന്നെങ്കിലും ഇത്രയേ സംഭവിച്ചുള്ളല്ലോ' എന്നതിനാലല്ല നാം ദൈവത്തെ സ്തുതിക്കുന്നത്. എന്റെ സമ്പൂർണ്ണനന്മക്കായിട്ടു ദൈവം എല്ലാം ചെയ്യുന്നതിനാൽ (റോമ.8:28), 'ഇതിലും ഉത്തമമായി ഒന്നും സംഭവിക്കുക സാദ്ധ്യമല്ലായിരുന്നു' വെന്നതിനാലാണ് നാം ദൈവത്തെ സ്തുതിക്കുന്നത്.

നമുക്കെല്ലാം നമ്മുടെ കഴിഞ്ഞ കാലങ്ങളിലേക്ക് തിരിഞ്ഞ് നോക്കിയിട്ട്, എത്രയും ദോഷമായി നമുക്കു തീർന്നേക്കാം എന്നു ഭയപ്പെട്ടിരുന്ന കാര്യങ്ങൾ, നമ്മുടെ ഉത്തമ നന്മയ്ക്കായി ദൈവം കൂട്ടിയിണക്കിയതു ദർശിക്കാൻ കഴിയും. മുമ്പോട്ടുള്ള ജീവിതത്തിലും ഇതു തന്നെ ദൈവം നമുക്കായി ചെയ്യും. നാം ഇതു വിശ്വസിക്കുന്ന പക്ഷം, നാം എല്ലായ്പ്പോഴും കർത്താവിനെ സ്തുതിക്കുന്നവരായിരിക്കും

നൂറ്റിയാറാം സങ്കീർത്തനത്തിന്റെ പന്ത്രണ്ടാം വാക്യത്തിൽ നാം വായിക്കുന്നു "അവർ അവന്റെ വചനങ്ങളെ വിശ്വസിച്ചു; അവനു സ്തുതി പാടുകയും ചെയ്തു". നാംഅവിടെ വായിക്കുന്നത്, മിസ്രയീം വിട്ടു പോന്ന യിസ്രയേൽ മക്കൾക്ക്, ചെങ്കടലിൽ തങ്ങളുടെ ശത്രുക്കൾ എല്ലാം മുങ്ങിപ്പോയ ശേഷമേ ദൈവത്തെ സ്തുതിപ്പാൻ

**(ശേഷം പേജ് 41 ൽ)**





**മൂകസന്ദേശം-14**

# പുള്ളിപ്പുലിയും കുഞ്ഞാടും

സന്ദീപ് പുന്നൻ

**അ**ഞ്ചു വർഷം മുമ്പ് ഒരു ദിവസം എന്റെ ജീവിതത്തിൽ നടന്ന ഒരു യഥാർത്ഥ സംഭവത്തെക്കുറിച്ച് എഴുതാൻ ഞാനാഗ്രഹിക്കുന്നു. ആദിവസം എനിക്ക് ഒരിക്കലും മറക്കാൻ കഴിയുകയില്ല

ഗവൺമെന്റിലെ ശക്തനായ ഒരു ഉന്നത ഉദ്യോഗസ്ഥനെ അന്നു രാവിലെ ഞാൻ കാണേണ്ടിയിരുന്നു. എന്റെ മൂന്നു സഹോദരന്മാരും എന്നോടൊപ്പമുണ്ട്. അവരിൽ ഒരാളായിരുന്നു ഇത്തരം ഒരു കൂടിക്കാഴ്ച ക്രമീകരിച്ചിരുന്നത്. സെക്യൂരിറ്റി വളരെ കർശനം. ആയുധ ധാരികളായ സുരക്ഷാഭടന്മാരായിരുന്നു എല്ലായിടത്തും. എന്റെ ഓരോ നീക്കവും പരിശോധിക്കപ്പെടുന്നുണ്ടെന്ന് അതിൽ നിന്നെനിക്കു വ്യക്തമായി.

കൂടിക്കാഴ്ചയ്ക്ക് സമയം ആയപ്പോൾ ഞങ്ങൾ അദ്ദേഹത്തിന്റെ അടുത്തേക്ക് നടന്നു ചെന്നു. ഊഷ്മളതയോടെ അദ്ദേഹം ഞങ്ങളെ സ്വീകരിച്ചു. ഞങ്ങൾ വിവിധ വിഷയങ്ങളെക്കുറിച്ചു സംസാരിച്ചതു ഞാനോർക്കുന്നു. ഇന്ത്യയെക്കുറിച്ചു പരാമർശിച്ചപ്പോൾ അതിന്റെ സമീപകാലത്തെ വളർച്ചയെക്കുറിച്ച് അദ്ദേഹം മതിപ്പ് പ്രകടിപ്പിച്ചു.

അദ്ദേഹം ഒരു ക്രിസ്ത്യാനിയാണെന്ന് അറിയാമായിരുന്നതുകൊണ്ട് വിശ്വാസത്തെക്കുറിച്ച് ഞങ്ങൾ ചോദിച്ചു. കഠിനമായ ജോലിസാഹചര്യങ്ങളെ എങ്ങനെ അഭിമുഖീകരിക്കാൻ കഴിയുന്നു എന്ന ചോദ്യത്തിനു അദ്ദേഹം ഒറ്റ വാക്കിൽ മറുപടി നൽകി -'പ്രാർത്ഥന'. ഇതൊരു സ്ഥിരം മറുപടിയാണെന്നും അദ്ദേഹം ഉടൻതന്നെ മറ്റു വിഷയങ്ങളിലേക്കു വഴുതുമെന്നും ഞാൻ കണക്കു കൂട്ടി. പക്ഷേ അതല്ല സംഭവിച്ചത്. ആ ചോദ്യത്തിനു മറുപടി പറയാൻ അദ്ദേഹത്തിനു ആത്മാർത്ഥമായും താത്പര്യം ഉണ്ടായിരുന്നു. ഓരോ ദിവസവും ഏകാന്തതയിലും പ്രാർത്ഥനയിലും സമയം ചെലവഴിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അദ്ദേഹം വാചാലനായി.- ശരിയായ തീരുമാനം എടുക്കാൻ അതു സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ദിനംതോറും വചനം വായിക്കുന്നതു കൂടുതൽ സ്ഥിരത നൽകുമെന്നും അദ്ദേഹത്തിനഭിപ്രായമുണ്ട്. ഞങ്ങളുടെ ചോദ്യങ്ങളിലൂടെ അദ്ദേഹം ഒട്ടും തിടുക്കമില്ലാതെയാണ് കടന്നു പോയത്. പ്രത്യേകിച്ച് തന്റെ വിശ്വാസത്തെക്കുറിച്ചുള്ള ചോദ്യങ്ങൾ. ഈ വിഷയത്തെക്കുറിച്ചുള്ള ചിന്തകൾ അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായി പ്രധാനമാണെന്ന് എനിക്കു മനസ്സിലായി.

അദ്ദേഹത്തെ കണ്ട ശേഷം കാറോടിച്ചു മടങ്ങുമ്പോൾ ദൈവത്തിൽ അദ്ദേഹത്തിനു നിഷ്ക്കളങ്കമായ വിശ്വാസം ഉണ്ട് എന്ന കാര്യത്തിൽ എനിക്കു തെല്ലും സംശയമുണ്ടായിരു

ന്നില്ല.

ആ വൈകുന്നേരം തന്നെ ഒരു ക്രിസ്തീയ സുഹൃത്തിനോടൊത്ത് ഒരു പ്രാദേശിക എയിഡ്സ്ഹോമിൽ സേവന ശുശ്രൂഷയ്ക്കായി എനിക്കു പോകേണ്ടതുണ്ടായിരുന്നു. എല്ലാ ആഴ്ചയും ഞങ്ങൾ അവിടെയുള്ള രോഗികളോടൊത്ത് ഒരു രാത്രി ചെലവഴിക്കുന്നതായിരുന്നു പതിവ്. അവിടെയുള്ള രോഗികൾ ഓരോരുത്തരും രോഗത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഒരാൾ രോഗം മൂലം തീർത്തും അന്ധനായിരിക്കുന്നു. മറ്റൊരാൾ മുഖചർമ്മത്തിന്റെ നിറം മുഴുവൻ നഷ്ടപ്പെട്ട അവസ്ഥയിൽ. മറ്റു ചിലർക്ക് കാലിന്റെ സ്പർശനശക്തി കുറഞ്ഞു വരുന്നു. കാലു മുറിക്കുക എന്ന അനിവാര്യമായ ദുരന്തത്തെ അവർ സമീപിച്ചു കൊണ്ടിരിക്കുകയാണ്.

ആ രാത്രി പ്രത്യേക സംഭവങ്ങൾ ഒന്നുമുണ്ടാകാതെ കടന്നു പോയി. പുലർച്ചെ എനിക്ക് ഓരോ മുറിയിലും ചെന്ന് അവർക്ക് രാവിലെ കഴിക്കാനുള്ള മരുന്ന് കിടക്കയ്ക്കരികെ വയ്ക്കണം. മിക്കവരും ഉറക്കമായിരിക്കും. എന്നാൽ അന്ന് ഒരു രോഗി, സാം, ഉണർന്നിരുന്നു. കാലിലെ മാംസപേശികൾക്കുള്ള ബലക്ഷയം മൂലം മുടന്തിയാണവൻ നടക്കുന്നത്. പക്ഷേ ഞാൻ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും സന്തുഷ്ടനും നന്ദിയുള്ളവനുമായിരുന്നു അവൻ.

ഞാൻ ചെയ്യുന്ന ശുശ്രൂഷകളിൽ അവൻ അങ്ങേയറ്റം നന്ദിയുള്ളവനായിരുന്നു. എന്നെ കണ്ടതിൽ അവൻ വളരെ സന്തുഷ്ടി പ്രകടിപ്പിച്ചു. ഞങ്ങൾ അൽപ നേരം സംസാരിച്ചിരുന്നു, പിന്നെ അവൻ കിടക്കയിൽ നിന്നെഴുന്നേറ്റ് താഴെയുള്ള ചാപ്പലിലേക്കു പോയി. അവൻ അവിടെയിരുന്ന് ദൈവത്തോട് മൗനമായി പ്രാർത്ഥിക്കും. എന്നും രാവിലെയും വൈകുന്നേരവും ഇതാണവന്റെ പതിവ്. തന്റെ കഴിഞ്ഞ കാല തെറ്റുകൾ, ഇപ്പോൾ ശരീരത്തെ പൊതിയുന്ന തീവ്രവേദന എന്നിവയെല്ലാം യാഥാർത്ഥ്യമാണെങ്കിലും ദൈവത്തോടു സംസാരിക്കാനും തന്നെ ആരാധിക്കാനും അവൻ സമയമെടുക്കും.

രാവിലെ എയിഡ്സ് ഹോം വിട്ടു മടങ്ങുമ്പോൾ അവന്റെ നിഷ്ക്കളങ്കമായ വിശ്വാസം എന്നെ വളരെ സ്പർശിച്ചു. സത്യത്തിൽ അന്നത്തെ ദിവസം 24 മണിക്കൂറിനുള്ളിൽ തീർത്തും വ്യത്യസ്തമായ രണ്ടു മണ്ഡലങ്ങളിലുള്ള രണ്ടു ക്രിസ്ത്യാനികളോടാണ് ഞാൻ ബന്ധപ്പെട്ടത്. തന്റെ സമൂഹത്തിൽ അങ്ങേയറ്റം ശക്തനാണ് ഒരാൾ. അദ്ദേഹത്തെ ഒരിക്കൽ സ്വർഗ്ഗത്തിൽ കണ്ടു മുട്ടുമെന്ന് ഞാൻ വിശ്വസിക്കുന്നു. 24 മണിക്കൂറിനുള്ളിൽ ആദ്യത്തെ ആളിനു നേരെ എതിരായ സാമൂഹിക നിലയിലുള്ള മറ്റൊരാളെയാണ് ഞാൻ കണ്ടുമുട്ടിയത്. സമൂഹത്തിൽ അവഗണിക്കപ്പെട്ട, നിന്ദിതനായ, സ്നേഹം ലഭിക്കാത്ത ഒരുവൻ. പക്ഷേ ഇദ്ദേഹത്തെയും ഒരു നാൾ സ്വർഗ്ഗത്തിൽ കാണാമെന്ന് ഞാൻ വിശ്വസിക്കുന്നു.

തുല്യത വരുത്തുന്ന ഒരുവനായി ദൈവം തന്നെത്തന്നെ എനിക്കു വെളിപ്പെടുത്തിയ ഇതു പോലെ മറ്റൊരു ദിവസം എന്നെ സംബന്ധിച്ചുണ്ടായിട്ടില്ല. ഏറ്റവും ബഹുമാനിക്കപ്പെടുന്ന ആളിനും മരണത്തിന് ഉപേക്ഷിക്കപ്പെട്ടവനും സ്രഷ്ടാവിനെ സമീപിക്കാൻ തുല്യ അവസരം! ദൈവത്തിന്റെ മഹത്തായ പദ്ധതിയിൽ ഏറ്റവും നിന്ദിതനായവന് ഏറ്റവും ശക്തനായവനോടൊപ്പം കൂട്ടായ്മ!!

ഈ ലോകത്ത് ബഹുമാനിക്കപ്പെടുന്നവന് പ്രത്യേക ഇരിപ്പിടമോ ഈ ലോകത്ത് തകർച്ചയിലായവന് മൂലയിലുള്ള പുറകിലത്തെ ഇരിപ്പിടമോ അല്ല





# സംഗീതം മനസ്സിലാണ്

**അ**മേരിക്കയിലെ പ്രസിദ്ധമായ കർണഗി ഹാളിൽ ലോകപ്രസിദ്ധ വയലിനിസ്റ്റായ പഗാനിനി സഗീതക്കച്ചേരി നടത്തുന്ന ദിവസം. ലോകമെമ്പാടുമുള്ള സംഗീതപ്രേമികളെ ഹരം പിടിപ്പിച്ച പ്രസിദ്ധനായ സംഗീതജ്ഞന്റെ ആഗമനത്തിനായി ഹാളിൽ സംഗീതപ്രേമികൾ അക്ഷമരായി കാത്തിരിക്കുന്നു. കാത്തിരിപ്പിന് വിരാമം കുറിച്ചുകൊണ്ട് ഇതാ പഗാനിനി വേദിയിൽ പ്രത്യക്ഷപ്പെടുന്നു. കാതടപ്പിക്കുന്ന കരഘോഷത്തിനൊടുവിൽ ജനത്തെ അഭിവാദനം ചെയ്ത ശേഷം അദ്ദേഹം തന്റെ വയലിൻ തോളിലേറ്റി താടിക്കു കീഴെ ശാന്തമായി പ്രതിഷ്ഠിച്ചു.

നിമിഷങ്ങൾക്കുള്ളിൽ അദ്ദേഹം ഞെട്ടലോടെ തിരിച്ചറിഞ്ഞു- അതു തന്റെ വിലയേറിയ പ്രിയപ്പെട്ട വയലിൻ അല്ല. സദസ്സിനോടു ക്ഷമാപണം ചെയ്ത ശേഷം തിടുക്കത്തിൽ വേദിയുടെ അരികിലുള്ള തന്റെ മുറിയിലെത്തിയ പഗാനിനി നടുക്കത്തോടെ ആ സത്യം തിരിച്ചറിഞ്ഞു; തന്റെ പ്രിയപ്പെട്ട വയലിൻ മോഷ്ടിക്കപ്പെട്ടിരിക്കുന്നു. പകരം മോഷ്ടാവ് അതുപോലെയുള്ള വില കുറഞ്ഞ ഒരു അനുകരണം വച്ചിട്ട് പോയിരിക്കുന്നു.

ഒരു നിമിഷത്തെ ആലോചനയ്ക്കു ശേഷം ആ വില കുറഞ്ഞ വയലിനുമായി സദസ്സിനു മുമ്പിലെത്തിയ പഗാനിനി തന്റെ നിർഭാഗ്യത്തെപ്പറ്റി സൂചിപ്പിച്ച ശേഷം ഇങ്ങനെപറഞ്ഞു: 'പ്രിയപ്പെട്ട സംഗീതപ്രേമികളേ! ഈ വിലകുറഞ്ഞ വയലിൻ കൊണ്ട് ഞാൻ നിങ്ങളെ ഒരു വിലയേറിയ സത്യംബോധ്യപ്പെടുത്താൻ ആഗ്രഹിക്കുന്നു- സംഗീതം ഉപകരണത്തിലല്ല. സംഗീതജ്ഞന്റെ മനസ്സിലാണ്." തുടർന്ന് ജീവിതത്തിൽ അന്നു വരെ ഉണ്ടായിട്ടില്ലാത്ത സമർപ്പണത്തോടെ പഗാനിനി ആ വയലിൻ ഉപയോഗിച്ച് മാസ്മരിക സംഗീത മഴ പെയ്യിച്ചു. സദസ്യർ അത്ഭുതപരതന്ത്രരായി. സംഗീത സമ്രാട്ടിന്റെ സംഗീത സാഗരത്തിൽ ആറാടിയ സദസ്സിന്റെ കരഘോഷത്തിന് അവസാനം ഇല്ലായിരുന്നു!!

അനുദിനജീവിതത്തിൽ നാം അഭിമുഖീകരിക്കുന്ന പരിമിതികളോ, നിരാശപ്പെടുത്തുന്ന അനുഭവങ്ങളോ നമ്മുടെ ഉള്ളിൽ നിന്നു പുറപ്പെടുന്ന സംഗീതത്തെ തടയേണ്ട ആവശ്യമില്ല. ജീവിതത്തിന്റെ രാത്രികാലങ്ങളിൽആത്മാവിൽ സംഗീതം പകരാൻ കരുത്തുള്ള നമ്മുടെ ആത്മാക്കളുടെ ഉടയവനായ 'സംഗീത ചക്രവർത്തിയുടെ' വിദഗ്ധമായ കരങ്ങളിൽ നാം അമർന്നിരുന്നാൽ മാത്രം മതി. പൗലൊസും ശീലാസും കാരാഗൃഹത്തിൽ വച്ച് പാടിയത് ഈ രഹസ്യം അവർ മനസ്സിലാക്കിയതുകൊണ്ടല്ലേ? (പ്രവൃ.16:25)

നൽകുന്നത്. സ്വർഗ്ഗീയപിതാവിന്റെ ഭക്ഷണമേശയിൽ അടുത്തടുത്തായിരിക്കും അവർക്ക് സീറ്റ്.

തീർച്ചയായും , ഇവിടെ ഏറ്റവും ശക്തനും വിലമതിക്കപ്പെടുന്നവനുമായ പുള്ളിപ്പുലി, ദൈവരാജ്യത്തിൽ ലളിതമനസ്കനും ബലഹീനനുമായ കുഞ്ഞാടിനോടൊപ്പം കിടക്കും.

"ചെന്നായ് കുഞ്ഞാടിനോടു കൂടെ പാർക്കും. പുള്ളിപ്പുലി കോലാട്ടുകുട്ടിയോടു കൂടെ കിടക്കും.പശുക്കിടാവും ബാലസിംഹവും തടിച്ച മൃഗവും ഒരുമിച്ച് പാർക്കും. ഒരു ചെറിയ കുട്ടി അവയെ നടത്തും".(യെശയ്യാവ് 11:6)

# ജെറമി ടെയിലർ: താഴ്മയുടെ വക്താവ്



കഴിഞ്ഞ കുറെ വർഷങ്ങളായി പാശ്ചാത്യ സമൂഹങ്ങളിൽ ശക്തമായ അദൃശ്യ ശക്തികൾ വ്യക്തിപരമായതെരഞ്ഞെടുപ്പുകളെയും സ്വാർത്ഥതാൽപര്യങ്ങളെയും പ്രോൽസാഹിപ്പിച്ചിരുന്നു. നമ്മുടെ തലമുറ വാസ്തവത്തിൽ "ഞാൻ മുമ്പേ" തലമുറ യാണ്. സ്വാർത്ഥത ജീവിതശൈലിയായിത്തീർന്നിരിക്കുന്നു. മാദ്ധ്യമങ്ങളിലൂടെ ലഭിക്കുന്ന ആദ്യത്തെയും അവസാനത്തെയും സന്ദേശം " എനിക്ക് ഇതിൽ എന്തു കിട്ടും?"എന്നതു മാത്രമാണ്. സ്വയബോധത്തെ വില മതിക്കാനാണ് ഏവരും നമ്മോടു പറയുന്നത്.

ഈയൊരന്തരീക്ഷത്തിൽ സിനിമാ താരങ്ങളും മാദ്ധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്ന മറ്റുള്ളവരും ക്രിസ്തീയ മൂല്യങ്ങളെയും ക്രിസ്തീയ ഗുണങ്ങളെയും പരിഹസിക്കയും തിരസ്ക്കരിക്കയും ചെയ്യുമ്പോൾ യഥാർത്ഥ ക്രിസ്ത്യാനികൾക്ക് ഞെട്ടൽ ഉണ്ടാകേണ്ടതാണ്. സുഖങ്ങളുടെയും വിജയത്തിന്റെയും ഇന്നത്തെ പല ചിത്രങ്ങളും കർത്താവായ യേശുവിന്റെ വ്യക്തിപരമായ ഗുണങ്ങൾക്കു നേരെ വിപരീതമാണ്. മൂല്യങ്ങളുടെ സംഘർഷങ്ങളിൽ ഏറ്റവും പ്രകടമായി കാണുന്നത് 'താഴ്മ' എന്ന ക്രിസ് തീയ ഗുണമാണ്. മദ്ധ്യകാലഘട്ടത്തിലെ ക്രൈസ്തവ സന്യാസിമാരിൽ ഏറ്റവും പ്രകടമായി കണ്ട സ്വഭാവ ഗുണങ്ങളിൽ ഒന്നായിരുന്നു താഴ്മ. യേശുക്രിസ്തുവിനോട് അനുരൂപപ്പെടുന്ന കാര്യത്തിന്റെ മറുപേരായിരുന്നു താഴ്മ അക്കാലത്ത്. താഴ്മയുടെ അപദാനങ്ങൾ കീർത്തിച്ചിരുന്നത് സന്യാസിമാർ മാത്രമായിരുന്നില്ല. ആശ്രമങ്ങൾക്കു വെളിയിൽ താഴ്മയെ പ്രകീർത്തിച്ചിരുന്ന ശബ്ദങ്ങളിൽ ഏറ്റവും ശക്തമായത് ജെറമി ടെയിലറുടേതായിരുന്നു എന്നു പറയാം.

ഇംഗ്ളണ്ടിലെ കേംബ്രിഡ്ജ് എന്ന സ്ഥലത്ത് പിറന്ന ടെയിലർ അവിടത്തെ സർവ്വകലാശാലയിൽ പഠിച്ചു എന്നത് തികച്ചും സ്വാഭാവികം. അദ്ദേഹത്തിന്റെ സ്വതസിദ്ധമായ വാക്ചാതുര്യം വേഗത്തിൽ ടെയിലറെ ശ്രദ്ധേയനായ ഒരു പൊതു വ്യക്തിയാക്കി മാറ്റി. കാന്റർബറി ആർച്ചുബിഷപ്പായിരുന്ന





വില്യം ലോഡ്, ജെറമി ടെയിലറെ തന്റെ ചാപ്ളെയിനായി നിയമിച്ചു.

1640 ൽ ഇംഗ്ളണ്ടിൽ ആഭ്യന്തര യുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ തന്റെ സമകാലികരായ ബാക്സ്റ്റർ, ബനിയൻ എന്നിവരെപോലെ തന്റെ കൂറ് എവിടെയെന്ന് വ്യക്തമാക്കാൻ ടെയിലറും നിർബന്ധിതനായി. രാജാവിനോട് കൂറു പുലർത്താൻ അദ്ദേഹം തീരുമാനിച്ചു. രാജാവിന്റെ പക്ഷത്തിനു ക്ഷീണം ഉണ്ടായി, ഒലിവർ ക്രോംവെൽ ആധികാരം പിടിച്ചെടുത്തപ്പോൾ തന്മൂലം ടെയിലർ പൊതു ജീവിതത്തിൽ നിന്നും മാറി നിൽക്കേണ്ടി വരികയും ആധികം അറിയപ്പെടാത്ത ഒരു ശുശ്രൂഷാരംഗത്തേക്കു മാറ്റപ്പെടുകയും ചെയ്തു. ഫലപ്രദമായ സാഹിത്യരചനയുടെ നാളുകളായി ആ കാലം മാറി. 'വിശുദ്ധ ജീവിതം', (1650) 'വിശുദ്ധ മരണം' (1651) എന്നീ രണ്ട് പ്രസിദ്ധ ഗ്രന്ഥങ്ങളുടെ രചന ഈ കാലഘട്ടത്തിലാണ് നടന്നത്.

ചാൾസ് രണ്ടാമൻ 1660ൽ രാജഭരണം വീണ്ടും കൊണ്ടു വന്നപ്പോൾ ഇംഗ്ളണ്ടിലെ സഭാനേതൃത്വം ജെറമി ടെയിലറിന്റെ കൂറിനു പ്രതിഫലമായി അദ്ദേഹത്തെ ബിഷപ്പായി വാഴിച്ചു. ടെയിലറുടെ ജീവിതത്തെപ്പറ്റി മിക്ക ക്രിസ്ത്യാനികൾക്കും ഒന്നും തന്നെ അറിയുകയില്ല. എന്തെങ്കിലും പരിചയം ടെയിലറെപ്പറ്റിലഭിച്ചിട്ടുള്ളത് 'വിശുദ്ധജീവിതത്തിൽ' നിന്നോ, 'വിശുദ്ധമരണത്തിൽ' നിന്നോ ആയിരിക്കാനാണ് സാദ്ധ്യത. ക്രിസ്തീയ ഗുണങ്ങളിൽ ഒന്നാം സ്ഥാനത്ത് പ്രതിഷ്ഠിക്കാവുന്ന താഴ്മയെ ശക്തമായി ശുപാർശ ചെയ്യുന്ന ടെയിലറുടെ രചനയുടെ ഒരു ഭാഗം താഴെ ചേർക്കുന്നു.

## മഹത്തായ ഇറങ്ങിവരവ്

ക്രിസ്തീയ മാർഗ്ഗത്തിന്റെ മഹത്തായ ഭൂഷണവും ആഭരണവുമാണ് താഴ്മ. ആത്മീയ ശിക്ഷണമായി നിർദ്ദേശിക്കപ്പെട്ട താഴ്മയെ ക്രിസ്തീയതയുടെ അവിഭാജ്യ ഘടകമാക്കിയതു നമ്മുടെ കർത്താവായ യേശുക്രിസ്തു അത്രേ. ലോകത്തിലെ നമ്മുടെ വിവിധ അനുഭവങ്ങൾ, സമ്പത്തുകൾ, നമ്മുടെ ശരീരദേഹികൾ, നമ്മുടെ പ്രവൃത്തികളും കഷ്ടപ്പാടുകളും, ഭവനാന്തരീക്ഷം , അപകടങ്ങൾ, നമ്മുടെ ബഹുവിധ പാപങ്ങളും, വിരളമായ സ്വഭാവ ഗുണങ്ങളും ഇതൊക്കെ നമ്മുടെ ആത്മാക്കളെ താഴ്മയുടെ അഗാധ താഴ്വരയിലേക്ക് ഇറങ്ങി വരാൻ പ്രേരിപ്പിക്കുന്നവയത്രേ.

യഥാർത്ഥ മനുഷ്യൻ അവനു താത്പര്യമുള്ള കാര്യങ്ങളുടെ പിറകേ പോകാതെ തനിക്കുവേണ്ടി എല്ലാം ദൈവം തെരഞ്ഞെടുക്കാൻ അനുവദിക്കുന്നു. മേലധികാരികളുടെ ആജ്ഞകൾക്കെതിരെ അയാൾ പിറുപിറുക്കുന്നില്ല. മുറിവുകൾ ക്ഷമയോടെ വഹിക്കുന്നു. സ്വന്തം പെരുമാറ്റം,ആലോചനകൾ, നിർണ്ണയങ്ങൾ എന്നിവയെപ്പറ്റി അയാൾ സദാ അസംതൃപ്തനാണ്. നല്ല മനുഷ്യരെ അത്യധികം സ്നേഹിക്കുന്ന അയാൾ ജ്ഞാനികളെ പ്രശംസിക്കുകയും ആരെയും വിമർശിക്കാതെയിരിക്കുകയും ചെയ്യുന്നു. സംഭാഷണത്തിൽ മിതത്വം പാലിക്കുന്ന അയാൾ നിയന്ത്രണമില്ലാതെ ചിരിക്കുകയില്ല. തന്നെ ആരെങ്കിലും പ്രശംസിക്കുമ്പോൾ, ദൈവം തന്റെ പ്രവൃത്തികളെക്കുറിച്ച് വ്യത്യസ്തമായി ഒരു പക്ഷേചിന്തിക്കുന്നുണ്ടോ എന്ന് ഭയപ്പെടുന്നവനത്രേ. തന്റെ കുറവുകൾ പരിഹരിക്കാൻ ഉൽസാഹിക്കുന്ന

അയാൾ, ശാസന കേൾക്കുമ്പോൾ നന്ദിയുള്ളവനാണ്.

താഴ്മയുടെ വരദാനം താഴെ പറയുന്ന പ്രമാണങ്ങൾക്ക് വിധേയമാണ്:

മറഞ്ഞിരിക്കാൻ ഇഷ്ടപ്പെടുക, പ്രശംസിക്കപ്പെടാൻ ഒട്ടും ആഗ്രഹിക്കാതിരിക്കുക, നിങ്ങളെക്കുറിച്ച് അപവാദം പറയുകയും വില കുറച്ച് കാണുകയും ചെയ്യുമ്പോൾ അസ്വസ്ഥനാകാതിരിക്കുക. നിങ്ങളെക്കുറിച്ചു തന്നെ ഏറ്റവും എളിയ ചിന്തകൾ ഉള്ളവരെങ്കിൽ മറ്റുള്ളവരിൽ നിന്നും ഉണ്ടാകുന്ന ഇത്തരം പെരുമാറ്റങ്ങൾ ഒരിക്കലും അസഹ്യമാകുകയില്ല.

പ്രോൽസാഹിക്കപ്പെടണം എന്ന ഗൂഢമായ ലക്ഷ്യത്തോടെ ഒരിക്കലും ഒരു കാര്യം നേരിട്ട് സംസാരിക്കാതിരിക്കുക. മറ്റൊരു സ്വാർത്ഥലക്ഷ്യവും സംസാരത്തിൽ ഉണ്ടാകരുത്. നിങ്ങൾ പറയുകയോ പ്രവൃത്തിക്കുകയോ ചെയ്ത ഏതെങ്കിലും കാര്യത്തിനു വേണ്ടി നിങ്ങൾക്ക് പ്രശംസ ലഭിച്ചാൽ തികഞ്ഞ നിസ്സംഗതയോടെ അതു സ്വീകരിക്കയും ആ പ്രശംസ നേരെ ദൈവത്തിനു കൈമാറുകയും ചെയ്യുക. നിങ്ങളുടെ നല്ല പ്രവൃത്തിയുടെ, നല്ല വാക്കുകളുടെ, ഉറവിടം ദൈവമാണെന്ന സത്യം ധ്യാനിക്കയും അവിടുത്തെ മഹത്വത്തിനായി നിങ്ങളെ ഒരു ഉപകരണം ആക്കിയതിന്, മറ്റുള്ളവരെ അനുഗ്രഹിക്കാൻ നിങ്ങളെ ഉപയോഗിച്ചതിനു ദൈവത്തിനു നന്ദി പറയുകയും ചെയ്യുക

സൽഗുണപൂർണ്ണനായി താഴ്മയോടെ ജീവിക്കുക വഴി ഒരു സൽപ്പേര് ഉണ്ടാക്കാൻ കരുതിക്കൊൾക. ഈ സൽപ്പേര് പുറത്തുള്ളവർക്കു മാത്രം പരിപോഷിപ്പിക്കുവാനുള്ളതാണെന്നും ഒരിക്കലും സ്വയം അഭിനന്ദിക്കാനുള്ളതല്ലെന്നും ഓർക്കുക.

പ്രശംസ ലഭിക്കാനായി യാതൊരു തന്ത്രങ്ങളും പ്രയോഗിക്കാതിരിക്കുക. ചിലർ തങ്ങളുടെ പ്രവൃത്തികളും വാക്കുകളും സദുദ്ദേശ്യത്തോടെയുള്ളവ ആയിരുന്നു എന്ന് മറ്റുള്ളവരെക്കോണ്ട് പറയിക്കാൻ അവയെപ്പറ്റി ബോധപൂർവ്വം വിലയിടിച്ച് സംസാരിക്കാറുണ്ട്. നിങ്ങളുടെ സാന്നിദ്ധ്യത്തിൽ മറ്റുള്ളവർ പ്രശംസിക്കപ്പെടട്ടെ. അവരുടെ നന്മയിലും സൽപ്പേരിലും ആഹ്ളാദിക്കുക. ഒരു വിധത്തിലും ആത്മപ്രശംസയെ കുറച്ചു കാണിക്കാനോ കുറ്റം കണ്ടു പിടിക്കാനോ ശ്രമിക്കാതിരിക്കുക. നിന്റെ സഹോദരന്റെ മുന്നേറ്റം ഒരു വിധത്തിലും നിനക്കു ക്ഷീണമുണ്ടാക്കും എന്ന് ചിന്തിക്കാതിരിക്കുക. ഒരിക്കലും മറ്റുള്ളവരുമായി നിങ്ങളെ താരതമ്യപ്പെടുത്താതിരിക്കുക. മറ്റുള്ളവരെ ശ്രേഷ്ഠരെന്ന് കാണിക്കാനോ മമ്പോട്ട് തള്ളിവിടാനോ ഇത്തരം താരതമ്യം ചെയ്യുന്നതിൽ തെറ്റില്ല താനും.

വാഴ്ത്തപ്പെട്ട നമ്മുടെ രക്ഷകൻ മറ്റെന്തിനേക്കാളുമധികം താഴ്മയുടെ ഈ വരദാനം ഉപദേശിക്കയും ഉറപ്പാക്കുകയും ചെയ്തു എന്ന് മറക്കാതിരിക്കുക. അവിടുത്തെ മുഴുജീവിതവും തുടർമാനമായി യഥാർത്ഥ താഴ്മയുടെ മാതൃകയായിരുന്നു. തന്റെ പിതാവിന്റെ മഹത്വകരമായ സന്നിധിയിൽ നിന്നും ഒരു എളിയ കന്യകയുടെ ഉദരത്തിലേക്കുള്ള മഹത്തായ ഇറങ്ങിവരവ് ശ്രദ്ധിക്കുക. ദാസരൂപത്തിലേക്ക്, പാപികളായ നരവർഗ്ഗത്തിന്റെ ജീവിത ക്ളേശങ്ങളിലേക്ക്, ശാരീരിക അദ്ധ്വാനത്തിലേക്ക്, ദാരദ്ര്യത്തിലേക്ക്, ക്രൂരമായ ക്രൂശുമരണത്തിലേക്ക്, കല്ലറയിലേക്ക്, നാം ന്യായമായി അർഹിച്ചിരുന്ന അസഹ്യമായ നരകയാതനയിലേക്ക് താണിറങ്ങി വന്ന താഴ്മയുടെ മൂർത്തിമത് ഭാവമായ ദൈവപുത്രൻ നിങ്ങളെ യഥാർത്ഥ താഴ്മയിലേക്കു നടത്തും. മറ്റൊരു മാർഗ്ഗവുമില്ല എന്നോർത്തു കൊള്ളുക!

(കടപ്പാട് : All the Saints adore thee)

**സമ്പാദകൻ: മാത്യു ജോർജ്**





## മാതാപിതാക്കളും മക്കളും 7

# പ്രോൽസാഹനവും അംഗീകാരവും

**ജോസ് മാത്യു, തിരുവനന്തപുരം**

**മ**ക്കൾക്കു സ്നേഹം നൽകുകയെന്നത് മാതാപിതാക്കളുടെ പ്രാഥമിക ഉത്തരവാദിത്വമാകുന്നു എന്നാണല്ലോ നാം ചിന്തിച്ചു വന്നത്. വീട്ടിൽ കപടരഹിതമായ, സുതാര്യമായസ്നേഹത്തിന്റെ വായു ശ്വസിച്ചു വളരുന്ന കുഞ്ഞുങ്ങൾ എത്ര അനുഗൃഹീതരാണ്! അപ്രകാരം വളരുവാനുള്ള സാഹചര്യം ഒരുക്കുകയാണ് ക്രിസ്തീയമാതാപിതാക്കളുടെ കർത്തവ്യം. കുടുംബാന്തരീക്ഷത്തിൽ സ്നേഹബന്ധങ്ങൾ സന്തോഷകരമായി നിലനിൽക്കുന്നതിനു സഹായകമായ മറ്റു ചില വസ്തുതകൾ കൂടി നമുക്ക് പരിശോധിക്കാം.

കുട്ടികളുമായി സമയം ചെലവഴിക്കുക, സ്നേഹവാത്സല്യങ്ങൾ പ്രകടിപ്പിക്കുക എന്നിവയുടെ പ്രാധാന്യം നാം കണ്ടു കഴിഞ്ഞു. വളർച്ചയുടെ ഓരോ ഘട്ടത്തിലും കുഞ്ഞുങ്ങൾക്ക്ആവശ്യമായ പ്രോത്സാഹനം നൽകുകയെന്നതാണ് മറ്റൊന്ന്.

**പ്രോത്സാഹിപ്പിക്കുക:** കുഞ്ഞുങ്ങളിൽ മറഞ്ഞുകിടക്കുന്ന കഴിവുകളെയും വാസനകളെയും ഉണർത്തി പരിപോഷിപ്പിക്കുന്നതിനു പ്രോത്സാഹനം ഏറെ പങ്കു വഹിക്കുന്നു. കായികം, സംഗീതം, സേവനം തുടങ്ങിയ മേഖലകളിലെ പ്രതിഭാശാലികളെ കണ്ടെത്തി പ്രോത്സാഹിപ്പിച്ചു വളർത്തുന്നതിന് സമർപ്പിതരായ അദ്ധ്യാപകരായിരുന്നു മുമ്പൊക്കെ മുൻകൈ എടുത്തിരുന്നത്. എന്നാൽ അത്തരക്കാരായ അദ്ധ്യാപകർ ഇന്ന് തുലോം വിരളമായിക്കൊണ്ടിരിക്കുന്നു.

ചെറുപ്രായം മുതൽക്കേ കുട്ടികളുടെ നല്ല വശങ്ങളെ അഥവാ പ്രവൃത്തികളെ വിലമതിക്കാനും അഭിനന്ദിക്കാനും മാതാപിതാക്കൾ മുൻകൈ എടുക്കണം. അവർ ഒരു അക്ഷരം എഴുതാനോ, ,ചിത്രം വരയ്ക്കാനോ, പാട്ടുപാടാനോ, പ്രവൃത്തി ചെയ്യാനോ ഒക്കെ ശ്രമം നടത്തുമ്പോൾ മുതിർന്നവരുടെ നിലയിൽ നിന്നല്ല, കുഞ്ഞുങ്ങളുടെ നിലവാരത്തേക്ക് ഇറങ്ങിച്ചെന്ന് മാതാപിതാക്കൾ അവർക്ക് അഭിനന്ദനവും പ്രോൽസാഹനവും നൽകണം. അടുത്ത പ്രാവശ്യം ഏറെ മികവോടെ അതു ചെയ്യുവാൻ നിങ്ങളുടെ അഭിനന്ദനവാക്കുകൾ അവരെ പ്രാപ്തരാക്കും.

പരസ്യമായി ഒരു നല്ല വാക്ക്, കൈയടി, ഒരു സ്നേഹത്തിന്റെ തലോടൽ, ചെറിയൊരു സമ്മാനം, ഇവയൊക്കെ കുഞ്ഞുങ്ങളെ വളരെ പ്രോൽസാഹിപ്പിക്കും. ഇക്കാര്യത്തിൽ മാതാപിതാക്കളായ നമുക്ക് ശരിയായ ദിശാബോധവും പരിശീലവും ആവശ്യമായിരിക്കുന്നു എന്ന് പറയേണ്ടിയിരിക്കുന്നു. സ്വാഭാവികമായി വളരെ വേഗം കുറ്റങ്ങൾ കണ്ടു പിടിക്കാനും

അവയെച്ചൊല്ലി കുട്ടികളെ ശാസിക്കാനും കുറ്റപ്പെടുത്തി സംസാരിക്കാനും നാമെല്ലാം മുൻപന്തിയിലാണ്. മറ്റൊരാളിൽ ഒൻപതു സൽഗുണങ്ങളും ഒപ്പം ഒരു ദുർഗുണവും ഉണ്ടായിരിക്കുമ്പോൾ സൽഗുണങ്ങളെ പാടെ അവഗണിച്ച് ആ ഒരൊറ്റ ദുർഗുണത്തെ മാത്രം കാണാനും കുറ്റപ്പെടുത്താനുമാണ് നമുക്കേറെ ഉത്സാഹം!

കുഞ്ഞുങ്ങളിലുള്ള നല്ല സ്വഭാവ വിശേഷതകളെയും കഴിവുകളെയും മനസ്സു തുറന്ന് അഭിനന്ദിക്കുകയും അതോടൊപ്പം കുറവുകളെ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നതാണ് ശരിയായ മാർഗ്ഗം. അങ്ങനെയെങ്കിൽ തിരുത്തലുകളും ശാസനകളും അവർ നന്നായി സ്വീകരിക്കും. എന്നാൽ ഒരു മുന്നറിയിപ്പ്: പരസ്യമായി അഭിനന്ദിക്ക, എന്നാൽ ഒരിക്കലും കുഞ്ഞുങ്ങളെ പരസ്യമായി ശാസിക്കയോ കുറ്റപ്പെടുത്തുകയോ ചെയ്യരുത്. അതവരുടെ ഇളംമനസ്സിൽ ആഴമായ മുറിവുകൾ ഏൽപിക്കും; ഭാവിയിൽ മുൻകൈ എടുത്ത് കാര്യങ്ങൾ ചെയ്യാനുള്ള ധൈര്യം അത് ചോർത്തിക്കളയും; തെറ്റു വന്നേക്കുമോ എന്ന് ഭയപ്പെട്ട് എപ്പോഴും പിറകോട്ട് മാറി നിൽക്കുന്ന പ്രകൃതം അവരിൽ വളർന്നു വരും.

അപ്പോസ്തോലനായ പൗലൊസ് പലപ്പോഴും തന്റെ ആത്മീയ മക്കളെ അഭിനന്ദിച്ചും പ്രോത്സാഹിപ്പിച്ചും എഴുതിയ ശേഷം അവരുടെ കുറവുകളെ ചൂണ്ടിക്കാണിക്കുന്നതായി നാം കാണുന്നു. തെസ്സലോനിക്യയിലെ വിശ്വാസികൾക്ക് അദ്ദേഹം എഴുതിയതു ശ്രദ്ധിക്കുക : "സഹോദരപ്രീതിയെക്കുറിച്ച് നിങ്ങൾക്ക് എഴുതുവാൻ ആവശ്യമില്ല; അന്യോന്യം സ്നേഹിപ്പാൻ നിങ്ങൾ ദൈവത്താൽഉപദേശം പ്രാപിച്ചതല്ലാതെ മക്കദോന്യയിലെങ്ങുമുള്ള സഹോദരന്മാരോടൊക്കെ അങ്ങനെ ആചരിച്ചും പോരുന്നുവല്ലൊ!

**ചെറുപ്രായം മുതൽക്കേ കുട്ടികളുടെ നല്ല വശങ്ങളെ അഥവാ പ്രവൃത്തികളെ വിലമതിക്കാനും അഭിനന്ദിക്കാനും മാതാപിതാക്കൾ മുൻകൈ എടുക്കണം. അവർ ഒരു അക്ഷരം എഴുതാനോ, ചിത്രം വരയ്ക്കാനോ ഒക്കെ ശ്രമം നടത്തുമ്പോൾ മുതിർന്നവരുടെ നിലയിൽ നിന്നല്ല, കുഞ്ഞുങ്ങളുടെ നിലവാരത്തേക്ക് ഇറങ്ങിച്ചെന്ന് മാതാപിതാക്കൾ അവർക്ക് അഭിനന്ദനവും പ്രോൽസാഹനവും നൽകണം.**

എന്നാൽ സഹോദരന്മാരെ, അതിൽ നിങ്ങൾ അധികമായി വർദ്ധിച്ചു വരേണം എന്നും.......അടങ്ങിപ്പാർക്കുവാനും സ്വന്ത കാര്യം നോക്കുവാനും സ്വന്ത കൈ കൊണ്ട് വേല ചെയ്യുവാനും അഭിമാനം തോന്നേണം എന്നും നിങ്ങളെ പ്രബോധിപ്പിക്കുന്നു."[1]

വെളിപ്പാടുപുസ്തകം രണ്ടും മൂന്നും അദ്ധ്യായങ്ങളിൽ കർത്താവായ യേശു ആസ്യയിലെ ഏഴ് സഭകൾക്ക് എഴുതിയ കത്തുകൾ വായിക്കുമ്പോഴും ഈ തത്വം പ്രയോഗിച്ചിരിക്കുന്നതു കാണാം. ഓരോ സഭകളിലും കാണുന്ന ഉത്തമ കാര്യങ്ങളെ എടുത്ത് പറഞ്ഞ് അഭിനന്ദിച്ച ശേഷമാണ് കർത്താവ് അവരുടെ കുറവുകളെ ചൂണ്ടിക്കാട്ടുന്നത്. അതെ യേശുവും അപ്പൊസ്തോലന്മാരും നമുക്കിന്ന് ഈ കാര്യത്തിൽ മാതൃകകൾ തന്നെയാണ്. ആദ്യം നമ്മുടെ മക്കളുടെ പത്ത് സ്വഭാവ സവിശേഷതകൾ എഴുതിയിടുക; പിന്നീടവരുടെ അഞ്ച് കുറവുകളും കുറിക്കുക. അഭിനന്ദനങ്ങളുടെ വെള്ളക്കടലാസിൽ എഴുതപ്പെടുന്ന കുറവുകളുടെ കറുത്ത മഷിയിലുള്ള ലിസ്റ്റ് നിങ്ങളുടെ മക്കൾ സസന്തോഷം സ്വീകരിക്കും; കാരണം നിങ്ങളുടെ





സ്നേഹം നിറഞ്ഞ ഹൃദയം അവർക്കപ്പോൾ അനുഭവിക്കാനാകും.

മക്കളെ അംഗീകരിക്കുക: ആളത്തം, വ്യക്തിത്വം, കഴിവുകൾ, താലന്തുകൾ എന്നിവയിലെല്ലാം കുട്ടികൾ ഓരോരുത്തരും വ്യത്യസ്തത പുലർത്തുന്നവരാണ്. ഇരട്ട പിറന്ന കുട്ടികളിൽപോലും ഈ വ്യത്യാസം പ്രകടമത്രേ. എന്നാൽ മാതാപിതാക്കൾ വ്യവസ്ഥകൾ കൂടാതെ , കുഞ്ഞുങ്ങൾ ഓരോരുത്തരും ആയിരിക്കുന്ന അവസ്ഥയിൽ അവരെ നിറഞ്ഞ സ്നേഹത്തോടെ സ്വീകരിക്കയും അംഗീകരിക്കുകയും വേണം.

പല ഭവനങ്ങളിലും മാതാപിതാക്കളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ കഴിയാത്ത മക്കൾക്ക് സ്നേഹവും അംഗീകാരവും ലഭിക്കാതെ പോകുന്നു. തന്റെ വ്യക്തിത്വത്തിന് മാതാപിതാക്കളിൽ നിന്നും അംഗീകാരം ലഭിക്കാതെ വരുമ്പോൾ ആ കുട്ടി അരക്ഷിതബോധം നിറഞ്ഞ് തന്നിലേക്കു തന്നെ ഉൾ വലിയാൻ വളരെ സാധ്യതയുണ്ട്. ക്ളാസ്സിൽ ഉയർന്ന റാങ്ക് നേടാൻ കഴിയാതെപോയാൽ, മത്സരങ്ങളിൽ സമ്മാനം ലഭിച്ചില്ലെങ്കിൽ, അഥവാ അബദ്ധവശാൽ വല്ല തെറ്റിലും പെട്ടുപോയാൽ മാതാപിതാക്കളുടെ സ്നേഹവും പിന്തുണയും തനിക്ക് നഷ്ടമാകും എന്നൊരു ഭയം നമ്മുടെ മക്കളിൽ ആർക്കും ഉണ്ടാകാൻ പാടില്ല. ശാരീരികമോ മാനസികമോ ആയ വൈകല്യങ്ങൾ ഉള്ള മക്കൾക്കും ഭവനത്തിൽ തുല്യമായ സ്നേഹവും അംഗീകാരവും നാം നല്കണം.

ധൂർത്തപുത്രന്റെ കഥ ശ്രദ്ധിക്കുക.[2] മക്കളെ സ്നേഹിക്കുന്നവനും അവരുടെ വ്യക്തിത്വങ്ങളെ അംഗീകരിക്കുന്നവനുമായ ഒരു പിതാവിനെ നാം ഇവിടെ കാണുന്നു. ഇളയ മകൻ സ്വത്തിന്റെ ഓഹരിയും വാങ്ങി ദൂരെ ദേശത്ത് ചെന്ന് പാപകരമായ ജീവിതം നയിച്ച് സ്വത്ത് മുഴുവനും നശിപ്പിച്ചു. ഒടുവിൽ സുബോധവും മാനസാന്ത

**സ്വാഭാവികമായി വളരെ വേഗം കുറ്റങ്ങൾ കണ്ടു പിടിക്കാനും അവയെച്ചൊല്ലി കുട്ടികളെ ശാസിക്കാനും കുറ്റപ്പെടുത്തി സംസാരിക്കാനും നാമെല്ലാം മുൻപന്തിയിലാണ്. മറ്റൊരാളിൽ ഒൻപതു സൽഗുണങ്ങളും ഒപ്പം ഒരു ദുർഗുണവും ഉണ്ടായിരിക്കുമ്പോൾ സൽഗുണങ്ങളെ പാടെ അവഗണിച്ച് ആ ഒരൊറ്റ ദുർഗുണത്തെ മാത്രം കാണാനും കുറ്റപ്പെടുത്താനുമാണ് നമുക്കേറെ ഉത്സാഹം!**

രവും വന്ന ആ ചെറുപ്പക്കാരന് പിതാവിന്റെ അടുത്തേക്ക് മടങ്ങി വരാൻ എങ്ങനെ ധൈര്യം വന്നു? തന്റെ തോൽവികൾക്കും തെറ്റുകൾക്കും അതീതമായി തന്നെ സ്നേഹിക്കുന്ന ആ പിതാവിന്റെ ഹൃദയം അവൻ നന്നായി അറിഞ്ഞിരുന്നു. തന്റെ ഭാഗത്തുണ്ടായ വീഴ്ചകൾ നിമിത്തം പിതാവു തന്നെ തിരസ്കരിക്കുകയില്ല എന്നും അവന് അറിയാമായിരുന്നു. തന്റെ അതിദയനീയമായ അവസ്ഥയിലും മടങ്ങിവരാനുള്ള ധൈര്യം അവനു ലഭിച്ചത് ഈ അറിവിൽനിന്നാണെന്നു കാണാം

അല്ല, മക്കളുടെ മിടുക്ക്, നേട്ടങ്ങൾ, സൽപ്പേര് എന്നിവയുടെ അടിസ്ഥാനത്തിലല്ല നാം അവരെ സ്നേഹിക്കുകയും അംഗീകരിക്കുകയും ചെയ്യേണ്ടത്. ഇവയൊന്നും അവകാശപ്പെടാനില്ലാത്ത മക്കളും നമ്മുടെ സ്നേഹം അർഹതപ്പെടുന്നവർതന്നെയാണ്.

നിർഭാഗ്യകരമെന്നു പറയട്ടെ പല കുടുംബങ്ങളിലും കുഞ്ഞുങ്ങൾക്ക് അർഹമായ സ്നേഹവും അംഗീകാരവും ലഭിക്കുന്നില്ല. മാതാപിതാക്കളുടെ അജ്ഞതയോ, അവിവേകമോ, അഹന്തയോ ഒക്കെയാകാം ഇതിനു

**ക്ളാസ്സിൽ ഉയർന്ന റാങ്ക് നേടാൻ കഴിയാതെപോയാൽ, മത്സരങ്ങളിൽ സമ്മാനം ലഭിച്ചില്ലെങ്കിൽ, അഥവാ അബദ്ധവശാൽ വല്ല തെറ്റിലും പെട്ടുപോയാൽ മാതാപിതാക്കളുടെ സ്നേഹവും പിന്തുണയും തനിക്ക് നഷ്ടമാകും എന്നൊരു ഭയം നമ്മുടെ മക്കളിൽ ആർക്കും ഉണ്ടാകാൻ പാടില്ല. ശാരീരികമോ മാനസികമോ ആയ വൈകല്യങ്ങൾ ഉള്ള മക്കൾക്കും ഭവനത്തിൽ തുല്യമായ സ്നേഹവും അംഗീകാരവും നാം നൽകണം.**

കാരണം. തങ്ങളുടെ ഉത്തരവാദിത്വം സംബന്ധിച്ച അജ്ഞത നിമിത്തം ചിലർ മക്കളെ ഇഷ്ടം പോലെ അഴിച്ചു വിടുകയാണ്. അംഗീകാരമല്ല, അവഗണനയാണ് ഇക്കൂട്ടർ മക്കൾക്കു നൽകുന്നത്.

കൃഷി, ബിസിനസ്, ഉദ്യോഗം, ആത്മീയപ്രവർത്തനങ്ങൾ എന്നിത്യാദികൾ കാരണം മറ്റു ചിലർക്ക് മക്കളെ സ്നേഹിക്കാനോ അംഗീകരിക്കുവാനോ കഴിയുന്നില്ല. ധനസമ്പാദനം, ജീവിതസൗകര്യങ്ങൾ, സാമൂഹികമാന്യത ഇവയൊക്കെയാണവരുടെ മുൻഗണന. മക്കൾക്ക് അംഗീകാരമോ പ്രോത്സാഹനമോ നൽകാൻ ഈ കൂട്ടർക്ക് സമയമേയില്ല.

വേറെ ചില മാതാപിതാക്കളാകട്ടെ വീട്ടിൽ ഉരുക്കുമുഷ്ടി പ്രയോഗിച്ച് കുടുംബാംഗങ്ങളെ അടക്കി ഭരിക്കുന്നവരാണ്. അഹന്തയുടെയും പൊങ്ങച്ചത്തിന്റെയും മൂർത്തീഭാവങ്ങളായ ഇക്കൂട്ടരുടെ മക്കൾ ഭയപ്പെട്ട് മിണ്ടാപ്രാണികളെപ്പോലെ വീട്ടിൽ കഴിയുന്നു. ഈ കുഞ്ഞുങ്ങൾ വളർന്നു വരുമ്പോൾ സ്നേഹവും അംഗീകാരവും തേടി പുറം ലോകത്തിൽ അലയുകയും മിക്കപ്പോഴും വഴിതെറ്റിപ്പോകയുമാണ് ചെയ്യാറ്.

അതെ, മാതാപിതാക്കളായ നാം ആത്മപരിശോധന നടത്തുകയും നമ്മുടെ കുഞ്ഞുങ്ങൾ ഓരോരുത്തർക്കും അംഗീകാരവും പരിഗണനയും ലഭിക്കുന്നു എന്നുറപ്പു വരുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു."പിതാക്കന്മാരേ നിങ്ങളുടെ മക്കൾ അധൈര്യപ്പെടാതിരിക്കേണ്ടതിന് അവരെ (പ്ര)കോപിപ്പിക്കരുത്.(3) **മക്കൾ അധൈര്യപ്പെടാതിരിക്കുക** എന്നതാണ് ഒന്നാമത്തെ പടി. എന്നാൽ അവർ ധൈര്യവും ആത്മാഭിമാനവും ഉള്ളവരായി വളരുകയെന്നതാണ് അനന്തര പടികൾ. ആയതിനു മാതാപിതാക്കളിൽ നിന്നുള്ള സ്നേഹവും പ്രോൽസാഹനവും അംഗീകാരവും കൂടിയേ തീരൂ.

**അപകർഷതാ ബോധത്തിനെതിരെ**: കൗമാര-യൗവനഘട്ടത്തിലായിരിക്കുന്ന ബഹുഭൂരിപക്ഷം പേരെയും ബാധിക്കാറുള്ള ഒരു മാനസിക പ്രശ്നമാണ് അപകർഷതാബോധം.( inferiority complex) വിനാശകരമായ ഈ പ്രതിഭാസത്തെ അതിജീവിക്കുവാൻ മക്കളെ സഹായിക്കുക എന്നത് അമ്മയപ്പന്മാരുടെ ഉത്തരവാദിത്വമത്രേ.

സമൂഹത്തിലുള്ള മറ്റു മനുഷ്യരുമായി താരതമ്യം ചെയ്ത് സ്വന്ത കുറവുകളെ വലുതാക്കി ചിന്തിക്കുമ്പോഴാണ് അപകർഷതാബോധം ഉടലെടുക്കുന്നത്. തങ്ങളെക്കാൾ സമർത്ഥരോ പ്രതിഭാശാലികളോ പണമുള്ളവരോ ഒക്കെയായ ചിലരോട് തങ്ങളെത്തന്നെ തുലനം ചെയ്തു തുടങ്ങുന്നു; അതേത്തുടർന്ന് "എനിക്കൊരു കഴിവുമില്ല, എന്നെക്കൊണ്ട് ആർക്കും ഒരു പ്രയോജനവുമില്ല, എന്നെ ആരും സ്നേഹിക്കുന്നില്ല, കരുതുന്നില്ല, മറ്റുള്ളവരെപ്പോലെ നന്നായി കാര്യങ്ങൾ ചെയ്യാനുള്ള പ്രാപ്തിയുമെനിക്കില്ല......" എന്നിങ്ങനെ ചിന്തിച്ച് മനസ്സു തളർന്നു





പോകുന്നു. ദൈവദത്തമായി നമ്മിലുള്ള താലന്തുകളെ കുഴിച്ചുമൂടീട്ട് സ്വയം സഹതപിച്ച് ജീവിതം നശിപ്പിക്കുന്ന അവസ്ഥയിലേക്ക് അപകർഷതാബോധം ഒരു വ്യക്തിയെ എത്തിക്കും.

കൗമാരപ്രായക്കാർ പല വിചിത്ര സ്വഭാവങ്ങളും വികൃതികളും പ്രകടമാക്കുന്നത് ഈ അപകർഷതാബോധത്തെ മറികടക്കാനുള്ള ഒരു ശ്രമം എന്ന നിലയിലാണ്. ശാരീരികാരോഗ്യം, ബുദ്ധിശക്തി, സൗന്ദര്യം, സാമ്പത്തികം,സ്വാധീനശേഷിഎന്നിത്യാദികളെ ചുറ്റിപ്പറ്റിയാണ് മിക്കപ്പോഴും അപകർഷതാബോധം പ്രബലപ്പെട്ട് വരുന്നത്. തൽഫലമായി ചിലർ മറ്റുള്ളവരിൽ നിന്നും അകന്നു മാറി ഒച്ചിനെപ്പോലെ ഉൾവലിയുന്നു; വേറെ ചിലർ വിചിത്രമായ വേഷവിധാനങ്ങളോ, കേശാലങ്കാരങ്ങളോ, സൗന്ദര്യവർദ്ധനാമാർഗങ്ങളോ തേടുന്നു. മറ്റു ചിലർ ശ്രദ്ധയും അധികാരവും നേടാൻ ശ്രമിക്കുന്നു.

ഈ വിപത്തിന്റെ ഒരു പ്രധാന കാരണം തങ്ങളെപ്പറ്റിത്തന്നെയുള്ള മതിപ്പില്ലായ്മയാണെന്നു പറയാം. തങ്ങൾ ദൈവത്തിനും മറ്റു മനുഷ്യർക്കും വിലപ്പെട്ടവരും പ്രാധാന്യമുള്ളവരും ആകുന്നുവെന്ന് വിശ്വസിക്കുവാൻ അവർക്കാകുന്നില്ല. ഇവിടെയാണ് മാതാപിതാക്കൾ തങ്ങളുടെ സഹായഹസ്തം നീട്ടേണ്ടത്. ഓരോരുത്തരെയും കുറിച്ചുള്ള ഉത്തമവും അതുല്യവുമായ ദൈവികപദ്ധതിയെപ്പറ്റിയുള്ള ബോധ്യം നാം മക്കൾക്ക് പകർന്നു കൊടുക്കണം.

**സ്വയം സ്വീകരിക്കൽ(self acceptance)**

ദൈവം തന്റെ സർവ്വജ്ഞാനത്തിൽ നമ്മെ ഓരോരുത്തരെയും സൃഷ്ടിച്ചാക്കിയിരിക്കുന്നത് ഏറ്റവും ഉത്തമവും അതുല്യവുമായ നിലയിലാകുന്നുവെന്ന് ഓരോരുത്തരും അംഗീകരിക്കണം.-ഇതാണ് ആദ്യപടി. ഇതിനെ 'സ്വയം സ്വീകരിക്കൽ' എന്ന് വിളിക്കാം. നമ്മെ സംബന്ധിച്ച ദൈവത്തിന്റെ പദ്ധതി കുറ്റമറ്റതും തികവുള്ളതുമാകുന്നു. പ്രവാചകനായ യെശയ്യാവ് പ്രസ്താവിച്ചതു കേൾക്കുക: "എങ്കിലോ യഹോവേ നീ ഞങ്ങളുടെ പിതാവ്; ഞങ്ങൾ കളിമണ്ണും നീ ഞങ്ങളെ മെനയുന്നവനും ആകുന്നു; ഞങ്ങൾ എല്ലാവരും നിന്റെ കൈപ്പണിയത്രേ".4 പൗലൊസ്അപ്പൊസ്തലനും എഴുതിയിരിക്കുന്നു: "മനഞ്ഞിരിക്കുന്നത് മനഞ്ഞവനോട്: നീ എന്നെ ഇങ്ങനെ ചമച്ചത് എന്തേ എന്നു ചോദിക്കുമോ? അല്ല, കുശവന് അതേ മൺകട്ടയിൽ നിന്ന് ഒരു പാത്രം മാനത്തിനും മറ്റൊരു പാത്രം അപമാനത്തിനും ഉണ്ടാക്കാൻ മണ്ണിന്മേൽ അധികാരം ഇല്ലയോ?"5.

**കൃഷി, ബിസിനസ്, ഉദ്യോഗം, ആത്മീയപ്രവർത്തനങ്ങൾ എന്നിത്യാദികൾ കാരണം മറ്റു ചിലർക്ക് മക്കളെ സ്നേഹിക്കാനോ അംഗീകരിക്കുവാനോ കഴിയുന്നില്ല. ധനസമ്പാദനം, ജീവിതസൗകര്യങ്ങൾ, സാമൂഹികമാന്യത ഇവയൊക്കെയാണവരുടെ മുൻഗണന. മക്കൾക്ക് അംഗീകാരമോ പ്രോത്സാഹനമോ നൽകാൻ ഈ കൂട്ടർക്ക് സമയമേയില്ല.**

കുട്ടികളോ ,യുവാക്കളോ, മുതിർന്നവരോ ഏതു പ്രായക്കാരുമാകട്ടെ, ദൈവം നമ്മെ ഏതുവിധമാണ് സൃഷ്ടിച്ചിരിക്കുന്നത് എന്ന വസ്തുത നാം അപ്പാടെ സ്വീകരിച്ചേ മതിയാകൂ. നമുക്ക് വ്യത്യാസപ്പെടുത്താൻ കഴിയാത്ത നിരവധി ഘടകങ്ങൾ നമ്മുടെ ജീവിതത്തിലുണ്ട്. മാതാപിതാക്കൾ,സ

(ശേഷം പേജ് 42 ൽ)

ചിന്തയ്ക്ക്

# സമൃദ്ധിയുടെ സുവിശേഷം: ഒരു വിയോജനക്കുറിപ്പ്

**ജോൺ പൈപ്പർ**

**സ**മൃദ്ധിയുടെ സുവിശേഷം പ്രസംഗിക്കുന്ന സഭകളെക്കുറിച്ച് വായിക്കുമ്പോൾ എന്റെ പ്രതികരണം എപ്പോഴും ഇങ്ങനെയാണ്: "ഞാൻ യഥാർത്ഥ ക്രിസ്തീയതയെ രുചിച്ചറിഞ്ഞിരുന്നില്ലെങ്കിൽ പോലും ഞാനിതു സ്വീകരിക്കുമായിരുന്നില്ല." മറ്റൊരു വിധത്തിൽ പറഞ്ഞാൽ, 'ഇതാണ് യേശുവിന്റെ സന്ദേശമെങ്കിൽ എനിക്കിതു വേണ്ട. നന്ദി.'

പണക്കാരനാകാൻ വേണ്ടി ആളുകളെ യേശുവിന്റെ അടുത്തേക്കു വിളിക്കുന്നത് വഞ്ചനാത്മകവും മരണകരവും ആണ്. അത് വഞ്ചനാത്മകമാണ്. കാരണം 'നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളത് ഒക്കെയും വിട്ടുപിരിയുന്നില്ല എങ്കിൽ അവന് എന്റെ ശിഷ്യനായിരിക്കുവാൻ കഴിയുകയില്ല' എന്ന് ( ലൂക്കോ 14:33 ) യേശു തന്നെ പറഞ്ഞിട്ടുണ്ട്. അത് മരണകരമാണ്. കാരണം 'ധനികനാകുവാൻ ആഗ്രഹിക്കുന്നവൻ പരീക്ഷയിലും കെണിയിലും കുടുങ്ങും' (1 തിമൊ.6:9)

അതു കൊണ്ട് സുവിശേഷപ്രഘോഷകരോടുള്ള എന്റെ അപേക്ഷ ഇതാണ്:

*(1). ആളുകൾ സ്വർഗ്ഗത്തിൽ പോകുന്നതു പ്രയാസകരമാക്കുന്ന ഒരു തത്ത്വചിന്ത വികസിപ്പിച്ചെടുക്കാതിരിക്കുക.*

യേശു പറഞ്ഞു ധനികൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത് എത്ര പ്രയാസം! അതു കേട്ടപ്പോൾ അവിടത്തെ ശിഷ്യന്മാർ അമ്പരന്നു പോയി. - 'സമൃദ്ധിയുടെ ശുശ്രൂഷ'കന്മാരുടെ പ്രചാരകന്മാരെപ്പോലെ'. അപ്പോൾ യേശു അവരുടെ അമ്പരപ്പ് അൽപം കൂടി വർദ്ധിപ്പിക്കാനെന്നവണ്ണം നിലവാരം അൽപം കൂടി ഉയർത്തിക്കൊണ്ട് ഇങ്ങനെ പറഞ്ഞു: "ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പം!" അതു കേട്ട് അവർ അവിശ്വസനീയതയോടെ പ്രതികരിച്ചു: "അങ്ങനെയെങ്കിൽ ആർക്കു രക്ഷ പ്രാപിപ്പാൻ കഴിയും?". കർത്താവിന്റെ മറുപടി: " മനുഷ്യർക്ക് അസാദ്ധ്യം എന്നാൽ ദൈവത്തിനു സാധ്യം! ദൈവത്തിനെല്ലാം സാധ്യമാണ്" (മർക്കോസ്.10:23-27)

സമൃദ്ധിയുടെ സുവിശേഷത്തിന്റെ പ്രചാരകന്മാരോട് എനിക്കുള്ള ചോദ്യം ഇതാണ്: "കാര്യങ്ങൾ ഇങ്ങനെയെങ്കിൽ, നിങ്ങൾ എന്തിനാണ് ആളുകൾക്ക് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാൻ പ്രയാസമുള്ള കാര്യത്തിന് ഊന്നൽ നൽകുന്ന ഒരു തത്ത്വചിന്ത വികസിപ്പിച്ചെടുക്കുന്നത്?".

*(2). ആളുകളിൽ ആത്മഹത്യാപ്രവണത വളർത്തുന്ന ഒരു തത്ത്വചിന്ത വളർത്തിയെടുക്കാതിരിക്കുക*

പൗലൊസ് എഴുതി: "തൃപ്തിയോടു കൂടിയ ദൈവഭക്തി വലിയ ആദായം ആണ്. ഇഹലോകത്തിലേക്കു നാം ഒന്നും കൊണ്ടു വന്നിട്ടില്ല. ഇവിടെ നിന്നും യാതൊന്നും കൊണ്ടു പോകാൻ കഴിയുന്നതുമല്ല. ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു നാം വിചാരിക്കുക." പക്ഷേ തുടർന്നു ധനികനാകാനുള്ള ആഗ്രഹത്തിനെതിരെ പൗലോസ് മുന്നറിയിപ്പു നൽകുന്നു. ധനത്തോടുള്ള ആശ ഒഴിവാക്കാതെ, സമ്പന്നനാകാനുള്ള ആഗ്രഹത്തെ പ്രോൽസാഹിപ്പിക്കുന്ന പ്രസംഗകർക്ക് അദ്ദേഹം ഭംഗ്യന്തരേണ ഇങ്ങനെ താക്കീതു നല്കുന്നു: " ധനികന്മാരാകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കണിയിലും കുടുങ്ങുകയും മനുഷ്യർ സംഹാരനാശങ്ങളിൽ മുങ്ങിപ്പോകുവാൻ ഇട വരുന്ന മൗഢ്യവും ദോഷകരവുമായ പല മോഹങ്ങൾക്കും ഇരയായിത്തീരുകയും ചെയ്യുന്നു. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ."( 1 തിമോ.6: 6-10). അതുകൊണ്ട് സമൃദ്ധിയുടെ പ്രസംഗകരോടുള്ള എന്റെ ചോദ്യം ഇതാണ്:മനുഷ്യർ സംഹാരനാശങ്ങളിൽ മുങ്ങിപ്പോകുവാൻ ഇട വരുന്ന ഒരു ചിന്താപദ്ധതി വികസിപ്പിച്ചെടുക്കാൻ നിങ്ങൾ എന്തിനാണ് ഒരുമ്പെടുന്നത്?.

*3. പുഴുവിനും തുരുമ്പിനും വിധേയമായ ഒരു തത്ത്വ ചിന്ത വളർത്തിയെടുക്കാതിരിക്കുക*

ഭൂമിയിൽ നിക്ഷേപം സ്വരൂപിക്കുന്നതിനെതിരെ യേശു മുന്നറിയിപ്പു നല്കിയിട്ടുണ്ട്. പൂഴ്ത്തിവയ്ക്കുന്നവരായിട്ടല്ല നല്കുന്നവരായിട്ടിരിക്കാനാണ് അവിടുന്ന് പറഞ്ഞത്. "പുഴുവും തുരുമ്പും കെടുക്കുകയും കള്ളന്മാർ തുരന്ന് മോഷ്ടിക്കുകയും ചെയ്യുന്ന ഈ ഭൂമിയിൽനിക്ഷേപം സ്വരൂപിക്കരുത്. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്ന് മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചു കൊൾവീൻ" (മത്തായി.6:19).

അതേ, നാമെല്ലാം ചിലതു പിടിച്ചു വയ്ക്കുന്നു. അത്യാഗ്രഹത്തോട് ഉള്ളിൽ തന്നെ ഒരു ചായവ് ഉണ്ടു താനും. അങ്ങനെയെങ്കിൽ യേശുവിൽ നിന്നു ശ്രദ്ധമാറ്റി കാര്യങ്ങളെ തലകീഴായി കാണുന്നതിനെ നാം എന്തിനു







ദൈവവചനമാണ് നമുക്കു ജീവൻ നൽകുന്നത്. ഈ വചനത്തെ ഞെരുക്കി അതിന്റെ ഫലപ്രാപ്തിയെ നശിപ്പിച്ചു കളയാൻ ധനത്തോടുള്ള ദുരാശയ്ക്കു കഴിയും! മുള്ളിനിടയിൽ മുളച്ചു വരുന്ന വിത്തിനെ അത് ഞെരിച്ചു കളയുന്നതിനോടാണ് യേശു ഇതിനെ താരതമ്യം ചെയ്തിരിക്കുന്നത്.

പ്രോൽസാഹിപ്പിക്കണം?.

*4. കഠിനാദ്ധ്വാനത്തെ ധനം സമ്പാദിക്കാനുള്ള മാർഗ്ഗമാക്കിത്തീർക്കുന്ന ഒരു ചിന്താ പദ്ധതി വികസിപ്പിച്ചെടുക്കാതിരിക്കുക*

നാം മോഷ്ടിക്കരുതെന്ന് പൗലോസ് പറഞ്ഞു. കൈ കൊണ്ട് കഠിനാദ്ധ്വാനം ചെയ്യണം. പക്ഷേ അതിന്റെ ഉദ്ദേശ്യം കൂട്ടി വയ്ക്കാനോ ഉണ്ടാക്കുവാനോ അല്ല. മറിച്ച് അത് കൊടുക്കാനായി ഉണ്ടായിരിക്കേണ്ടതിനു വേണ്ടിയാണ്. " കള്ളൻ ഇനി കക്കാതെ മുട്ടുള്ളവനു ദാനം ചെയ്യുവാൻ ഉണ്ടാകേണ്ടതിനു കൈകൊണ്ട് നല്ലത് പ്രവർത്തിച്ച് അദ്ധ്വാനിക്കയത്രേ വേണ്ടത്." (എഫേസ്യർ.4:28) . കൂടുതൽ കൊടുക്കാനുണ്ടാകേണ്ടതിനു വലിയ ധനികൻ ആകാനുള്ള ഒരു ന്യായീകരണമായി എടുക്കാതിരിക്കുക. കൂടുതൽ ഉണ്ടാക്കി കുറച്ചു സൂക്ഷിച്ചുവച്ച് കൂടുതൽ കൊടുക്കാനുള്ള ഒരു വിളിയാണിത്. കൂടുതൽ ഉണ്ടെന്നു വച്ച് നമ്മുടെ ജീവിതനിലവാരം ഉയരേണ്ടതില്ല. ഒരു യുദ്ധകാല ജീവിതചര്യ സ്വീകരിക്കുക. ചെലവുകൾ വെട്ടിക്കുറച്ചു മിച്ചമുള്ളതു കൊടുക്കുക. ഔദാര്യശാലിയായ ഒരുസംഭാവനക്കാരൻ ആകാൻ വേണ്ടി സ്വത്ത് കൈവശം വയ്ക്കണമെന്ന് ചിന്തിക്കാൻ നിങ്ങൾ എന്തിന് ആളുകളെ പ്രോൽസാഹിപ്പിക്കുന്നു?. തങ്ങളുടെ ജീവിതം കൂടുതൽ സാധാരണമാക്കിക്കൊണ്ട് കൂടുതൽ നൽകുന്ന ഒരാളായിരിക്കാൻ നിങ്ങൾ എന്തു കൊണ്ട് ആളുകളെ പ്രോൽസാഹിപ്പിക്കുന്നില്ല?. അങ്ങനയാകുമ്പോൾ ക്രിസ്തു തന്നെയാണു തങ്ങളുടെ നിക്ഷേപം, അല്ലാതെ സമ്പാദ്യമല്ല, എന്ന സാക്ഷ്യം ശക്തമായി നൽകുവാൻ അവർക്ക് കഴിയുകയില്ലേ?.

*5. ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ കുറച്ചു മാത്രം ആശ്രയിക്കാൻ പ്രേരിപ്പിക്കുന്ന ഒരു തത്ത്വചിന്ത വളർത്തിയെടുക്കാതിരിക്കുക.*

ഉള്ളതു കൊണ്ട് തൃപ്തിപ്പെടാൻ എബ്രായ ലേഖനകാരൻ പറയുന്നതിന്റെ കാരണം ശ്രദ്ധിക്കുക. ദൈവിക വാഗ്ദാനങ്ങളിൽ ആശ്രയിക്കുന്നതിനോട് ചേർന്നാണ് ഈ കാര്യം പറഞ്ഞിരിക്കുന്നത്. നോക്കുക: "നിങ്ങളുടെ നടപ്പ് ദ്രവ്യാഗ്രഹമില്ലാത്തതായിരിക്കട്ടെ. ഉള്ളതു കൊണ്ട് തൃപ്തിപ്പെടുവീൻ 'ഞാൻ നിന്നെ ഒരു നാളും തള്ളിക്കളയുകയില്ല ഉപേക്ഷിക്കുകയുമില്ല.' എന്ന് അവൻ തന്നെ അരുളിച്ചെയ്തിരിക്കുന്നുവല്ലോ. ആകയാൽ കർത്താവെനിക്കു തുണ. ഞാൻ പേടിക്കുകയില്ല. മനുഷ്യൻ എന്നോടെന്തു ചെയ്യും എന്നു നമുക്ക് ധൈര്യത്തോടു പറയാം." (എബ്രായർ 13:5-6)

ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ടാൽ ദൈവിക വാഗ്ദാനങ്ങൾ നമുക്ക് തുണ നിൽക്കുകയും അവിടന്ന് നമ്മെ കൈവിടാതെ കാക്കുകയും ചെയ്യുമെങ്കിൽ, ഉള്ളതു കൊണ്ട് തൃപ്തരാകാതെ ധനികരാകാൻ ശ്രമിക്കണമെന്ന് നാം ആളുകളെ ഉപദേശിക്കുന്നത് എന്തിന്?.

*6. ആളുകളെ ഞെരുക്കുന്ന ഒരു തത്ത്വചിന്തയെ പ്രോൽസാഹിപ്പിക്കാതിരിക്കുക*

ദൈവവചനമാണ് നമുക്കു ജീവൻ നൽകുന്നത്. ഈ വചനത്തെ ഞെരുക്കി അതിന്റെ ഫലപ്രാപ്തിയെ നശിപ്പിച്ചു കളയാൻ ധനത്തോടുള്ള ദുരാശയ്ക്കു കഴിയും! മുള്ളിനിടയിൽ മുളച്ചു വരുന്ന വിത്തിനെ അത് ഞെരിച്ചു കളയുന്നതിനോടാണ് യേശു ഇതിനെ താരതമ്യം ചെയ്തിരിക്കുന്നത്. "മുള്ളിനിടയിൽ വീണതോ കേൾക്കുന്നവർ എങ്കിലും പോയി........ധനത്താലും.......ഞെരുങ്ങി പൂർണ്ണമായി ഫലം കൊടുക്കാത്തവരത്രേ".

നമ്മെ ഞെരിച്ചു നശിപ്പിക്കുമെന്ന് യേശു മുന്നറിയിപ്പു നൽകിയ ഒന്ന്





വ്യഗ്രതയോടെ അന്വേഷിക്കാൻ നമ്മൾ എന്തിന് ആളുകളെ പ്രേരിപ്പിക്കണം?.

*7. ഉപ്പിന്റെ കാരത്തെ ഇല്ലാതാക്കുന്നതും വെളിച്ചത്തെ പറയിൻ കീഴിൽ വയ്ക്കുന്നതുമായ ഒരു ചിന്തയെ വളർത്തിയെടുക്കാതിരിക്കുക*

ക്രിസ്ത്യാനികളെ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ വെളിച്ചവും ആക്കിത്തീർക്കുന്നത് എന്താണ് ?. അതു തീർച്ചയായും ധനമല്ല. ധനത്തിനായുള്ള ആഗ്രഹവും അതിനായുള്ള അന്വേഷണവും ലോകത്തിന്റെ തന്നെ രുചിയും വെളിച്ചവുമാണ് നൽകുന്നത്. ലോകം സ്വാഭാവികമായിത്തന്നെ വിശ്വസിച്ചു പോരുന്നതിൽ നിന്നു വ്യത്യസ്തമായി ഒന്നും നൽകുവാൻ ഈ സമൃദ്ധിയുടെ സുവിശേഷത്തിനു കഴിയുന്നില്ല. സമൃദ്ധിയുടെ സുവിശേഷത്തിന്റെ ഏറ്റവും വലിയ ദുരന്തം ഇതാണ്: ഈ സുവിശേഷം സ്വീകരിക്കുവാൻ ഒരുവൻ ആത്മീയമായി ഉണർത്തപ്പെടേണ്ട ആവശ്യമേയില്ല. മറിച്ച് ഒരുവൻ അത്യാഗ്രഹിയായാൽ മതി. യേശുവിന്റെ സഹായത്തോടെ ഒരുവൻ ധനികനാകുന്നത് ഒരുവനെ ഭൂമിയുടെ ഉപ്പോ ലോകത്തിന്റെ വെളിച്ചമോ ആക്കുന്നില്ല. ഈ സുവിശേഷത്തിൽ ലോകം അതിന്റെ മുഖം തന്നെയാണ് പ്രതിഫലിച്ചു കാണുന്നത്. ഇതു പ്രായോഗികമാണെങ്കിൽ രണ്ടു കൈയും നീട്ടി ഇതു സ്വീകരിക്കുവാൻ ലോകത്തിനു സന്തോഷമേയുള്ളൂ.

'ഭൂമിയുടെ ഉപ്പാകുക, ലോകത്തിന്റെ വെളിച്ചമാകുക' എന്ന കാര്യം യേശു ഏതു സാഹചര്യത്തിലാണു പറഞ്ഞത് എന്നു ശ്രദ്ധിക്കുക. ക്രിസ്തുവിനു വേണ്ടി സന്തോഷത്തോടെ കഷ്ടം അനുഭവിക്കുന്നതിനെക്കുറിച്ചു പറഞ്ഞ സാഹചര്യത്തിലാണ് അവിടുന്ന് ഇത് പറയുന്നത്. "എന്റെ നിമിത്തം നിങ്ങളെ പഴിക്കുകയും ഉപദ്രവിക്കുകയും നിങ്ങളെക്കൊണ്ട് എല്ലാ തിന്മയും കളവായി പറകയും ചെയ്യു

**ലോകം സ്വാഭാവികമായിത്തന്നെ വിശ്വസിച്ചു പോരുന്നതിൽ നിന്നു വ്യത്യസ്തമായി ഒന്നും നൽകുവാൻ ഈ സമൃദ്ധിയുടെ സുവിശേഷത്തിനു കഴിയുന്നില്ല. സമൃദ്ധിയുടെ സുവിശേഷത്തിന്റെ ഏറ്റവും വലിയ ദുരന്തം ഇതാണ്: ഈ സുവിശേഷം സ്വീകരിക്കുവാൻ ഒരുവൻ ആത്മീയമായി ഉണർത്തപ്പെടേണ്ട ആവശ്യമേയില്ല. മറിച്ച് ഒരുവൻ അത്യാഗ്രഹിയായാൽ മതി.**

മ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ........... നിങ്ങൾക്കു മുമ്പെയുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ അങ്ങനെ തന്നെ ഉപദ്രവിച്ചുവല്ലോ......നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു.....നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു" (മത്തായി 5:11-14).

നാം ലോകക്കാരെപ്പോലെ പണത്തെ സ്നേഹിക്കുന്നവരാണെങ്കിൽ അവർക്കു നമ്മിൽ ക്രിസ്തുവിന്റെ വെളിച്ചം കാണുവാനോ അവിടുത്തെ സ്വാദു രുചിക്കുവാനോ സാധ്യമല്ല. മറിച്ച് സ്വർഗ്ഗത്തിൽ തങ്ങളുടെ പ്രതിഫലം വലുതാക കൊണ്ട്, കഷ്ടതയിലും മറ്റുള്ളവരെ സ്നേഹിക്കാൻ ക്രിസ്ത്യാനികൾക്കു കഴിഞ്ഞാൽ ലോകത്തിനു അതു കാണുവാനും രുചിക്കുവാനും കഴിയും. കാരണം സാധാരണ മനുഷ്യന് ഇത് സാധ്യമല്ല. ഇത് അലൗകികമാണ്.

എന്നാൽ സമൃദ്ധിയുടെ വാഗ്ദാനം കൊണ്ട് ആളുകളെ ആകർഷിക്കുന്നത് തികച്ചും ലൗകികവും സാധാരണവുമാണ്. യേശുവിന്റെ സന്ദേശം ഇതല്ല, ഇത് നേടുവാൻ വേണ്ടിയല്ല യേശു മരിച്ചതും.

വചനം

# അപവാദിയെ ജയിക്കുക

ജെസിപെൻ ലൂയിസ്

“**അ**പ്പോൾ ഞാൻ സ്വർഗ്ഗത്തിൽ ഒരു മഹാശബ്ദം പറഞ്ഞു കേട്ടത്....... നമ്മുടെ സഹോദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമത്തുന്ന അപവാദിയെ തള്ളിയിട്ടുവല്ലോ.അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു. മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല” (വെളിപ്പാട് 12:10,11)

നിങ്ങളുടെ ശത്രുവിന്റെ ഒരു പ്രത്യേകത അവന്റെ പേരിൽ നിന്നു തന്നെ വ്യക്തമാണ്- അപവാദി. (“നമ്മുടെ സഹോദരന്മാരെ രാപ്പകൽ.....കുറ്റം ചുമത്തുന്ന അപവാദി.”)

നിങ്ങളെ തോൽപ്പിക്കാനുള്ള അവന്റെ ഏറ്റവും വലിയ തന്ത്രങ്ങളിലൊന്ന് നിരന്തരമായ കുറ്റപ്പെടുത്തലാണ്.നിങ്ങളുടെ മനസ്സിലേക്കവൻ രാവിലെയും ഉച്ചയ്ക്കും വൈകിട്ടും കുറ്റപ്പെടുത്തുന്ന ചിന്തകളുടെ ഒരു പ്രവാഹം തന്നെ തുറന്നു വിടുന്നു. ‘നീ തെറ്റിപ്പോയി, നീ ദൈവഹിതത്തിനു പുറത്താണ്’ എന്നിങ്ങനെ.

നിങ്ങൾ ധരിക്കുന്നത് ഈ ചിന്തകൾ നിങ്ങളുടേതാണെന്നാണ്. എന്നാൽ അവയുടെ ഉദ്ഭവം നിങ്ങളിൽ നിന്നല്ല. അത് നിങ്ങളുടെ സന്തോഷം കവർന്നു കളഞ്ഞിരിക്കുന്നു. നിങ്ങൾ ഒരു തൊട്ടാവാടിയായിപ്പോയതാണ് പ്രശ്നം എന്ന് സുഹൃത്തുക്കൾ പറഞ്ഞേക്കാം. ഇതു നിങ്ങളുടെ സ്വഭാവത്തിന്റെ ഒരു പ്രത്യേകതയാണെന്ന് മറ്റു ചിലർ വിലയിരുത്തിയേക്കാം. ഏതായാലും നിങ്ങൾ ദുഃഖിതനും വിഷാദമഗ്നനുമായിത്തീരുന്നു.

നിങ്ങൾ ദൈവത്തിനു വേണ്ടി ശക്തവും ഭയരഹിതവുമായ ഒരു ശുശ്രൂഷ ചെയ്യുന്നതിനെ ഈ കുറ്റംവിധി തടസ്സപ്പെടുത്തുന്നില്ലേ?. ഈ സ്വയം കുറ്റപ്പെടുത്തലിന്റെ നിരന്തരമായ പ്രവാഹം മൂലം ഒരു കാര്യവും സന്തോഷത്തോടെ ചെയ്യുവാൻ നിങ്ങൾക്ക് കഴിവില്ലാതെ പോകുന്നു. നിങ്ങൾക്ക് സംസാരിക്കാൻ കഴിയുന്നില്ല. പ്രാർത്ഥിക്കുവാൻ കഴിയുന്നില്ല. അത് നിങ്ങളെ വിമ്മിട്ടപ്പെടുത്തുന്നു. നിങ്ങളുടെ മുഖത്തെ മന്ദഹാസം മായിച്ചുകളഞ്ഞിരിക്കുന്നു.

നിങ്ങൾ എന്താകണമോ അതായിട്ടില്ല എന്നു നിരന്തരം നിങ്ങൾക്കു തോന്നുന്നു. ഇന്ന ആളിനെപ്പോലെ ആയിരുന്നെങ്കിൽ സന്തുഷ്ടനായിരിക്കാൻ കഴിയുമെന്ന് നിങ്ങൾ ആശിക്കും. ആ സഹോദരനുള്ള നന്മകൾക്കായി നിങ്ങളും അന്വേഷിക്കും. പക്ഷേ മറ്റുള്ളവർക്കെല്ലാം അതു കിട്ടും -നിങ്ങൾക്കൊഴിച്ച്. വാടിയ മുഖവും കനം തൂങ്ങുന്ന ആത്മാവുമായി നിങ്ങൾ പിന്തിരിയുമ്പോൾ ഉള്ളിൽ നിന്നു വീണ്ടും പരിഹാസത്തിന്റെ വാക്കുകൾ ‘‘നിനക്ക് എപ്പോഴും തെറ്റും . ഒരു കാര്യവും ശരിയായി ചെയ്യാൻ നിനക്കു കഴിയുകയില്ല.”

കുറ്റപ്പെടുത്തുന്ന ചിന്തകളിൽ സദാ സമയവും മനസ്സിനെ തളച്ചിടുന്നത് ആരാണെന്നു നിങ്ങൾ തിരിച്ചറി





യേണ്ടതുണ്ട്. അത് അവനാണ്-അപവാദി.

സാത്താൻ തന്റെ ദുഷ്ടത്മാക്കളെക്കൊണ്ടാണ് ഈ പ്രവൃത്തി ചെയ്യിക്കുന്നത്. അവ നിലയ്ക്കാത്ത ഒരു ദൃക്സാക്ഷി വിവരണം പോലെ നിരന്തരം കുറ്റപ്പെടുത്തലിന്റെ സ്വരത്തിൽ നിങ്ങളോട് മന്ത്രിച്ചു കൊണ്ടിരിക്കും. ആ കുറ്റപ്പെടുത്തുന്ന മന്ത്രണത്തെ തിരിച്ചറിയുകയാണ് ആദ്യം വേണ്ടത്. അത് നിങ്ങളുടെ ചിന്തകൾ അല്ല. നിങ്ങൾ ‘ആഗ്രഹിക്കാത്ത ആ ചിന്തകൾ’ ബലമായി നിങ്ങളുടെ മനസ്സിൽ അടിച്ചേൽപിക്കുകയാണ്.

ആ മന്ത്രണത്തെ തിരിച്ചറിയുമ്പോൾ വിടുതലിലേക്കുള്ള ആദ്യത്തെ ചുവട് നിങ്ങൾ വച്ചു കഴിഞ്ഞു. “ഞാൻ വിചാരിച്ചു ഈ ചിന്തകൾ എന്റേതാണെന്ന്, എന്നാൽ അവ എന്റേതല്ല. അപവാദിയായ സാത്താന്റേതാണ് അവയെന്ന് ഞാനിപ്പോൾ തിരിച്ചറിയുന്നു. ഭോഷ്കിന്റെ ആത്മാവായ അവനിൽ നിന്നു ഇനി കൂടുതൽ ഭോഷ്ക് ഞാൻ സ്വീകരിക്കുകയില്ല.”എന്ന് സ്വയം പറയുക.

ഭോഷ്കിന്റെ ആത്മാവ്, നിരന്തരം നിങ്ങളെപ്പറ്റിയുള്ള നുണകൾ ചെവിയിൽ മന്ത്രിക്കുന്നത്, സന്തോഷമായിരിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നതിൽ നിന്നു നിങ്ങളെ തടയുവാനാണ്. സാക്ഷ്യം പറയുന്നതിൽ നിന്ന്, പ്രാർത്ഥിക്കുന്നതിൽനിന്ന്, ദൈവത്തിനു വേണ്ടി എന്തെങ്കിലും ശുശ്രൂഷ ചെയ്യുന്നതിൽ നിന്ന് എല്ലാം നിങ്ങളെ തടയുവാനാണ് രാവിലെയും ഉച്ചയ്ക്കും വൈകിട്ടുമുള്ള ഈ കുറ്റപ്പെടുത്തൽ.

മനഃസാക്ഷിയുടെ കുറ്റപ്പെടുത്തലിനെക്കുറിച്ചല്ല ഞാൻ ഇവിടെ പറയുന്നത്. അവ തമ്മിൽ വ്യത്യാസമുണ്ട്. “നിനക്കറിയാം നീയിവിടെ തെറ്റിപ്പോയെന്ന്” എന്ന് പരിശുദ്ധത്മാവ് മനഃസാക്ഷിയിൽ നൽകുന്ന ആഴമായ ബോധ്യവും, ശത്രുവിന്റെ അലട്ടുന്ന മന്ത്രണവും രണ്ടും രണ്ടാണ്.

ഭോഷ്കിന്റെ ആത്മാവ് മറ്റുള്ളവരെക്കുറിച്ചു നിങ്ങളോട് അപവാദം പറയും. മറ്റുള്ളവരെക്കുറിച്ചുള്ള ഈ കുറ്റംവിധിയും നിങ്ങളുടെ ഹൃദയത്തിൽ നിന്നോ ഇച്ഛയിൽ നിന്നോ അല്ല. കണ്ടു മുട്ടുന്ന ഓരോരുത്തരെക്കുറിച്ചും ഈ ദുഷ്ടാത്മാക്കൾ നിങ്ങളുടെ ചെവിയിൽ ഓരോന്നു മന്ത്രിക്കാറില്ലേ?. നിങ്ങൾ ആ മന്ത്രണം ശ്രദ്ധിക്കുകയും അവ സ്വീകരിക്കയും ചെയ്യരുത്. നിങ്ങളിൽ നിന്നോ പരിശുദ്ധാത്മാവിൽ നിന്നോ അല്ല നിങ്ങളുടെ സഹോദരനെക്കറിച്ചുള്ള ദയയില്ലാത്ത ആ ചിന്തകൾ വരുന്നത്. അവ ഭോഷ്കിന്റെ ആത്മാവിൽ നിന്നുമാണ്. ഭോഷ്കിന്റെ ആത്മാക്കൾ, സ്വയംകുറ്റപ്പെടുത്തലിന്റെയും സഹോദരന്മാരെക്കുറിച്ചുള്ള കുറ്റംവിധിയുടെയും വാക്കുകൾ ചെവിയിൽ മന്ത്രിച്ച് എത്രയോ വിശ്വാസികളെയാണ് സഭയിൽ ദുർബലരും മുൻവിധിയുള്ളവരുമായി മാറ്റിയിരിക്കുന്നത്!.

നിങ്ങൾ എന്താകണമോ അതായിട്ടില്ല എന്നു നിരന്തരം നിങ്ങൾക്കു തോന്നുന്നു. ഇന്ന ആളിനെപ്പോലെ ആയിരുന്നെങ്കിൽ സന്തുഷ്ടനായിരിക്കാൻ കഴിയുമെന്ന് നിങ്ങൾ ആശിക്കും. ആ സഹോദരനുള്ള നന്മകൾക്കായി നിങ്ങളും അന്വേഷിക്കും. പക്ഷേ മറ്റുള്ളവർക്കെല്ലാം അതു കിട്ടും -നിങ്ങൾക്കൊഴിച്ച്. വാടിയ മുഖവും കനം തൂങ്ങുന്ന ആത്മാവുമായി നിങ്ങൾ പിന്തിരിയുമ്പോൾ ഉള്ളിൽ നിന്നു വീണ്ടും പരിഹാസത്തിന്റെ വാക്കുകൾ “നിനക്ക് എപ്പോഴും തെറ്റും . ഒരു കാര്യവും ശരിയായി ചെയ്യാൻ നിനക്കു കഴിയുകയില്ല.”

ശരി. ഇക്കാര്യത്തിൽ ഇനി നിങ്ങൾ എന്താണ് ചെയ്യേണ്ടത്?

ഒന്നാമത് ദുഷ്ടത്മാക്കളിലൂടെ പ്രവർത്തിക്കുന്ന സാത്താനെ തിരിച്ചറിയുക. രണ്ടാമത് കുഞ്ഞാടിന്റെ രക്തത്തിന്റെ മറവിൽ നിന്ന് ശത്രുവിനോട് 'നീ തോൽപിക്കപ്പെട്ടവനാണെ'ന്ന് പറയുക. മൂന്നാമത് നിങ്ങളുടെ 'സാക്ഷ്യവചനം' നൽകുക. തോൽപിക്കപ്പെട്ട ശത്രുവിനോട് ക്രിസ്തുവിന്റെ വിജയത്തെ സാക്ഷിക്കുക- "എന്നെക്കുറിച്ചും മറ്റുള്ളവരെക്കുറിച്ചുമുള്ള നിന്റെ ഭോഷ്കിനെ ഞാൻ നിഷേധിക്കുന്നു."

ബൈബിൾ നുണയെ നുണ എന്നുതന്നെയാണ് വിളിക്കുന്നത്. അതുകൊണ്ട് ദുഷ്ടാത്മാക്കൾ ചെയ്യുന്നതിനെക്കുറിച്ചു പറയുമ്പോൾ ആ വാക്കിനെ മയപ്പെടുത്തേണ്ട കാര്യമില്ല. അവർ നുണയന്മാരാണ്. സാത്താനും അതു തന്നെ. 'ആദി മുതൽ അവൻ ഭോഷ്ക് പറയുന്നവനും അതിന്റെ അപ്പനും ആകുന്നു' എന്ന് കർത്താവു തന്നെ പറഞ്ഞിട്ടുണ്ടല്ലോ.

അവൻ ഭോഷ്ക് നിങ്ങളുടെ മനസ്സിൽ മന്ത്രിക്കുമ്പോൾ അതിനെ അവഗണിച്ച് നിങ്ങളുടെ പ്രവൃത്തിയുമായി മുമ്പോട്ട് പോകരുത്. അങ്ങനെ ഒന്നു സംഭവിക്കുന്നില്ലെന്നു ഭാവിച്ച് അവയെ മനസ്സിൽ നിന്നുകുടഞ്ഞുകളയാമെന്നും കരുതരുത്. അത് അങ്ങനെ പോകുകയില്ല.അത് അവിടെയുണ്ട്. അവഗണിക്കുകയല്ല, അതിനെ കൈകാര്യം ചെയ്യുകയാണ് വേണ്ടത്. ഒരു നിമിഷം ആ ചിന്തകൾ നിങ്ങളുടെ ഇച്ഛയിൽ നിന്നാണോ വരുന്നത് എന്ന് ശ്രദ്ധിക്കുക. അല്ലെന്ന് ബോധ്യമായാൽ സാക്ഷ്യവചനം നൽകുക. 'എന്നെക്കുറിച്ചും സഹോദരന്മാരെക്കുറിച്ചും സഭയെക്കുറിച്ചും ഭോഷ്കിന്റെ ആത്മാവു പറയുന്ന എല്ലാ നുണയും യേശുക്രിസ്തുവിന്റെ നാമത്തിൽ ഞാൻ നിഷേധിക്കുന്നു.' എന്നു പറയുക. 'ആ വാക്കുകൾക്ക് ഞാൻ ചെവി കൊടുക്കുകയില്ല, അവയെ ഞാൻ തള്ളിക്കളയുന്നു' എന്ന് പ്രഖ്യാപിക്കുക.

**ഭോഷ്കിന്റെ ആത്മാവ്, നിരന്തരം നിങ്ങളെപ്പറ്റിയുള്ള നുണകൾ ചെവിയിൽ മന്ത്രിക്കുന്നത്, സന്തോഷമായിരിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നതിൽ നിന്നു നിങ്ങളെ തടയുവാനാണ്. സാക്ഷ്യം പറയുന്നതിൽ നിന്ന്, പ്രാർത്ഥിക്കുന്നതിൽനിന്ന്, ദൈവത്തിനു വേണ്ടി എന്തെങ്കിലും ശുശ്രൂഷ ചെയ്യുന്നതിൽ നിന്ന് എല്ലാം നിങ്ങളെ തടയുവാനാണ് രാവിലെയും ഉച്ചയ്ക്കും വൈകിട്ടുമുള്ള ഈ കുറ്റപ്പെടുത്തൽ.**

സഭ ദുർബലവും ദൈവമക്കൾ ശക്തിയില്ലാത്തവരുമായിരിക്കുന്നതിന്റെ കാരണം ഇവിടെ കണ്ടെത്താം. അവർ ശത്രുവിനെ അറിയുന്നില്ല. ശത്രുവിനെ തിരിച്ചറിഞ്ഞ "അവനെ നിഷേധിച്ച് 'യേശുവിന്റെ നാമത്തിൽ പോകുക' എന്നു കൽപിച്ച് അവനെ പുറത്താക്കുന്നില്ല. 'പിശാചിനോട് എതിർത്തു നിൽപ്പീൻ, എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും' (യാക്കോബ് 4: 7)

"അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ട് ജയിച്ചു" എന്നു നാം വായിക്കുന്നു. വിശ്വാസിയാണ് കുഞ്ഞാടിന്റെ രക്തം മൂലം ഇവിടെ ജയിക്കേണ്ടത്. നിങ്ങൾക്കു വേണ്ടി യേശു ക്രൂശിൽ അവനെ തോൽപിച്ചു എന്നത് നേര്. പക്ഷേ ഇവിടെ യേശുവല്ല നിങ്ങൾ തന്നെയാണ് അവനെ ജയിക്കേണ്ടത്. കുഞ്ഞാടിന്റെ രക്തം ഹേതുവായി നിങ്ങൾ തന്നെ അവനെ ജയിക്കുക. 'ജയിക്കുന്നവന് ഞാൻ എന്നോടു കൂടെ സിംഹാസനത്തിൽ ഇരിക്കാൻ വരം നൽകും'(വെളിപ്പാട് 3:21)





സഹോദരൻ സ്നേഹിതനയച്ച കത്തുകൾ -V

# വിശ്വാസം എന്നതോ...

*പ്രിയ സുഹൃത്തേ,*

ദൈവസാന്നിദ്ധ്യബോധത്തിൽ നിരന്തരം വസിക്കുന്നതിനെക്കുറിച്ച് നാം തമ്മിൽ നടത്തി വരുന്ന കത്തിടപാടുകളുടെ ഭാഗമായി വിശ്വാസത്തെക്കുറിച്ചു ചില സംശയങ്ങൾ താങ്കൾ കഴിഞ്ഞ കത്തിൽ ചോദിച്ചിരുന്നല്ലോ. കത്തിനു നന്ദി. അതുകൊണ്ട് വിശ്വാസത്തെക്കുറിച്ചുള്ള ചില തെറ്റിദ്ധാരണകളെക്കുറിച്ചു തന്നെ എഴുതി അവസാനിപ്പിക്കാം.

'വിശ്വാസ'മാണ് ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനമായി നാം കാണുന്നത്. നാം സ്വയം 'വിശ്വാസികൾ' എന്ന് വിളിക്കയും ആ നിലയിൽ അന്യോന്യം സംബോധന ചെയ്യുകയും ചെയ്യാറുണ്ട്.. എന്നാൽ 'വിശ്വാസം' എന്നതു കൊണ്ട് നാം യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്നതെന്താണ്?

ചില കാര്യങ്ങളെക്കുറിച്ച് പറയുമ്പോൾ 'എനിക്കത്രത്തോളം വിശ്വാസമില്ല', 'എന്റെ വിശ്വാസത്തിന്റെ കുറവു കൊണ്ടാണ് ആ പ്രാർത്ഥനയ്ക്ക് മറുപടി ലഭിക്കാഞ്ഞത്' എന്നൊക്കെ നാം ചിന്തിക്കുകയും പറയുകയും ചെയ്യാറുണ്ടല്ലോ. ഇങ്ങനെ പറയുമ്പോൾ വിശ്വാസം എന്നത് നമ്മുടെ ഉള്ളിലുള്ള ഒരു കാര്യമായിട്ടാണ് നാം സങ്കല്പിക്കുന്നത്. നമ്മുടെ ഉള്ളിൽ വിശ്വാസത്തിന്റെ അളവു കൂടുതൽ ഉണ്ടെങ്കിൽ പ്രാർത്ഥനയ്ക്കു മറുപടി കിട്ടുന്നു. വിശ്വാസത്തിന്റെ അളവു കുറവാണെങ്കിൽ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുന്നില്ല.- ഈ രീതിയിലാണ് നാം ചിന്തിക്കുന്നത്

എന്നാൽ വിശ്വാസം നമ്മുടെ ഉള്ളിലുള്ള, ഉള്ളിൽ ഉത്പാദിപ്പിക്കപ്പെടുന്ന, ഒന്നാണെന്നുള്ള ധാരണ ശരിയല്ലെന്ന് പറയാൻ സദയം എന്നെ അനുവദിക്കുക. 'വിശ്വാസം ഉണ്ടോ' എന്നു ചോദിച്ചാൽ'ഉണ്ട് ഇതാണെന്റെ വിശ്വാസം' എന്ന് പറഞ്ഞ് എടുത്ത് കാണിക്കാൻ പാകത്തിലുള്ള എന്തോ ഒന്നാണ് വിശ്വാസം എന്ന ചിന്ത ദയവായി അവസാനിപ്പിക്കുക. പോക്കറ്റിൽ നിന്ന് ഒരു നാണയമോ ടിക്കറ്റോ എടുത്ത് കാണിക്കുന്നതു പോലെ നമ്മിൽ നിന്ന് എടുത്തു കാണിക്കേണ്ട ഒന്നാണ് വിശ്വാസം എന്ന ധാരണ പലരിലും അടിയുറച്ചു പോയിട്ടുണ്ടെന്നു തോന്നുന്നു. 'നിന്റെ വിശ്വാസം പോലെ നിനക്കു ഭവിക്കട്ടെ' 'നിന്റെ വിശ്വാസം നിന്നെ രക്ഷിക്കും' 'ഓരോരുത്തനു വിശ്വാസത്തിന്റെ അളവു പങ്കിട്ടതു പോലെ' എന്നെല്ലാമുള്ള വചനങ്ങളും വിശ്വാസികൾ തെറ്റിധരിച്ചിട്ടുണ്ടന്ന് തോന്നുന്നു.

വിശ്വാസം ഉള്ളിലല്ല. നമുക്കു പുറത്തുള്ള കാര്യത്തിലാണ്. ഇക്കാര്യം വ്യക്തമാക്കാൻ 'ഹന്ന വിറ്റാൾ സ്മിത്ത്' എന്ന ദൈവദാസി ഉപയോഗിച്ചിട്ടുള്ള രണ്ട് ഉദാഹരണങ്ങൾ ഞാനിവിടെ വിവരിക്കട്ടെ. നാം ഒരു ചെറിയ നദി കുറുകെ കടക്കാൻ പോകുന്നു എന്ന് വിചാരിക്കുക. ആ ചെറിയ നദിക്കു കുറുകെ രണ്ടു തരം പാലങ്ങളാണ് അക്കരെ കടക്കാനായിട്ടുള്ളത്. ഒന്ന്: ഒരു നീളമുള്ള മരത്തടി അക്കരെയിക്കരെയെ ബന്ധിപ്പിച്ച് കുറുകെയിട്ടിരിക്കുന്നു. സൂക്ഷിച്ചു ബാലൻസ് പിടിച്ചു

വേണം ഈ ഒറ്റത്തടി പാലത്തിലൂടെ നടക്കാൻ. കൈവരിയോ, പിടിക്കാൻ പാലത്തോട് ചേർന്ന് അക്കരെ ഇക്കരെ ബന്ധിപ്പിച്ച് കെട്ടിയിരിക്കുന്ന കയറോ ഒന്നുമില്ലാത്തതിനാൽ ജീവൻ കയ്യിലെടുത്ത് പിടിച്ചു വേണം ആ മരത്തടിയിലൂടെ നടക്കേണ്ടത്.

രണ്ടാമത്തെ പാലം തികച്ചും വ്യത്യസ്തമാണ്. അത് നല്ല ബലവത്തായി കോൺക്രീറ്റു കൊണ്ട് നിർമ്മിച്ചതും കൈവരികൾ ഉള്ളതുമായ ഒരു വലിയ പാലമാണ്

ഈ രണ്ടു പാലങ്ങൾ ഉള്ളതിൽ ഏതു പാലത്തെയായിരിക്കും താങ്കൾ 'വിശ്വസിക്കുക'? തീർച്ചയായും ആട്ടവും ഇളക്കവും ഇല്ലാത്ത ബലവത്തായ കോൺക്രീറ്റുപാലത്തെയായിരിക്കും വിശ്വസിക്കുക. ആ പാലത്തിന്റെ ഉറപ്പാണ് താങ്കളുടെ വിശ്വാസത്തിന്റെ അടിസ്ഥാനം. നോക്കുക ആ പാലം നിങ്ങളുടെ ഉള്ളിലല്ല പുറത്താണ്. വിശ്വാസം ലഭിക്കുന്നതിനായി നിങ്ങൾ ഉള്ളിലേക്കല്ല നോക്കുന്നത് മറിച്ച് പാലത്തിലേക്കാണ്. ആ പാലത്തിന്റെ 'അവസ്ഥ'യാണ് നിങ്ങളുടെ വിശ്വാസത്തിന് ആധാരം. പാലം ബലവത്താണെങ്കിൽ നിങ്ങൾക്ക് വിശ്വാസമുണ്ട്. പാലം ബലഹീനമാണെങ്കിൽ താങ്കൾക്കു വിശ്വാസമില്ല. ഇതല്ലേ വാസ്തവം?

മറ്റൊരു ഉദാഹരണം രണ്ടു ബാങ്കുകളെ സംബന്ധിച്ചുള്ളതാണ്. ഒരു ബാങ്ക് ശക്തമായ അടിത്തറയുള്ള, ഗവൺമെന്റിന്റെ പിൻബലമുള്ള, ഒരു ദേശസാൽകൃത ബാങ്ക്. മറ്റേതോ? സ്വകാര്യ ഉടമയിലുള്ള, ഏതു സമയത്തും പൊളിയാവുന്ന ഒരു ബ്ലേഡ് ബാങ്ക്. ഈ രണ്ട് ബാങ്കുകളിൽ ഏതിനെയാണ് നിങ്ങൾ വിശ്വസിക്കുക? തീർച്ചയായും ശക്തമായ അടിത്തറയുള്ള ബാങ്കിനെയാവും നിങ്ങൾ വിശ്വസിക്കുന്നത്. എങ്ങനെയാണ് നിങ്ങൾക്കു ഈ വിശ്വാസം വന്നത്? നിങ്ങൾ നിങ്ങൾക്കു പുറത്തുള്ള രണ്ടു

**സത്യത്തിൽ വിശ്വാസം വളരെ ലളിതവും എളുപ്പവുമുള്ളതാണ്. ഒരു കാര്യത്തെഅഭിമുഖീകരിക്കുമ്പോൾ അതിനെ തരണം ചെയ്യത്തക്ക അളവിൽ നിങ്ങളുടെ ഉള്ളിൽ വിശ്വാസം ഉണ്ടോ എന്ന് നോക്കുമ്പോഴാണ് പലപ്പോഴും'അയ്യോ എനിക്കു വിശ്വാസമില്ല' എന്നു വിലപിക്കേണ്ടി വരുന്നത്. മറിച്ച് വിശ്വാസത്തിന്റെ നായകനും കാര്യങ്ങളെ നിവൃത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക. അവിടുത്തേക്ക് ആ പ്രശ്നം തരണം ചെയ്യുവാൻ കഴിവും മനസ്സുമില്ലേ? ഉണ്ട് തീർച്ചയായും. ആ കാര്യം കാണുന്നതാണ് വിശ്വാസം.**

ബാങ്കുകളെ നോക്കി താരതമ്യം ചെയ്തു. ദേശസാൽകൃത ബാങ്കിന്റെ ശക്തിയിന്മേൽ, ഉറപ്പിന്മേൽ നിങ്ങൾ നിങ്ങളുടെ വിശ്വാസമർപ്പിച്ചു. ബങ്കിന്റെ ശക്തിയാണ്, ഉറപ്പാണ്, ചുരുക്കത്തിൽ നിങ്ങളുടെ വിശ്വാസത്തിന്റെ ആധാരം. അല്ലാതെ നിങ്ങളുടെ തോന്നലിന്റെ തീവ്രതയല്ല വിശ്വാസത്തിന്റെ അടിസ്ഥാനം.

ആത്മീയകാര്യത്തെ സംബന്ധിച്ചും വിശ്വാസത്തെ ഈ നിലയിലാണ് കാണേണ്ടത്. 'ഒരു കാര്യം സംബന്ധിച്ചു നിങ്ങൾക്കു വിശ്വാസമുണ്ടോ' എന്ന ചോദ്യത്തെ അഭിമുഖീകരിക്കുമ്പോൾ നിങ്ങൾ നിങ്ങളുടെ ഉള്ളിലേക്കല്ല സുഹൃത്തേ നോക്കേണ്ടത്. മറിച്ച് ദൈവത്തിലേക്കാണ്. വലിയവനായ, സർവശക്തനായ, ദൈവം ഏതുകോൺക്രീറ്റു പാലത്തേക്കാളും, ദേശസാൽകൃതബാങ്കിനേക്കാളും ശക്തനും ഉറപ്പുള്ളവനുമല്ലേ? ഈ സത്യം കണ്ടു കഴിയുമ്പോൾ ദൈവത്തെ വിശ്വസിക്കുന്നത് പ്രയാസമുള്ള കാര്യമാണോ?.

സത്യത്തിൽ വിശ്വാസം വളരെ ലളിതവും എളുപ്പവുമുള്ളതാണ്. ഒരു കാര്യത്തെഅഭിമുഖീകരിക്കുമ്പോൾ അതിനെ





തരണം ചെയ്യത്തക്ക അളവിൽ നിങ്ങളുടെ ഉള്ളിൽ വിശ്വാസം ഉണ്ടോ എന്ന് നോക്കുമ്പോഴാണ് പലപ്പോഴും'അയ്യോ എനിക്കു വിശ്വാസമില്ല' എന്നു വിലപിക്കേണ്ടി വരുന്നത്. മറിച്ച് വിശ്വാസത്തിന്റെ നായകനും കാര്യങ്ങളെ നിവൃത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക. അവിടുത്തേക്ക് ആ പ്രശ്നം തരണം ചെയ്യുവാൻ കഴിവും മനസ്സുമില്ലേ? ഉണ്ട് തീർച്ചയായും. ആ കാര്യം കാണുന്നതാണ് വിശ്വാസം.

ഒരു കാര്യം ചെയ്തു തരത്തക്കവണ്ണം നമ്മുടെ കർത്താവു സർവ്വശക്തനും അവിടുന്ന് അതിന് മനസ്സുള്ളവനുമാണെന്ന് വിശ്വസിക്കുന്നത് പ്രയാസമുള്ള കാര്യമാണോ? അല്ല. അപ്പോൾ നിങ്ങൾ നിങ്ങളിലേക്കല്ല നോക്കുന്നത്. മറിച്ച് അത് ചെയ്യാനുള്ള കർത്താവിന്റെ ശക്തിയിലേക്കും അവിടത്തെ താത്പര്യത്തിലേക്കുമാണ്. ഇതാണ് യഥാർത്ഥത്തിൽ വിശ്വാസം. മറ്റൊന്നല്ല.

സുഹൃത്തേ ഞാൻ മറ്റൊരു ഉദാഹരണം പറയട്ടെ:താങ്കൾ രാജ്യത്തെ പ്രസിഡന്റിന്റെ മകനാണെന്നിരിക്കട്ടെ. താങ്കൾക്കു ഗവൺമെന്റിൽ നിന്നൊരു കാര്യം സാധിക്കണം. ആ സന്ദർഭത്തിൽ നിങ്ങൾ എന്തു ചെയ്യും? 'അയ്യോ എനിക്ക് അതു സാധിക്കുവാൻ കഴിയുമോ?' എന്നു നിങ്ങളിലേക്കു നോക്കി വിലപിച്ചു കൊണ്ടിരിക്കുമോ? ഇല്ല പകരം നിങ്ങൾ കാണുന്നത് നിങ്ങളുടെ പിതാവിന്റെ കഴിവും മനസ്സുമാണ്. പ്രസിഡന്റ് എന്ന നിലയിൽ അദ്ദേഹം ആ കാര്യം ചെയ്യാൻ കഴിവുള്ളവനാണ്. പിതാവെന്ന നിലയിൽ അദ്ദേഹത്തിന് നിങ്ങളെ സഹായിക്കാൻ മനസ്സുമുണ്ട്.. അപ്പോൾ നിങ്ങൾ വിശ്വാസത്തോടെയാണ് ആ പ്രശ്നത്തെ നേരിടുന്നത്. നിങ്ങളുടെ വിശ്വാസമെന്നു പറയുന്നത് ആ സമയത്ത് എന്തിലാണ്? നിങ്ങളിലാണോ? അല്ല. നിങ്ങളുടെ ഉള്ളിൽ നോക്കിയാൽ നിങ്ങളെക്കുറിച്ച് ഒട്ടും വിശ്വാസമില്ലെന്ന് കാണാം. അതേ സമയം നിങ്ങൾക്ക് പുറത്തുള്ള പിതാവിന്റെ കഴിവിലും മനസ്സിലും നിങ്ങൾക്കു നല്ല വിശ്വാസമാണ്. അതു കൊണ്ട് താങ്കൾ എന്തു ചെയ്യുന്നു? താങ്കളെക്കുറിച്ചു തന്നെ താങ്കൾക്ക് ഉള്ളിൽ മതിപ്പില്ലെങ്കിലും പിതാവിന്റെ കഴിവിലും മനസ്സിലും തികഞ്ഞ വിശ്വാസമുള്ളതു കൊണ്ട് നിങ്ങൾ ആവശ്യം പിതാവിനോടു പറയുന്നു. അദ്ദേഹം തന്റെ സ്വാധീനം ഉപയോഗിച്ച് അത് മിനിട്ടു വച്ച് സാധിച്ചു തരുന്നു.

ഇപ്പോൾ ഞാൻ ചോദിക്കട്ടെ, ഈ ഉദാഹരണത്തിൽ താങ്കൾക്ക് ആവശ്യം സാധിച്ചു കിട്ടാൻ ഇടയാക്കിയ കാര്യം എന്താണ്? അത് താങ്കൾക്ക് പിതാവിലുള്ള വിശ്വാസമല്ലേ?. ഇത് നിങ്ങൾ ഉള്ളിൽ കഷ്ടപ്പെട്ട് ഉത്പാദിപ്പിച്ചെടുത്തതാണോ? അല്ലേയല്ല. നിങ്ങൾക്ക് വിശ്വാസം ഉണ്ടായാലും ഇല്ലെങ്കിലും പിതാവ് കഴിവുള്ളവൻ തന്നെയാണ്. എന്നാൽ അതു കണ്ട് പിതാവിനോട് ആവശ്യപ്പെട്ടു എന്ന ഏക കാര്യമാണ്, കാര്യം സാധിക്കാൻ ഇടയാക്കിയത്. വിശ്വാസമെന്നു പറഞ്ഞാൽ ഇത്രയേയുള്ളു.

സുഹൃത്തേ, ഇതു പോലെ ദൈവം സർവ്വശക്തനും നിങ്ങളെ സഹായിക്കാൻ കഴിവുള്ളവനുമാണെന്നു വിശ്വസിക്കാൻ എന്താണു പ്രയാസം?. നിങ്ങൾക്ക് ഇവിടെ വലിയ പ്രസക്തിയില്ല. ദൈവത്തെ കാണുക.സർവ്വശക്തനായ ദൈവം ഇതു ചെയ്തു തരുവാൻ കഴിവുള്ളവനും മനസ്സുള്ളവനുമാണെന്ന് വിശ്വസിക്കുക. നിങ്ങളിലേക്ക് നോക്കാതിരിക്കുക. ഇതു ലളിതമായ കാര്യമല്ലേ?. എളുപ്പമുള്ളതും? വിശ്വാസത്തെ ദയവായി സങ്കീർണ്ണമാക്കാതിരിക്കുക.

ഈ കാര്യങ്ങളെ കാണ്മാൻ ദൈവം താങ്കളുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിക്കട്ടെ. എന്നു പ്രാർത്ഥിച്ചു കൊണ്ട് നിർത്തുന്നു

സ്നേഹാദരങ്ങളോടെ

ക്രിസ്തുവിൽ സഹോദരൻ

(അവസാനിച്ചു)



# കുരിശും കഠാരയും

ഡേവിഡ് വിൽക്കേഴ്സൺ

## അദ്ധ്യായം-5

**കഴിഞ്ഞലക്കത്തിൽ**

*അമേരിക്കയിൽ ഫിൽസ്ബർഗ്ഗിലെ ചെറിയ ഒരു സഭയുടെ ശുശ്രൂഷകനായിരുന്നു ഡേവിഡ് വിൽക്കേഴ്സൺ. അദ്ദേഹം തന്റെ ടി.വി. വിറ്റ് രാത്രിയിൽ ടി.വി. കാണുന്ന സമയം പ്രാർത്ഥനയ്ക്കായി എടുക്കാൻ തുടങ്ങി. അങ്ങനെ പ്രാർത്ഥിക്കുന്ന ഒരു രാത്രി ലൈഫ് മാസികയിലെ ഒരു ചിത്രം കാണാനിടയായി. ന്യൂയോർക്കിലെ കൗമാരക്കാരുടെ അധോലോകസംഘമായ ഡ്രാഗണിലെ അംഗങ്ങളായ ഏഴുകുട്ടികളുടെ ചിത്രമായിരുന്നു അത്. അവർ മൈക്കൽഫാർമാർ എന്നൊരു കുട്ടിയെ മൃഗീയമായി കൊലപ്പെടുത്തിയതിന് ന്യൂയോർക്കിൽ കൊലക്കേസ് വിചാരണയെ നേരിടുകയാണ്. ഈ കുട്ടികളെ സഹായിക്കാൻ ന്യൂയോർക്കിൽ പോകണമെന്ന ഭാരം വിൽക്കേഴ്സണ് അനുഭവപ്പെട്ടു. അദ്ദേഹം അടുത്ത ദിവസം തന്റെ സഭാജനങ്ങളുമായി തന്റെ ഭാരം പങ്കുവച്ചു. പിറ്റേന്ന് അദ്ദേഹം സഭയിലെ യൂത്ത് ഡയറക്ടർ മിൽസ് ഹോവറുമൊന്നിച്ച് കാറിൽ മുന്നൂറ്റമ്പതുകിലോമീറ്റർ അകലെയുള്ള ന്യൂയോർക്കിലേക്ക് യാത്രയായി. അവിടെ മൈക്കൽ ഫാർമർ കേസ് വിചാരണചെയ്യുന്ന കോടതിയിൽ അവർ കുട്ടികളെ കാണാനെത്തി. കോടതി നടപടികളെക്കുറിച്ച് അറിവില്ലാതിരുന്ന റവ. വിൽക്കേഴ്സൺ കുട്ടികളെ സഹായിക്കാനുള്ള വ്യഗ്രതയിൽ അവിടെ കോടതിനടപടികളിൽ ഇടപെട്ടു. കോടതിയിൽനിന്നു പുറത്താക്കപ്പെട്ടു. പരിഹാസപാത്രമായ വിൽക്കേഴ്സണിന്റെ പടവും വാർത്തയും മാധ്യമങ്ങളിലെല്ലാം വന്നു. എന്നാൽ ഒരാഴ്ചയ്ക്കുശേഷം അദ്ദേഹം വീണ്ടും ന്യൂയോർക്കിലേക്കു പോയി. അവിടെ കൗമാരക്കാരുടെ രണ്ടു തെരുവുസംഘങ്ങളെ പരിചയപ്പെട്ടു. എന്നാൽ ജയിലിലുള്ള കുട്ടികളെ കാണാൻ അനുമതി പൂർണ്ണമായി നിഷേധിക്കപ്പെട്ടു. ഇതേപ്പറ്റി തന്റെ മുത്തശ്ശന്റെ അഭിപ്രായം തേടാൻ വിൽക്കേഴ്സൺ മുതിരുന്നു. തുടർന്നു വായിക്കുക..*

**എ**ന്റെ മുത്തശ്ശന്റെ വീട്ടിലേക്കു യാത്ര തിരിക്കും മുമ്പ് അടുക്കളയിൽ ഒന്നിച്ചിരുന്ന് കാപ്പി കുടിക്കുകയായിരുന്നു ഞാനും ജെന്നും. പൊടുന്നനെ ജെൻ പറഞ്ഞു "നിങ്ങൾ ചെയ്യുന്നതിനെക്കുറിച്ച് ഞാൻ എന്താണ് കരുതുന്നതെന്ന് പറയട്ടെ? ഒരു മഹത്തായ പാരമ്പര്യത്തിന്റെ ഭാഗമാണ് നിങ്ങളെന്ന തോന്നലാണു നിങ്ങൾക്കിപ്പോൾ വേണ്ടതെന്നു തോന്നുന്നു. ഇതൊന്നും നിങ്ങളിൽ നിന്നു താനേ മുളച്ചു വന്നതല്ല എന്നു സ്വയം ബോധ്യപ്പെടുത്താനുള്ള ശ്രമം. ഭൂതകാലവുമായി ബന്ധപ്പെടാൻ നിങ്ങൾ ആഗ്രഹിക്കുന്നു. അതാണിപ്പോൾ വേണ്ടതെന്നാണ് എന്റെ അഭിപ്രായവും. ഡേവിഡ്, നിങ്ങൾക്കു കഴിയുന്നിടത്തോളം പുറകിലേക്കു പോകുക. അതാണ് നിങ്ങൾക്കിപ്പോൾ ആവശ്യവും".

'ഗ്രാൻപാ'യെ ഫോൺ ചെയ്ത്





ഞാൻ കാണാനാഗ്രഹിക്കുന്നതായി നേരത്തെ പറഞ്ഞിരുന്നു."നീ നേരേ ഇങ്ങു പോരു മോനേ" അദ്ദേഹം പറഞ്ഞു "നമുക്കു വർത്തമാനം പറഞ്ഞിരിക്കാം".

എന്റെ മുത്തശ്ശന് 79 വയസ്സു പ്രായമുണ്ട്. ഇപ്പോഴും ഊർജ്ജസ്വലൻ. നേരത്തെ നാടു മുഴുവൻ അദ്ദേഹം അറിയപ്പെട്ടിരുന്നു. ഇംഗ്ളീഷ്-വെൽഷ് -ഡച്ച് പരമ്പരയിൽ പെട്ടതാണദ്ദേഹം. അദ്ദേഹത്തിന്റെ പിതാവും മുത്തശ്ശനും ഒരു പക്ഷേ മുതുമുത്തശ്ശനും എല്ലാം സുവിശേഷകരായിരുന്നു. കിഴക്കൻ യൂറോപ്പിലും ബ്രിട്ടീഷ് ദ്വീപുകളിലും നടന്ന പ്രൊട്ടസ്റ്റന്റ് ഉണർവ്വിന്റെ കാലത്തോളം ആ പാരമ്പര്യം നീണ്ടു ചെല്ലുന്നു. എനിക്കറിയാവുന്നിടത്തോളം, ക്രിസ്ത്യൻ സഭകളുടെ ചരിത്രത്തിൽ ക്രിസ്തീയപുരോഹിതന്മാർ വിവാഹം കഴിക്കാൻ തുടങ്ങിയതു മുതൽ ഒരു വിൽക്കേഴ്സണെങ്കിലും മുടങ്ങാതെ ശുശ്രൂഷയിലുണ്ടായിരുന്നു.-അഗ്നിമയമായ ഒരു ശുശ്രൂഷയിൽ തന്നെ.

മുത്തശ്ശൻ അദ്ദേഹത്തിന്റെ വിശ്രമജീവിതം നയിക്കുന്ന ഒഹിയോവിലെ ടൊളിഡോയിലെ തോട്ടത്തിലേക്ക് ഫിൽസ്ബർഗിൽ നിന്ന് നീണ്ട യാത്രയുണ്ടായിരുന്നു. ഡ്രൈവിങ്ങിലുടനീളം ജെൻ പറഞ്ഞതുപോലെ ഞാൻ എന്റെ ഭൂതകാലത്തെ സ്പർശിക്കുവാൻ ശ്രമിക്കുകയായിരുന്നു. സജീവമായ ഓർമ്മകൾ. പ്രത്യേകിച്ച് മുത്തശ്ശനെക്കുറിച്ച്.

ടെന്നസ്സിയിലെ ക്ളീവ്ലാൻഡിലാണ് മുത്തശ്ശൻ ജനിച്ചത്. ഇരുപതുകളിലെത്തിയപ്പോഴേക്കും അദ്ദേഹം ഒരു പ്രസംഗകനായിത്തീർന്നു. അദ്ദേഹത്തിന്റെ ജീവിതം കഠിനമായിരുന്നു. ഒരു സഞ്ചാര സുവിശേഷകൻ എന്ന നിലയിൽ അദ്ദേഹം മിക്കപ്പോഴും കുതിരപ്പുറത്തായിരുന്നു. രാജ്യത്തെ ഒരു സഭയിൽ നിന്നും മറ്റൊന്നിലേക്ക്. ഒരു പ്രസംഗകൻ, ഗായകസംഘം ഡയറക്ടർ, വാദ്യോപകരണ വായനക്കാരൻ- ഇതെല്ലാം ഒരാളിൽ ഒന്നിച്ചാൽ അത് മുത്തശ്ശനായി. പള്ളിയിൽ ആദ്യം ചെല്ലുന്നത് അദ്ദേഹമാണ്. ആദ്യം എത്തി വിളക്കുകൾ തെളിയിച്ച്, ചിമ്മിനിയിൽ തീ കൂട്ടി, എലിയുടെ കൂടുകളും ഒക്കെ അടിച്ചു വാരിക്കളഞ്ഞ് പള്ളി ശുചിയാക്കും. അപ്പോഴേക്കും സഭാംഗങ്ങൾ എത്തും. അവർക്കദ്ദേഹം 'ആശ്ചര്യമാം മഹാകൃപ', 'എന്തു നല്ലോർ സഖി യേശു' എന്നിങ്ങനെയുള്ള പുരാതന ക്രിസ്തീയ ഗാനങ്ങൾ പാടാൻ നേതൃത്വം കൊടുക്കും. അനന്തരം അവരോട് പ്രസംഗിക്കും.

മുത്തശ്ശന്റെ പ്രസംഗങ്ങൾ വളരെ അനൗപചാരികമായിരുന്നു. അവയിൽ പലതും അദ്ദേഹത്തിന്റെ സമകാലികരെ ഞെട്ടിച്ചു. ഉദാഹരണത്തിന് എന്റെ ചെറുപ്പകാലത്തു തൊപ്പിയിൽ റിബണും തൂവലും ധരിക്കുന്നത് പാപമായി കരുതിയിരുന്നു. ചില സഭകളിലെ മുപ്പന്മാർ ആ കാലത്ത് കത്രിക കൂടെ കൊണ്ടു നടക്കുമായിരുന്നു.ആഡംബരക്കാരിയായ ഏതെങ്കിലും വനിത റിബൺ പിടിപ്പിച്ച ഹാറ്റു ധരിച്ച് അൾത്താരയ്ക്ക് അടുത്തു കൂടിയെങ്ങാനും നടന്നു പോയാൽ ആ കത്രിക ധൃതഗതിയിൽ പ്രവർത്തിക്കും. ഒപ്പം 'വസ്ത്രത്തിൽ ഇത്തരം റിബണും പിടിപ്പിച്ച് ചെന്നാൽ നിങ്ങൾക്ക് എങ്ങനെ സ്വർഗ്ഗകവാടം കടക്കാൻ കഴിയും?' എന്ന മട്ടിലുള്ള ഉപദേശങ്ങളും ഉണ്ടാകും.

എന്നാൽ ഇത്തരം കാര്യങ്ങൾ സംബന്ധിച്ച് മുത്തശ്ശന് വ്യത്യസ്തമായ അഭിപ്രായങ്ങളാണുണ്ടായിരുന്നത്. അദ്ദേഹത്തിനു പ്രായമേറി വന്നപ്പോൾ സുവിശേഷീകരണത്തിന് ഒരു 'ആട്ടിറച്ചി മാതൃക' വികസിപ്പിച്ചെടുത്തു.

"പട്ടികളെ വശീകരിക്കുന്നതു പോലെയാണ് നമ്മൾ ആളുകളെയും നേടേണ്ടത്" മുത്തശ്ശന്റെ തിയറിയാണ്. "ഒരു പട്ടി ഒരു പഴയ എല്ലിൻ കഷണവും കടിച്ചു പിടിച്ചു തെരുവിലൂടെ

പോകുന്നതു നിങ്ങൾ കണ്ടു എന്നിരിക്കട്ടെ. 'ഹേയ് നായേ, നിനക്കിതു ഗുണകരമല്ല' എന്നു പറഞ്ഞ് നിങ്ങൾ അതിന്റെ വായിൽ നിന്നും എല്ലു പിടിച്ചു വാങ്ങാൻ ചെല്ലുമോ? ചെന്നാൽ പട്ടി നിങ്ങൾക്കു നേരെ മുറുമുറുക്കും. കാരണം അതിനു സ്വന്തമായുള്ള ഏകസാധനം അതാണ്. പകരം ഒരു വലിയ കഷണം ആട്ടിറച്ചി അവന്റെ മുമ്പിലേക്ക് ഇട്ടു നോക്കൂ. അവൻ ഉടൻ ആ പഴയ എല്ലിൻ കഷണം കളഞ്ഞിട്ട് ഈ ഇറച്ചിക്കഷണം കടിച്ചെടുക്കുന്നതു കാണാം. അപ്പോൾ നിങ്ങളോടുള്ള നന്ദിയാൽ ഒരു ബാൻഡ് അടിക്കാൻ പാകത്തിലായിരിക്കും അവൻ ശക്തിയായി വാൽ അങ്ങോട്ടുമിങ്ങോട്ടും വീശുന്നത്. ഇതുപോലെ ചുറ്റി നടന്ന് ആളുകളിൽ നിന്നു എല്ലുകഷണം തട്ടിയെടുക്കുകയോ തൊപ്പിയിൽ നിന്ന് തൂവൽ മുറിച്ചു കളയുകയോ ചെയ്യുന്നതിനു പകരം അവരുടെ മുമ്പിൽ നല്ല മുഴുത്ത ആട്ടിറച്ചിക്കഷണം ഇട്ടു കോടുക്കാനാണ് എനിക്കു താത്പര്യം. യഥാർത്ഥ മാംസവും ജീവനുമുള്ള ഒന്ന് അവരുടെ മുമ്പിൽ ഇടുമ്പോൾ അവർ പഴയതു താനേ ഉപേക്ഷിച്ചു കൊള്ളും. അവരോടു പുതിയ തുടക്കങ്ങളെക്കുറിച്ചാണ് ഞാൻ പറയുന്നത്."

മുത്തശ്ശൻ സഭായോഗങ്ങളിലും വെളിസ്ഥലത്ത് കൂടാരങ്ങളിൽ നടത്തിയിരുന്ന മീറ്റിംഗുകളിലും നിരന്തരം പ്രസംഗിക്കുമായിരുന്നു. കൂടാരമീറ്റിംഗുകളിൽ ആളുകളുടെ ശ്രദ്ധ പിടിച്ചു പറ്റാനും നില നിർത്തുവാനും എന്റെ മുത്തശ്ശൻ ജേ വിൽക്കേഴ്സൺ ഉപയോഗിച്ചിരുന്ന സൂത്രങ്ങളെക്കുറിച്ചു ധാരാളം കഥകൾ കേട്ടുകൊണ്ടാണ് ഞാൻ വളർന്നത്. ഉദാഹരണത്തിന് ലോംഗ്ഐലൻഡിലെ ജമൈക്കയിൽ ഒരു കൂടാര മീറ്റിംഗ് നടത്തികൊണ്ടിരിക്കുകയാണ് മുത്തശ്ശൻ. അന്ന് ജൂലൈ നാല്, സ്വാതന്ത്ര്യദിനം പ്രമാണിച്ചുള്ള ഒഴിവു ദിനം. ധാരാളം പേർ മീറ്റിംഗിൽ സംബന്ധിച്ചിരുന്നു.

അന്നുച്ച കഴിഞ്ഞ് മുത്തശ്ശൻ ഹാർഡ്വെയർ കട നടത്തുന്ന ഒരു സുഹൃത്തിനെ സന്ദർശിച്ചു. സംഭാഷണത്തിനിടെ അദ്ദേഹം ഒരു പൗഡർ എടുത്തു കാണിച്ചു. അതു തറയിൽ വിതറിയ ശേഷം ആരെങ്കിലും അതിൽ ചവിട്ടിയാൽ പൊട്ടിത്തെറിയുടെ ശബ്ദം കേൾക്കും. അഗ്നിസ്ഫുലിംഗങ്ങൾ ചിതറും, പുകയുയരും...സ്വാതന്ത്ര്യദിനാഘോഷത്തിന് ഇതു പറ്റിയ സാധനമാണെന്നു കരുതി മുത്തശ്ശൻ കുറെ പൗഡർ കടലാസുകൂട്ടിൽ വാങ്ങി പോക്കറ്റിൽ നിക്ഷേപിച്ചു. പിന്നെ ആ കാര്യം മറന്നു പോകുകയും ചെയ്തു.

രാത്രി മുത്തശ്ശൻ കൂടാരമീറ്റിംഗിൽ പ്രസംഗിക്കുകയാണ്. പുതുജനനത്തെക്കുറിച്ചു മാത്രമല്ല നരകത്തെക്കുറിച്ചും അദ്ദേഹം വാചാലമായി സംസാരിക്കും. അങ്ങനെ നരകത്തെ വർണ്ണിച്ചു കൊണ്ടിരുന്നപ്പോൾ യദൃച്ഛികമായി പോക്കറ്റിൽ കൈ ഇട്ടപ്പോൾ വെടിമരുന്നു പൗഡർ കൈയിൽ തടഞ്ഞു. മുത്തശ്ശൻ എന്തു ചെയ്തുവെന്നോ? പ്രസംഗത്തിനിടയിൽ ഒന്നുമറിയാത്ത മട്ടിൽ അതിൽ ഒരു പിടി വാരി സ്റ്റേജിൽ നിക്ഷേപിച്ചു. പിന്നീട് മുഖത്ത് ഒരു ഭാവഭേദവും കൂടാതെ അതിന്മേൽ ചവിട്ടി അങ്ങോട്ടും ഇങ്ങോട്ടും നടക്കുകയും ചെയ്തു. പിറ്റേന്ന് നാട്ടിൽ വലിയ വാർത്തയായി- നരകത്തെക്കുറിച്ച് ജേ വിൽക്കേഴ്സൺ പ്രസംഗിച്ചപ്പോൾ അക്ഷരാർത്ഥത്തിൽ തന്നെ പുക ഉയരുകയും തീപ്പൊരി ചിതറുകയും ചെയ്തുവെന്ന്! .

മുത്തശ്ശനെപ്പോലെ എന്റെ പിതാവും ഒരു ഒറ്റയാനായിരിക്കുമെന്നാണ് ആളുകൾ പ്രതീക്ഷിച്ചത്. പക്ഷേ എന്റെ പിതാവു വ്യത്യസ്തനായിരുന്നു. സുവിശേഷകനെന്നതിനേക്കാൾ അദ്ദേഹം ഒരു ശുശ്രൂഷകനായിരുന്നു. മുത്തശ്ശൻ പ്രസംഗങ്ങളുമായി നിരന്തരം





ഊരു ചുറ്റിയപ്പോൾ എന്റെ പിതാവിനു നഷ്ടമായത് സ്ഥിരമായി ഒരിടത്ത് താമസിക്കുന്ന ഒരു കുടുംബത്തിന്റെ സുരക്ഷിതത്വമാണ്. അത് അദ്ദേഹത്തിന്റെ ശുശ്രൂഷയെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ പ്രതിഫലിച്ചു എന്നു തോന്നുന്നു. എന്റെ പിതാവ് തന്റെ ജീവിതത്തിലെല്ലാം കൂടി നാലു സഭകളിലാണ് ശുശ്രൂഷകനായിരുന്നത്. ആ സ്ഥാനത്ത് മുത്തശ്ശൻ ഓരോ രാത്രിയും ഓരോ പുതിയ സഭയിലായിരുന്നു. എന്റെ പിതാവാകട്ടെ സ്ഥിരതയും ഉറപ്പുമുള്ള സഭകൾ കെട്ടിപ്പടുക്കാനാണ് തന്റെ ജീവിതകാലം മുഴുവൻ വിനിയോഗിച്ചത്.

"സുവിശേഷകരും ശുശ്രൂഷകരും -രണ്ടു തരത്തിലുള്ളവരും ഇന്ന് സഭയ്ക്ക് ആവശ്യമാണ്". ഞങ്ങൾ പിറ്റ്സ്ബർഗ്ഗിൽ താമസിക്കുമ്പോൾ ഒരു ദിവസം എന്നോടു പിതാവു പറഞ്ഞു "പക്ഷേ ആളുകളുടെ ദുരഭിമാനത്തെ തകർക്കുന്നതിൽ നിന്റെ മുത്തശ്ശനുള്ള കഴിവ് അപാരമാണ്."

ഒരിക്കൽ മുത്തശ്ശൻ പിറ്റ്സ്ബർഗ്ഗിലൂടെ കടന്നു പോയപ്പോൾ (അദ്ദേഹം മിക്കപ്പോഴും അതുവഴി അങ്ങോട്ടുമിങ്ങോട്ടും പോകാറുണ്ട്) ഞങ്ങൾക്ക് മുത്തശ്ശന്റെ ഈ കഴിവിന്റെ രുചി അറിയാനിടയായി. പിറ്റ്സ്ബർഗ്ഗിന്റെ പരിഷ്കൃതമായ ഒരു ഭാഗത്തായിരുന്നു അന്നെന്റെ പിതാവു ശുശ്രൂഷകനായിരുന്ന സഭ. നഗരത്തിലെ ബാങ്കർമാരും അഭിഭാഷകരും ഡോക്ടർമാരും ആയിരുന്നു ആ ഭാഗത്ത് താമസിച്ചിരുന്നത്. ഒരു പെന്തക്കോസ്തു സഭ സ്ഥിതി ചയ്യാൻ പറ്റിയ സ്ഥലമായിരുന്നില്ല അത്. കാരണം ഞങ്ങളുടെ ശുശ്രൂഷകൾ അല്പം ഒച്ചപ്പാടുള്ളതും 'അമാന്യ'വുമായിരുന്നു. അതു കൊണ്ട് ചുറ്റുപാടുകളെ മാനിച്ച് ഞങ്ങൾ എല്ലാം മിതപ്പെടുത്തിയിരുന്നു. ഇക്കാര്യത്തിൽ ഞങ്ങൾ തെറ്റിപ്പോയെന്നു കാണിക്കാൻ മുത്തശ്ശൻ തന്നെ വേണ്ടി വന്നു.

മുത്തശ്ശൻ ഞങ്ങളെ സന്ദർശിച്ചപ്പോൾ സഭാംഗങ്ങളെല്ലാം തങ്ങളുടെ അയൽക്കാരെപ്പോലെ ശാന്തരും പരിഷ്കൃതരുമായി ജീവിക്കുകയായിരുന്നു.

"മാത്രമല്ല ചത്തവരും" മുത്തശ്ശൻ പറഞ്ഞു." ഒരുവന്റെ മതം അവന് ജീവൻ നല്കണം. അല്ലാതെന്ത്"?

എന്റെ പിതാവിനു തോൾ കുലുക്കി സമ്മതിക്കേണ്ടി വന്നു. തുടർന്നു അദ്ദേഹം ഒരു 'മടയത്തരം' ചെയ്തു. അടുത്ത ഞായറാഴ്ച രാത്രി യോഗത്തിൽ തനിക്കു പകരം സഭയിൽ പ്രസംഗിക്കാൻ മുത്തശ്ശനോട് ആവശ്യപ്പെട്ടു.

ഞാൻ ആ മീറ്റിംഗിൽ ഉണ്ടായിരുന്നു. മുത്തശ്ശൻ ആദ്യം ചെയ്തത് തന്റെ പഴയ അഴുക്കുള്ള ഷൂസ് അൾത്താരയുടെ മദ്ധ്യത്തിലുള്ള കമ്പിയിൽ ഊരി വയ്ക്കുകയായിരുന്നു! അപ്പോൾ എന്റെ പിതാവിന്റെ മുഖത്ത് പ്രത്യക്ഷപ്പെട്ട ഭാവം ഞാൻ ഇതുവരെ മറന്നിട്ടില്ല.

അമ്പരന്നു പോയ സഭാംഗങ്ങളെ തുറിച്ചു നോക്കിക്കൊണ്ട് മുത്തശ്ശൻ പ്രസംഗിക്കാൻ തുടങ്ങി: "അൾത്താരയുടെ നടുവിൽ വൃത്തികെട്ട ഷൂ വച്ചത് നിങ്ങളെ വിഷമിപ്പിക്കുന്നുവോ?. ഞാൻ നിങ്ങളുടെ സുന്ദരമായ കൊച്ചു സഭയെ അല്പം അഴുക്കു കൊണ്ട് മലിനപ്പടുത്തി. ഞാൻ നിങ്ങളുടെ അഭിമാനത്തെ ഒന്നു മുറിപ്പെടുത്തി. ഞാൻ പന്തയം വയ്ക്കാം ഞാൻ നിങ്ങളോട് ചോദിച്ചാൽ നിങ്ങളെല്ലാം പറയും നിങ്ങൾക്ക് ദുരഭിമാനമേ ഇല്ലെന്ന്."

എന്റെ പിതാവു ചൂളുന്നതു കാണാമായിരുന്നു.

മുത്തശ്ശൻ പിതാവിന്റെ നേരേ തിരിഞ്ഞ് "നിനക്ക് ഇങ്ങനെ തന്നെ കിട്ടണം". പിന്നീട് സദസ്യരോട് ഉറക്കെ ചോദിച്ചു "ഈ സഭയിലെ ഡീക്കന്മാരൊക്കെ എവിടെ?"

ഡീക്കന്മാർ കരങ്ങൾ ഉയർത്തി.

"നിങ്ങൾ ചുറ്റി നടന്ന് എല്ലാ ജനാലകളും മലർക്കെ തുറന്നിടണമെന്ന്

ഞാൻ ആഗ്രഹിക്കുന്നു. നമ്മൾ കുറച്ച് ഒച്ച വയ്ക്കാൻ പോകുകയാണ്. ഞായറാഴ്ച രാത്രി പോർച്ചിലിരുന്നു വിശ്രമിക്കുന്ന ആ ബാങ്കർമാരും അഡ്വേക്കേറ്റുമാരും ഒക്കെ നിങ്ങളുടെ മതത്തിൽ സന്തോഷിക്കാനുണ്ടെന്ന് ഒന്നറിയട്ടെ. നിങ്ങൾ നിങ്ങളുടെ അയല്ക്കാരോട് ഇന്നൊരു പ്രസംഗം നടത്തുവാൻ പോകുകയാണ്."

തുടർന്ന് എല്ലാവരും എഴുന്നേറ്റു നില്ക്കാൻ മുത്തശ്ശൻ ആവശ്യപ്പെട്ടു. ഞങ്ങളെല്ലാം എഴുന്നേറ്റുനിന്നു. സഭാഹാളിനു ചുറ്റും കരങ്ങളടിച്ചുകൊണ്ട് ഞങ്ങൾ ചുറ്റി നടക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഞങ്ങൾ കൈ കൊട്ടിക്കൊണ്ട് ചുറ്റി നടന്നു. പതിനഞ്ച് മിനിട്ട് ഞങ്ങൾ കൈയടിച്ചു നടന്നു. ഞങ്ങൾ അവസാനിപ്പിക്കാൻ തുടങ്ങിയപ്പോൾ മുത്തശ്ശൻ തല വിലങ്ങനെ ആട്ടി. ഞങ്ങൾ കുറെ നേരം കൂടി കൈകൊട്ടിക്കൊണ്ടുള്ള നടപ്പു തുടർന്നു. തുടർന്ന് അദ്ദേഹം പാട്ടു തുടങ്ങി. ഞങ്ങൾ കൈ അടിച്ച് പാട്ടു പാടി ചുറ്റി നടക്കാൻ നിർബന്ധിതരായി. ഞങ്ങൾ എപ്പോഴെങ്കിലും പാട്ടിന്റെ ഒച്ച കുറച്ചാൽ മുത്തശ്ശൻ ജനാലകൾ കുറച്ചു കൂടി തുറക്കും. ഞാൻ എന്റെ പിതാവിനെ നോക്കി. അദ്ദേഹത്തിന്റെ ചിന്തകൾ എനിക്കു വായിക്കാമായിരുന്നു.

"ഞങ്ങൾക്ക് ഇത് തുടരുവാൻ കഴിഞ്ഞെന്നു വരികയില്ല. പക്ഷേ ഇപ്പോൾ ഈ സംഭവിക്കുന്നതെല്ലാം നല്ലതിനാണ്". തുടർന്ന് അദ്ദേഹം മറ്റാരേക്കാളും ഉച്ചത്തിൽ പാടാൻ ആരംഭിച്ചു.

അതൊരു ഗംഭീര യോഗമായിരുന്നു !

അതിന്റെ പ്രതികരണം പിറ്റേന്നു തന്നെ അയൽപക്കങ്ങളിൽ നിന്നു പിതാവിനു ലഭിച്ചു. അദ്ദേഹം ബാങ്കിൽ പോയതായിരുന്നു. അവിടെ കടലാസ്സുകളൊന്നുമില്ലാത്ത ഒരു വലിയ ഡസ്കിനു പിന്നിൽ ഞങ്ങളുടെ അയൽക്കാരനായ ഒരു ബാങ്കർ ഇരിക്കുന്നു. പിതാവ് ഒഴിഞ്ഞു മാറാൻ നോക്കി. പക്ഷേ അയാൾ വിട്ടില്ല;

''റവറന്റ് വിൽക്കേഴ്സൺ, കഴിഞ്ഞ രാത്രിയിൽ നിങ്ങളുടെ ചർച്ചിൽ ചില പാട്ടുകൾ ഉണ്ടായിരുന്നല്ലോ. എല്ലാവരും അതിനെക്കുറിച്ചാണു പറയുന്നത്. നിങ്ങളുടെ ആളുകൾക്കു നല്ലവണ്ണം പാടാൻ കഴിയുമല്ലോ? ഞങ്ങളതു കേൾക്കാനാണ് കാത്തിരുന്നത്. നമ്മുടെ അയൽപക്കത്ത് അടുത്തയിടെ സംഭവിച്ച ഏറ്റവും നല്ല കാര്യമാണത്".

അടുത്ത മൂന്നു വർഷത്തേക്കു യഥാർത്ഥത്തിൽ സഭയിൽ ആത്മാവിന്റെ ഒരു സ്വാതന്ത്ര്യമുണ്ടായിരുന്നു. ഇതിൽ നിന്നു ഞാൻ വലിയൊരു പാഠം പഠിച്ചു.

മുത്തശ്ശൻ ഒരു പ്രാർത്ഥനാമനുഷ്യൻ ആയിരുന്നു. എന്റെ പിതാവിനെയും അദ്ദേഹം അങ്ങനെയാണു വളർത്തിയത്. പിതാവ് അത് എന്നിലേക്കും പകർന്നു തന്നു.

ഒരിക്കൽ ഞങ്ങളുടെ സ്ഥലം വഴിയായി കടന്നു പോകുമ്പോൾ മുത്തശ്ശൻ ചോദിച്ചു "പ്രയാസത്തിന്റെ നടുക്കായിരിക്കുമ്പോൾ നീ പ്രാർത്ഥിക്കാൻ ധൈര്യപ്പെട്ടിട്ടുണ്ടോ?"

ഇത് ഒരു അസാധാരണ ചോദ്യമായി തുടക്കത്തിൽ എനിക്കു തോന്നി. പക്ഷേ മുത്തശ്ശൻ ഒരു ഉത്തരത്തിനായി നിർബന്ധിച്ചപ്പോൾ അദ്ദേഹം ഉദ്ദേശിച്ചതെന്തെന്ന് എനിക്കു മനസ്സിലായി. ലഭിച്ച എല്ലാ നൻമകൾക്കുമായി (മാതാപിതാക്കൾ, കുടുംബം, ഭക്ഷണം, വിദ്യാഭ്യാസം എന്നിങ്ങനെ)

ഞാൻ പൊതുവായി നന്ദി പറയുകയും പ്രാർത്ഥിക്കുകയും ചെയ്യാറുണ്ടായിരുന്നെങ്കിലും ഒരു പ്രത്യേക ആവശ്യത്തിനു വേണ്ടി കൃത്യമായി പ്രാർത്ഥിക്കുന്നത് വിരളമായിരുന്നു

മുത്തശ്ശൻ പറഞ്ഞു "ഡേവിഡ്, വ്യക്തവും കൃത്യവുമായി ഒരു കാര്യത്തിനു വേണ്ടി നീ പരസ്യമായി





പ്രർത്ഥിക്കുന്ന ദിവസം മാത്രമേ നീ ശക്തി കണ്ടെത്തുകയുള്ളു."

അദ്ദേഹം ഉദ്ദേശിച്ചതെന്തെന്ന് എനിക്കു വേണ്ടത്ര മനസ്സിലായില്ല. ഒരു കാരണം എനിക്കന്നു പന്ത്രണ്ടു വയസ്സേയുള്ളു. ഞാൻ ആ ആശയത്തെ ഭയപ്പെട്ടതാണ് മറ്റൊരു കാരണം. പരസ്യമായി ഒരാവശ്യത്തിനു വേണ്ടി പ്രാർത്ഥിച്ചിട്ട് അത് കിട്ടാതെ പോയെങ്കിലോ?-ഇതായിരുന്നു എന്റെ ഭയം.

എന്നാൽ മുത്തശ്ശൻ പറഞ്ഞത് പരീക്ഷിച്ചു നോക്കാൻ നിർബന്ധിതനായ 'ഭയങ്കരമായ ഒരു ദിവസം' എന്റെ ജീവിതത്തിൽ ഉണ്ടായി. എന്റെ ചെറുപ്പത്തിൽ എന്നും എന്റെ പിതാവു ഒരസുഖക്കാരനായിരുന്നു. ചെറുകുടലിന്റെ ആദ്യഭാഗത്ത് അൾസറിന്റെ പ്രയാസം അദ്ദേഹത്തിനുണ്ടായിരുന്നു. പത്തു വർഷത്തേക്ക് വേദന ഒഴിഞ്ഞ നേരമില്ല.

ഒരു ദിവസം വൈകുന്നേരം സ്കൂളിൽ നിന്നു വീട്ടിലേക്കു നടക്കുമ്പോൾ ഒരു ആംബുലൻസ് എന്നെ കടന്നു പോയി. വീടിന് ഒരു ബ്ളോക്ക് അരികെ എത്തിയപ്പോൾ അതെങ്ങോട്ടാണു പോകുന്നതെന്നു മനസ്സിലായി .എന്റെ പിതാവിന്റെ കരച്ചിൽ ആ ദൂരത്തു നിന്നു തന്നെ കേൾക്കാമായിരുന്നു. വീടിന്റെ ലിവിംഗ്റൂമിൽ സഭയിലെ ഒരു പറ്റം മൂപ്പന്മാർ നിശ്ശബ്ദരായി ഇരിക്കുന്നുണ്ടായിരുന്നു. പിതാവു കിടക്കുന്ന മുറിയിലേക്ക് ഡോക്ടർ എന്നെ പ്രവേശിപ്പിച്ചില്ല. അതുകൊണ്ട് അമ്മ എന്നെ ഹാളിൽ സന്ധിച്ചു.

"അമ്മേ, ഡാഡി മരിക്കാൻ പോകയാണോ?"

അമ്മ എന്റെ കണ്ണുകളിലേക്ക് സൂക്ഷിച്ചു നോക്കി. എന്നിട്ട് സത്യം പറയാൻ തന്നെ തീരുമാനിച്ചു. "രണ്ടു മണിക്കൂറു കൂടിയേ അദ്ദേഹം ജീവിച്ചിരിക്കുകയുള്ളുവെന്നാണു ഡോക്ടർ കരുതുന്നത്".

പൊടുന്നനേ വേദനയുടെ ഒരു വലിയ നിലവിളി പിതാവിൽ നിന്നുയർന്നു. അമ്മ എന്നെ വിട്ട് മുറിയിലേക്ക് ഓടിക്കയറി "ഞാനിവിടെയുണ്ട് കെന്നത്ത്".പുറകിൽ വാതിടച്ചുകൊണ്ട് അമ്മ പറഞ്ഞു. വാതിലടയ്ക്കുന്നതിനു മുമ്പുള്ള അരക്ഷണംകൊണ്ട് ഡോക്ടർ എന്നെ ആ മുറിയിൽ പ്രവേശിപ്പിക്കാത്തതെന്തുകൊണ്ടാണെന്നെനിക്കു മനസ്സിലായി. കട്ടിൽ വിരിപ്പും തറയുമെല്ലാം രക്തത്തിൽ കുതിർന്നിരിക്കുന്നു.

ആ നിമിഷം ഞാൻ മുത്തശ്ശന്റെ വാക്കുകൾ ഓർത്തു. "പരസ്യമായി പ്രത്യേക വിഷയത്തിനു വേണ്ടി പ്രാർത്ഥിക്കുന്ന ദിവസമാണു നീ ശക്തി കണ്ടെത്താൻ പോകുന്നത്". പിതാവ് പരിപൂർണ്ണ സൗഖ്യത്തോടെ കിടക്ക വിട്ട് എഴുന്നേല്ക്കുന്നതിനു വേണ്ടി ഞാൻ പ്രാർത്ഥിക്കാൻ പോകുകയാണ്' എന്ന് ലിവിംഗ്റൂമിൽ ചെന്ന് എല്ലാവരോടും പ്രഖ്യാപിക്കാൻ ഞാനാഗ്രഹിച്ചു. പക്ഷേ എന്നെക്കൊണ്ട് അതിനു കഴിയുമായിരുന്നില്ല.

മുത്തശ്ശന്റെ വാക്കുകൾ അവഗണിച്ചുകൊണ്ട് എല്ലാവരിൽ നിന്നും അകലേക്ക് ഓടിയൊളിക്കാൻ ഞാനാഗ്രഹിച്ചു. ഞാൻ വീടിന്റെ നിലവറയിലേക്ക ്ഓടി. അവിടെ ഒഴിഞ്ഞ കൽക്കരി വീപ്പയ്ക്കുള്ളിൽ അടച്ചിരുന്ന് ആരും കേൾക്കയില്ലെന്ന് ഉറപ്പുണ്ടായിരുന്നതിനാൽ ഞാൻ വളരെ ഉച്ചത്തിൽ പ്രാർത്ഥിക്കുവാൻ ആരംഭിച്ചു. വിശ്വാസത്തിന്റെ കുറവിനെ ശബ്ദത്തിന്റെ കൂടുതൽ കൊണ്ടു പരിഹരിക്കാനായിരുന്നു എന്റെ ശ്രമം.

പക്ഷേ എനിക്കറിഞ്ഞുകൂടാത്ത ഒരു വസ്തുതയുണ്ടായിരുന്നു. ഞങ്ങളുടെ വീടിന്റെ എല്ലാ മുറികളും ചൂടാക്കാനുള്ള പൈപ്പുകൾ നിലവറയിലെ ചിമ്മിനിയിൽ നിന്നാണു പുറപ്പെട്ടിരുന്നത്. ശിഖരങ്ങളായിപ്പിരിഞ്ഞ് അതു മുകളിലേക്കു പോയി ചൂടു വാതകമെത്തി

ക്കാനായി ഓരോ മുറിയിലേക്കും തുറക്കുന്നു. കൽക്കരിത്തൊട്ടിയിലിരുന്ന് ഞാൻ അത്യുച്ചത്തിൽ പ്രാർത്ഥിച്ചപ്പോൾ ശബ്ദം തൊട്ടടുത്ത ചിമ്മിനിയിലൂടെ, പൈപ്പുകളിലൂടെ, മുകളിലേക്കു പോയി ഉച്ചഭാഷണിയിലൂടെന്നവണ്ണം ഓരോ മുറിയിലും പ്രതിധ്വനിക്കുന്നുണ്ടായിരുന്നു. ഞാനിതറിഞ്ഞില്ല. പെട്ടെന്നിതാ ഉച്ചത്തിലുള്ള പ്രാർത്ഥനാ വീചികൾ ഓരോ മുറിയിലും- ,മൂപ്പന്മാർ ഇരുന്ന ലിവിംഗ്റൂം, പിതാവു കിടന്ന ബെഡ്റൂം എന്നു വേണ്ടാ എല്ലാ മുറിയിലും -അലയടിക്കാൻ തുടങ്ങി.

പിതാവ് മരണക്കിടക്കയിലും എന്റെ ശബ്ദം തിരിച്ചറിഞ്ഞു.

"ഡേവിഡിനെ ഇവിടെ കൊണ്ടുവരിക"അദ്ദേഹം നേരിയ സ്വരത്തിൽ ആവശ്യപ്പെട്ടു.

അങ്ങനെ എന്നെ നിലവറയിൽ നിന്ന്, മൂപ്പന്മാരുടെ വിടർന്ന കണ്ണുകൾക്കു മുമ്പിലൂടെ പിതാവിന്റെ കിടക്കമുറിയിലേക്ക് കൊണ്ടുവന്നു. ഡോ. ബ്രൗണിനോട് ഹാളിൽ അല്പനേരം കാത്തിരിക്കാൻ പിതാവ് പറഞ്ഞു. തുടർന്ന് മത്തായി ഇരുപത്തിയൊന്നാം അദ്ധ്യായം ഇരുപത്തിരണ്ടാം വാക്യം വായിക്കുവാൻ പിതാവ് അമ്മയോട് ആവശ്യപ്പെട്ടു. ബൈബിൾ എടുത്ത് അമ്മ ആ വാക്യം വായിച്ചു:

'ലഭിച്ചതായി വിശ്വസിച്ചു കൊണ്ട് പ്രാർത്ഥനയിൽ എന്തു യാചിച്ചാലും നിങ്ങൾക്കു ലഭിക്കും."

എനിക്ക് വലിയ ഉൽസാഹം തോന്നി."ഡാഡിക്കു വേണ്ടി നമുക്കത് എടുക്കരുതോ അമ്മേ?" ഞാൻ ചോദിച്ചു.

പിതാവുകിടക്കയിൽ അങ്ങനെ കിടക്കുമ്പോൾ തന്നെ അമ്മ ആ വാക്യം ആവർത്തിച്ചു വായിക്കാൻ തുടങ്ങി. ഒരു ഡസനിലേറെ വട്ടം അമ്മ അതു വായിച്ചു കഴിഞ്ഞപ്പോൾ പൊടുന്നനെ ഞാൻ കസേരയിൽ നിന്നെഴുന്നേറ്റ് പിതാവിന്റെ കിടക്കയ്ക്കരുകിൽ എത്തി . എന്റെ കൈ പിതാവിന്റെ തലയിൽ വച്ച് പ്രാർത്ഥിച്ചു

"യേശുവേ അവിടുന്ന് പറഞ്ഞത് ഞാൻ വിശ്വസിക്കുന്നു കർത്താവേ. ഡാഡിയെ സൗഖ്യമാക്കുക".

ഇനി ഒരു പടി കൂടെ ഉണ്ട്. ഞാൻ വാതിൽക്കലേക്ക് ചെന്ന് അത് മലർക്കെ തുറന്നു. വ്യക്തതയോട് ഇങ്ങനെ പ്രഖ്യാപിച്ചു:

"ഡോ. ബ്രൗൺ ദയവായി ഉള്ളിൽ വരിക. ഡാഡിക്കു സുഖമാകാൻ വേണ്ടി ഞാൻ പ്രാർത്ഥിച്ചു കഴിഞ്ഞു"

പന്ത്രണ്ടു വയസ്സുകാരനായ എന്റെ ആത്മാർത്ഥതയെ നോക്കി അനുകമ്പയോടെ, ഊഷ്മളതയോടെ, അതേ സമയം അവിശ്വാസത്തോടെ ഡോക്ടർ പുഞ്ചിരിച്ചു. പക്ഷേ അദ്ദേഹം തുടർന്ന് പിതാവിനെ പരിശോധിച്ചപ്പോൾ ചിരി അമ്പരപ്പിന് വഴി മാറി.

"എന്തോ ഒന്ന് സംഭവിച്ചിരിക്കുന്നു". ഡോക്ടറുടെ വാക്കുകൾ അടുത്തു നിന്ന എനിക്കു പോലും കേൾക്കാൻ പ്രയാസമായിരുന്നു. അദ്ദേഹം വിറയ്ക്കുന്ന കരങ്ങളോടെ ഉപകരണമെടുത്ത് പിതാവിന്റെ രക്തസമ്മർദ്ദം അളന്നു. അവിശ്വസനീയതയോടെ പിതാവിന്റെ കൺപോളകൾ ഉയർത്തി പരിശോധിച്ചു. വയറ്റിൽ ഞെക്കി നോക്കി. വീണ്ടും രക്തസമ്മർദ്ദം നോക്കി. " കെന്നത്ത്, ഇപ്പോൾ എങ്ങനെ തോന്നുന്നു?"

"ശക്തി എന്നിലേക്ക് ഒഴുകിയെത്തുന്നതു പോലെ". പിതാവിന്റെ മറുപടി.

''കെന്നത്ത്''ഡോക്ടർ പ്രഖ്യാപിച്ചു"ഞാനിപ്പോൾ സാക്ഷ്യം വഹിച്ചത് ഒരത്ഭുതത്തിനാണ്."

അത്ഭുതകരമായ ആ നിമിഷത്തിൽ പിതാവു കട്ടിലിൽ നിന്നെഴുന്നേറ്റു. പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കുന്നതിനെക്കുറിച്ചുള്ള സംശയത്തിൽ നിന്നും ഞാൻ ആ നിമിഷം വിടുതൽ നേടി.

വളരെ വർഷങ്ങൾക്ക് ശേഷം





മുത്തശ്ശന്റെ താമസസ്ഥലത്തേക്കു വണ്ടിയോടിച്ചു പോകുമ്പോൾ ഞാനീ ഓർമ്മകളാണ് കൂടെ കൊണ്ടു പോയത്.

എപ്പോഴത്തെപോലെയും മുത്തശ്ശൻ അന്നും ഉന്മേഷവാനായിരിക്കുന്നത് എന്നെ സന്തോഷിപ്പിച്ചു. ചലനത്തിൽ അല്പം വേഗത കുറഞ്ഞിട്ടുണ്ട്. പക്ഷേ നിശിതമായ വിവേകവും സൂക്ഷ്മമായ മനസ്സും പഴയതു പോലെ. നെട്ടനേയുള്ള ഒരു പഴയ കസേരയിൽ ഇരുന്ന് അത് പുറകോട്ട് മറിച്ചു കൊണ്ട് മുത്തശ്ശൻ എന്റെ വിചിത്രമായ അനുഭവങ്ങൾ സശ്രദ്ധം കേട്ടു. ചോദ്യങ്ങൾ ചോദിക്കാൻ വേണ്ടിയുള്ള ഇടപെടലുകൾ ഒഴിച്ചാൽ, ഒരു മണിക്കൂർ നേരത്തെ എന്റെ വിവരണം മുത്തശ്ശൻ നിശ്ശബ്ദം കേട്ടു. ഒരു ചോദ്യത്തോടെയാണ് എന്റെ വിശദീകരണം ഞാൻ അവസാനിപ്പിച്ചത്.

"മുത്തശ്ശൻ ഇതിനെക്കുറിച്ച് എന്തു കരുതുന്നു? കൊലക്കേസ് വിചാരണ നേരിടുന്ന കുട്ടികളെ സഹായിക്കാൻ യഥാർത്ഥത്തിൽ എനിക്കൊരു വിളിയുണ്ടോ?"

"ഇല്ല. ഞാനങ്ങനെ കരുതുന്നില്ല."

''പക്ഷേ ഒട്ടേറെ സംഭവങ്ങൾ........''ഞാൻ ന്യായീകരിക്കാൻ തുടങ്ങി.

"ഞാൻ ചിന്തിക്കുന്നത്" മുത്തശ്ശൻ എന്നെ തടസ്സപ്പെടുത്തി "ഡേവിഡ് ഒരു വാതിൽ യഥാർത്ഥത്തിൽ അടഞ്ഞതു പോലെയാണ് കാര്യങ്ങൾ നിന്റെ മുമ്പിൽ അടഞ്ഞത്. വളരെ നാളത്തേക്ക്, അതേ വളരെ നാളത്തേക്ക്, ആ കുട്ടികളെ കാണാൻ ദൈവം നിന്നെ അനുവദിക്കുമെന്ന് തോന്നുന്നില്ല. എന്തുകൊണ്ടാണെന്നും പറയാം. കാരണം അവരെ നീയിപ്പോൾ കണ്ടാൽ ന്യൂയോർക്കിലെ കുട്ടികളോടുള്ള കടമ നിർവ്വഹിച്ചതായി നീ കണക്കാക്കും. സത്യത്തിൽ ദൈവത്തിന് നിന്നെപ്പറ്റി പദ്ധതികൾ ഉണ്ട്".

"എന്താ ഉദ്ദേശിച്ചത്?"

"ഡേവിഡ് എന്റെ ഒരു തോന്നലാണ്. മോനേ നീ ആ ഏഴ് കുട്ടികളെയല്ല, അതു പോലെയുള്ള ആയിരക്കണക്കിന് കുട്ടികളെ കാണാനാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്".

അത് ഉള്ളിൽ ആഴ്ന്നിറങ്ങാൻ വേണ്ടി മുത്തശ്ശൻ ഒരു നിമിഷം കാത്തു.എന്നിട്ടു തുടർന്നു:

"ന്യൂയോർക്കിലെ ഒറ്റപ്പെട്ട, ഭയപ്പെട്ട, വഷളായ കുട്ടികളെയെല്ലാം നിനക്ക് സഹായിക്കാൻ കഴിഞ്ഞില്ലെങ്കിൽ അവരെല്ലാം നാശത്തിലേക്കു പോകും. അങ്ങനെയാണ് എനിക്കു തോന്നുന്നത് . ഡേവിഡ് നിനക്കവേണ്ട ഒരേയൊരു കാര്യം നിന്റെ മനസ്സിന്റെ ചക്രവാളം ഒന്നു വികസിപ്പിക്കുക എന്നതാണ്".

മുത്തശ്ശന്റെ വാക്കുകൾ എനിക്കു പ്രചോദനമായി.ന്യൂയോർക്കിൽ നിന്ന് ഓടിയൊളിക്കുന്നതിനു പകരം നേരെ അങ്ങോട്ടു ചെന്ന് ആ പ്രവർത്തനങ്ങളിൽ മുഴുകാൻ എന്റെ ഉള്ളം തുടിച്ചു.ഈ മട്ടിലെന്തോ മുത്തശ്ശനോട് ആവേശത്തോടെ പറഞ്ഞപ്പോൾ അദ്ദേഹം പുഞ്ചിരിച്ചു.

"ഡേവിഡ്, ഈ ചൂടുള്ള അടുക്കളയിലിരുന്ന് നിന്റെ മുത്തശ്ശനോട് ഈ കാര്യം സംസാരിക്കാൻ വളരെ എളുപ്പം. പക്ഷേ വ്യക്തമായ ഒരു ദർശനം കിട്ടാനായി ഇത്തരം കൂടുതൽ കുട്ടികളെ കാണുന്നതുവരെ നീ കാത്തിരിക്കുക. അവർ പകയും പാപവും നിറഞ്ഞവരായിരിക്കും. നീ കേട്ടിട്ടുള്ളതിനേക്കാൾ ചീത്ത. അവർ കുട്ടികളാണ്. പക്ഷേ കൊലപാതകവും ബലാൽസംഗവും സ്വവർഗാനുരാഗവും എന്തെന്ന് അവർക്കറിയാം. അവരെ കണ്ടു മുട്ടുമ്പോൾ ഇത്തരം കാര്യങ്ങൾ നീ എങ്ങനെ കൈകാര്യം ചെയ്യും?"

നേരു പറഞ്ഞാൽ എനിക്കു മറുപടി ഉണ്ടായിരുന്നില്ല.

"എന്റെ ചോദ്യത്തിനു ഞാൻ

തന്നെ മറുപടി പറയാം ഡേവി. ഇത്തരം കാര്യങ്ങളെ നോക്കുന്നതിനു പകരം നീ നിന്റെ കണ്ണുകളെ സുവിശേഷത്തിന്റെ കേന്ദ്രഹൃദയത്തിൽ ഉറപ്പിക്കുക. അതെന്താണെന്നാണ് നീ കരുതുന്നത്?"

മുത്തശ്ശന്റെ കണ്ണുകളിലേക്ക് നോക്കി ഞാനതിനു മറുപടി പറഞ്ഞു. "ഈ വിഷയത്തെക്കുറിച്ച് എന്റെ മുത്തശ്ശൻ തന്നെ പറഞ്ഞു ഞാൻ ധാരാളം കേട്ടിട്ടുണ്ടല്ലോ. സുവിശേഷത്തിന്റെ ഹൃദയം എന്നു പറയുന്നത് മാറ്റമാണ്. രൂപാന്തരം. പുതുജീവിതത്തിലേക്കുള്ള വീണ്ടും ജനനം".

"ഡേവിഡ് നീയതു ഭംഗിയായി പറഞ്ഞു. കർത്താവ് അതു ചെയ്യുന്നതു കാണുന്നതു വരെ നീ കാത്തിരിക്കുക. അപ്പോൾനിന്റെ വാക്കുകളിൽ കൂടുതൽ ആവേശം ഉണ്ടായിരിക്കും. പക്ഷേ അത് സിദ്ധാന്തമാണ്. ക്രിസ്തുവിന്റെ സന്ദേശത്തിന്റെ കാതൽ എന്നു പറയുന്നത് അതീവ ലളിതം ആണ്; ദൈവത്തോട് യഥാർത്ഥത്തിലുള്ള ഒരു കൂടിക്കാഴ്ച. അതായതു രൂപാന്തരം."

എന്റെ മുത്തശ്ശൻ അസ്വസ്ഥനാകുന്നതിൽ നിന്ന് ഞങ്ങൾ തമ്മിലുള്ള അഭിമുഖം അവസാനിക്കാറായി എന്നതിന്റെ സൂചന ഞാൻ മനസ്സിലാക്കി. അദ്ദേഹം കസേരയിൽ നിന്നെഴുന്നേറ്റ് വാതിലിനു നേരെ നടന്നു. ഉള്ളിന്റെ ഉള്ളിൽ അദ്ദേഹം നാടകീയതയെ ഇഷ്ടപ്പെട്ടിരുന്ന ഒരാളാണെന്ന് അറിയാമായിരുന്നതിനാൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം ഇപ്പോഴാണ് വരാൻ പോകുന്നതെന്ന് എനിക്കൊരു തോന്നലുണ്ടായി.

''ഡേവീ'', വാതിൽപ്പടിയിൽ പിടിച്ചുകൊണ്ട് നാടകീയമായി തിരിഞ്ഞു നോക്കി മുത്തശ്ശൻ പറഞ്ഞു. "നഗരത്തിന്റെ പച്ചയായ ജീവിതവുമായി നീ ഏറ്റു മുട്ടുന്നതോർത്തു എനിക്കു നിന്നെക്കുറിച്ച് ഇപ്പോഴും ഉൽക്കണ്ഠയുണ്ട്. നീ സുരക്ഷിതനായി വളർന്നവനാണ്. ജഡത്തിന്റെ ദുഷ്ടതയെ മുഖാമുഖമായി കാണുമ്പോൾ നീ നടുങ്ങിപോകും".

"നിനക്കറിയാമോ?" പറഞ്ഞു വന്നതുമായി നേരിട്ടൊരു ബന്ധവും തോന്നാത്ത ഒരു കഥാകഥനത്തിലേക്കു മുത്തശ്ശൻ പ്രവേശിച്ചു.

"കുറച്ചു നാൾ മുമ്പ് ഞാൻ മലയിലൂടെ നടക്കുമ്പോൾ ഞാനൊരു ഭയങ്കരൻ പാമ്പിനെ കണ്ടു. വലിയൊരെണ്ണം. മൂന്നിഞ്ചു കനവും നാലടി നീളവുമുള്ള ഒന്ന്. പാതയ്ക്കു കുറുകെ വെയിലു കാഞ്ഞ് അവൻ കിടക്കുകയാണ്. എനിക്കീ ഇനത്തെ പേടിയാ. ദീർഘനേരത്തേക്ക് ഞാൻ നിന്നിടത്ത് തന്നെ നിന്നു. അനങ്ങിയില്ല. ഞാൻ നോക്കി നിക്കുമ്പോൾ ഇതാ ഞാനൊരു അത്ഭുതം കണ്ടു. ഞാനൊരു പുതുജനനം ആണ് കണ്ടത്. ആ പഴയ പാമ്പ് അതിന്റെ പടം പൊഴിച്ച് അവിടെത്തന്നെ സൂര്യപ്രകാശത്തിൽ ഇട്ടിട്ട് ഒരു പുതിയ, യഥാർത്ഥത്തിൽ സുന്ദരമായ ജീവിയായി ഇഴഞ്ഞു പോകുന്നു".

"നീ നഗരത്തിൽ നിന്റെ പുതിയ വേല ആരംഭിക്കുമ്പോൾ മോനെ, എന്നെപ്പോലെ ആകരുത്. നിന്റെ ആ കുട്ടികളുടെ ബാഹ്യമായ രൂപം കണ്ട് നീ നടുങ്ങിപ്പോകരുത്. ദൈവത്തിനു നടുക്കമില്ല. അവരുടെ പാപത്തിന്റെ പഴയ പടം പൊഴിച്ച് അവരോരുത്തരും പുതിയ ജീവിയായി മുന്നോട്ടു പോകുന്നതു കാണാനാണ് അവിടുന്ന് കാത്തിരിക്കുന്നത്. പുതുമനുഷ്യൻ പുറത്തു വരാനാണ് അവിടുന്ന് വാഞ്ഛയോടെ കാക്കുന്നത്.

ഒരിക്കലും ഇത് മറക്കരുത് ഡേവിഡ്. ന്യൂയോർക്ക് നഗരത്തിന്റെ പാതകളിൽ നിന്റെ പാമ്പുകളെ നീ കണ്ടാൽ, കാണുമെന്നു തീർച്ച, ഇതൊരിക്കലും മറക്കരുത്". ( തുടരും)





# കണ്ണുകൾ ദൈവത്തിലേക്ക്

പേജ് 10 ൽ നിന്ന് തുടർച്ച

കഴിഞ്ഞുള്ളു എന്നാണ് (106:11,12). കാഴ്ചയാൽ ജീവിക്കുകയെന്നത് ഇതാണ്.-നമ്മുടെ പ്രശ്നങ്ങൾ എല്ലാം പരിഹരിച്ചശേഷം ദൈവത്തിനു മഹത്വം കരേറ്റുക. വിശ്വാസത്താലുള്ള ജീവിതത്തിന്റെ അഭാവത്തിൽ പഴയ ഉടമ്പടിയിലെ ഉത്തമമാതൃക ഇത്രമാത്രമേയുണ്ടായിരുന്നുള്ളു.

എന്നാൽ പുതിയ ഉടമ്പടിയിലാകട്ടെ, പരിശുദ്ധാത്മാവിന്റെ എണ്ണകൊണ്ട് നാം അഭിഷിക്തരും , യഹോവ നമുക്ക് ഇടയനും, നമ്മെ സ്വസ്ഥതയുള്ള വെള്ളത്തിനരികത്തേക്കു നടത്തുന്നവനും ആകയാൽ, നമ്മുടെ ശത്രുക്കളുടെ മുമ്പാകെ ദൈവത്തെ സ്തുതിക്കുന്നവരുമായിരിക്കാൻ കഴിയുന്നു.(സങ്കീ.23:1,2,5). ചെങ്കടൽ നമുക്കു മുമ്പിൽ പിളരാതിരിക്കുകയും, മിസ്രയീമ്യർ അതിവേഗത്തിൽ നമ്മെ പിന്തുടർന്നുകൊണ്ടിരിക്കയും, ഇരു വശത്തും വന്മലകൾ തലയുയർത്തി നിൽക്കുകയും ചെയ്കയിൽത്തന്നെ,പുതിയ ഉടമ്പടിയിലായിരിക്കുന്ന നമുക്ക് ദൈവത്തെ സ്തുതിച്ചുകൊണ്ടിരിക്കുവാൻ കഴിയും. സർവ്വശക്തനായ ദൈവത്തിലുള്ള സജീവ വിശ്വാസത്തിൽ നിന്നുളവാകുന്ന സ്തുതിയാണിത്.

" മരണനിഴലിൻ താഴ്വരയിലൂടെ നടക്കുമ്പോഴും നാം ഒരു ദോഷവും ഭയപ്പെടുകയില്ല."എന്തുകൊണ്ടെന്നാൽ സ്വർഗീയ പിതാവിൽ നിന്ന് അനുവാദം വാങ്ങാതെ നമ്മുടെ ഒരു മുടി പോലും ശത്രുവിന് സ്പർശിക്കുവാൻ കഴിയുകയില്ല എന്നതിനാൽ തന്നെ. യേശുവിനെപ്പോലെ തന്നെ നമ്മുടെ ശത്രുക്കളോട് നമുക്കും പറയുവാൻ കഴിയും, "സ്വർഗ്ഗത്തിൽ നിന്നു തന്നിട്ടില്ലാതെ നിനക്കെന്റെ മേൽ ഒരധികാരവും ഇല്ല"യെന്ന് (യോഹ.19:11). അതിനാൽ സ്വയസഹതാപത്തിനോ, മറ്റാരെക്കുറിച്ചോ, മറ്റെന്തിനെക്കുറിച്ചോ ഉള്ള പരാതിക്കോ നമ്മിലിനി ഇടമില്ല.

ഒരു ഉപമ ഞാൻ പറയാം.'സത്യം' 'വിശ്വാസം' 'അനുഭവം' എന്നീ മൂവരും കൂടി ഒരു ഉയർന്ന മതിലിന്റെ മീതെ കൂടി നടക്കുകയായിരുന്നു. ഒട്ടും ചാഞ്ചല്യമില്ലാതെ സത്യം മുമ്പോട്ട് നടന്നുകൊണ്ടേയിരുന്നു. വിശ്വാസം സത്യത്തെ പിന്തുടർന്നു. സത്യത്തിൽ തന്റെ ദൃഷ്ടി ഉറപ്പിച്ചിരുന്നിടത്തോളം സമയം കുഴപ്പം കൂടാതെ വിശ്വാസവും മുമ്പോട്ട് പോയി. ഇടയ്ക്കു വച്ച് വിശ്വാസത്തിനൊരു ചിന്താഭാരമുണ്ടായി. 'അനുഭവ'ത്തിനെന്തു പറ്റി? തെറ്റി വീഴാതെ അവനും നടന്നുവരുന്നുണ്ടോ? ഉത്കണ്ഠാഭരിതനായി 'വിശ്വാസം' അനുഭവത്തെ കാണാൻ തിരിഞ്ഞുനോക്കി. തന്റെ സന്തുലിതാവസ്ഥ നഷ്ടപ്പെട്ട് കാലിടറി 'വിശ്വാസം' താഴേക്ക് വീണു.'വിശ്വാസം' നിലംപതിച്ചതോടെ പാവം 'അനുഭവവും' താഴേക്ക് വീണു.

തന്നിലേക്കു തന്നെ നോക്കുവാനുള്ള ശക്തിയായ പരീക്ഷയുടെ മുമ്പിൽ ദൃഷ്ടി കർത്താവിൽ നിന്നു മാറിപ്പോകും. ദൈവത്തിന്റെ വചനത്തെ ഖണ്ഡിക്കുന്ന തെളിവുകളും അനുഭവങ്ങളും ഒരു മഹാ പർവ്വതമെന്നവണ്ണം നമ്മുടെ വിശ്വാസത്തിന്റെ മുമ്പിൽ തലയുയർത്തി നിൽക്കാം. ഈ സാഹചര്യത്തിൽ വിശ്വാസമോ പർവ്വതമോ ഏതെങ്കിലും ഒന്ന് മാറിപ്പോയേ തീരൂ.

നാം വിശ്വാസത്തോടെ മുമ്പോട്ട് പൊയ്ക്കൊണ്ടിരിക്കുക. അനുഭവത്തിനായി തിരിഞ്ഞുനോക്കേണ്ടതില്ല. അനുഭവം നിശ്ചയമായും പിന്നാലെ വന്നുകൊള്ളും.കാഴ്ചയാലല്ല,വിശ്വാസത്താലത്രേ ഞങ്ങൾ നടക്കുന്നത്(2കൊരി.5:7).

# മാതാപിതാക്കളും മക്കളും

പേജ് 21 ൽ നിന്ന് തുടർച്ച

ഹോദരീസഹോദരന്മാർ, ആണോ പെണ്ണോ, ജനിച്ചു വളർന്ന ദേശം/ രാജ്യം, മാതൃഭാഷ, ദേശീയസംസ്കാരം ഇവയെല്ലാം മാറ്റപ്പെടാൻ കഴിയാത്തവയാണ്; ശാരീരികമായ അവസ്ഥയിലും-സൗന്ദര്യം, ത്വക്കിന്റെ നിറം, പൊക്കം, വണ്ണം, ബൗദ്ധിക നിലവാരം, ആരോഗ്യസ്ഥിതി തുടങ്ങിയവ-നമുക്ക് സാരമായ വ്യത്യാസങ്ങൾ വരുത്താൻ കഴിയുകയില്ല. പ്രായം ചെല്ലുന്നതു മൂലമുണ്ടാകുന്ന വാർദ്ധക്യലക്ഷണങ്ങളും നമുക്ക് മാറ്റാവുന്നതല്ല.

ആകയാൽ കുടുംബപരം, ദേശീയം, ശാരീരികം, ബൗദ്ധികം എന്നിത്യാദി യാഥാർത്ഥ്യങ്ങളിൽ നിന്നും ഒളിച്ചോടാൻ ശ്രമിക്കരുത്; അവയെ സന്തോഷത്തോടെ സ്വീകരിക്കുവാൻ മനസ്സു വെക്കുകയാണ് വേണ്ടത്. ഇതിനുവിപരീതമായി പലരും മറ്റുള്ളവരുമായി സ്വയം താരതമ്യം ചെയ്യുകയും ഒരു തരം 'സ്വയം നിരാകരിക്കൽ'(self-rejection) മനോഭാവത്തിൽ എത്തിച്ചേരുകയും ചെയ്യാറുണ്ട്. അപ്രകാരം ചെയ്യുന്നതിലുടെ സത്യത്തിൽ അവർ തങ്ങളെക്കുറിച്ചുള്ള ദൈവിക പദ്ധതി അഥവാ ഡിസൈൻ ആണ് നിരാകരിക്കുന്നത്.

നാം ഓരോരുത്തരേയും അതിശയകരമായും അതുല്യരായും ദൈവം സൃഷ്ടിച്ചിരിക്കുന്നുവെന്ന് തിരുവചനം വ്യക്തമാക്കിയിരിക്കുന്നു. "നീയല്ലോ എന്റെ അന്തരംഗങ്ങളെ നിർമ്മിച്ചത്; എന്റെ അമ്മയുടെ ഉദരത്തിൽ നീയെന്നെ മെടഞ്ഞു. ഭയങ്കരവും അതിശയവുമായി എന്നെ സൃഷ്ടിച്ചിരിക്കയാൽ ഞാൻനിനക്കു സ്തോത്രം ചെയ്യുന്നു.6

ഇനി മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ നമുക്കെന്താണു ചെയ്യാനുള്ളതെന്ന് നോക്കാം. ആദ്യമേ മാതാപിതാക്കളായ നാം നമ്മെ സംബന്ധിച്ചുള്ള ദൈവത്തിന്റെ കുറ്റമറ്റ ഡിസൈൻ(പദ്ധതി) സന്തോഷത്തോടും നന്ദിയോടും കൂടെ സ്വീകരിക്കണം. അവിടുന്ന് സകലവും ദൈവമക്കളായ നമ്മുടെ പരമമായ നന്മയ്ക്കായി കൂടിവ്യപരിപ്പിക്കുന്നുവല്ലോ.7 അതിനു ശേഷം ഈ സത്യങ്ങൾ വിശ്വാസത്തോടും അധികാരത്തോടും കൂടി നമ്മുടെ മക്കൾക്ക് ചെറുപ്പം മുതൽക്കേ പഠിപ്പിച്ചുകൊടുക്കാൻ നമുക്ക് സാധിക്കും. നമ്മുടെ കുഞ്ഞുങ്ങൾഓരോരുത്തരും തങ്ങളെക്കുറിച്ചുള്ള സ്രഷ്ടാവായ ദൈവത്തിന്റെ ഡിസൈൻ തിരിച്ചറിഞ്ഞ് അവരവർ ആയിരിക്കുന്ന സ്ഥിതിയിൽ സ്വയം സ്വീകരിക്കുമ്പോൾ അവർക്ക് ആരോഗ്യകരമായ സ്വയംമതിപ്പ് കൈവരും; അതോടെ അപകർഷതാബോധമെല്ലാം അവരെ വിട്ടകന്നു പോകും. ഇക്കാര്യങ്ങളിൽ മക്കൾക്ക് ആവശ്യമുള്ള കൈത്താങ്ങലുകളും ഉപദേശങ്ങളും യഥാസമയം നൽകുക വഴി അമ്മയപ്പന്മാർ അവർക്ക് യഥാർത്ഥ സ്നേഹം നൽകുകയാണ് ചെയ്യുന്നത്.

**സംക്ഷേപം:** കുടുംബത്തിൽ ആരോഗ്യകരമായ സ്നേഹബന്ധങ്ങൾ നിലനിൽക്കണമെങ്കിൽ മാതാപിതാക്കൾ മക്കളോടൊത്ത് സമയം ചെലവഴിക്കയും അവർക്ക് വാത്സല്യം നൽകുകയും വേണം; അവർക്ക് ആവശ്യാനുസരണം പ്രോൽസാഹനവും അംഗീകാരവും നൽകാൻ മടിക്കരുത്; അപകർഷതാബോധത്തിൽ തളർന്നുപോകാതവണ്ണം സ്വയം സ്വീകരിക്കാനും മതിപ്പുണ്ടാകാനും കൈത്താങ്ങൽ നൽകണം. ഓരോ ക്രിസ്തീയ മാതാപിതാക്കളും മക്കൾക്ക് ഇവ്വിധം സ്നേഹം നൽകുന്നവരായിരിക്കണമെന്നാണ് നമ്മുടെ ദൈവം ആഗ്രഹിക്കുന്നത്.

**(തുടരും)**